# സമുദായബോധം.

39943

എടപ്പള്ളി ഉപസഭാഗ്രന്ഥാവലി നമ്പർ ൨.

# സമുദായബോധം

KUMARAMANDIRAM LIBRARY AYYANTHOLE, TRICHUR. NO 2/16

പ്രസാധകൻ

വി. എസ്. നാരായണൻ നമ്പൂതിരി.

PRINTERS:

THE MANGALODAYAM CO., LTD.

TRICHUR.

1092

*(Copy-right)*

വില 8 ണ.

# പ്രസ്താവന

ഇന്ത്യാരാജ്യനിവാസികളായ വിവിധസമുദായക്കാരുടെ ഇടയിൽ സമുദായാഭിവൃദ്ധിക്കുള്ള ആലോചനകളും ശ്രമങ്ങളും പ്രബലമായി നടന്നുവരുന്ന ഒരു കാലമാണല്ലൊ ഇത്. സമുദായപരിഷ്കരണത്തിനായി രാജ്യത്തെങ്ങും സഭകളും, പ്രസംഗങ്ങളും, പത്രങ്ങളും നിറഞ്ഞിരിക്കുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ഫലങ്ങളിലൊന്നായ ഈ സമുദായപരിഷ്കരണശ്രദ്ധ നമ്മുടെ കേരളഭൂമിയിലും പല സമുദായക്കാരുടേയും ഇടയിൽ പരന്നു കഴിഞ്ഞിരിക്കുന്നു. ഇങ്ങിനെ നാലുപുറത്തുമുള്ള എല്ലാം സമുദായക്കാരും സമുദായപരിഷ്കാരസൌധത്തിലേക്കു പടിപടിയായി കയറി വരുന്ന ഇക്കാലത്തു, അല്പം താമസിച്ചിട്ടെങ്കിലും, കേരളത്തിലെ പ്രധാനസമുദായക്കാരായ നമ്പൂതിരിമാരും തങ്ങളുടെ സമുദായത്തെ പരിഷ്കരിക്കുവാൻ ശ്രമം ചെയ്തു വരുന്നതിൽ ആൎക്കാണു സന്തോഷമുണ്ടാകാത്തത്? ആൎക്കാണ് ആഭിമുഖ്യം ജനിക്കാത്തത്?

സമുദായസംബന്ധമായ കാൎയ്യങ്ങളാലോചിക്കുവാനായി സഭകൾ കൂടുകയും പ്രസംഗിക്കുകയും പത്രങ്ങൾ നടത്തുകയും മറ്റുമാണ് സമുദായപരിഷ്കരണത്തിന്റെ പ്രാരംഭകൃത്യങ്ങളെങ്കിൽ കേരളബ്രാഹ്മണരായ നമ്പൂതിരിമാർ

സമുദായാഭിവൃദ്ധിക്കായി പരിശ്രമിച്ചു തുടങ്ങീട്ടു് ഉദ്ദേശം ഒമ്പതു സംവത്സരമേ ആയിട്ടുള്ളു എന്നു വേണം പറയുവാൻ. 1083 കുംഭത്തിൽ ആലുവായിൽ വെച്ചാരംഭിച്ചതും ഇന്നും യാതൊരു ന്യൂനതയും കൂടാതെ ക്രമേണ അധികമധികം അഭിവൃദ്ധിയോടുകൂടി നടന്നുവരുന്നതുമായ 'നമ്പൂതിരിയോഗക്ഷേമസഭ'യാണു് നമ്പൂതിരിമാരുടെ സമുദായാഭിവൃദ്ധിക്കുള്ള പ്രഥമ സ്ഥാപനമെന്നു നിസ്സംശയം പറയാം. ഈ മഹാസഭയ്ക്കു് ഈ ചുരുങ്ങിയ കാലത്തിനുള്ളിൽത്തന്നെ അനേകം സന്താനങ്ങൾ ഉണ്ടായിട്ടുള്ളതു വാസ്തവത്തിൽ അഭിമാനജനകമായ ഒരു സംഗതിയാണു്. ഇന്നു കേരളത്തിന്റെ നാനാഭാഗങ്ങളിലായി സ്ഥാപിച്ചു നടത്തപ്പെടുന്നവയായ മുപ്പതോളം ഉപസഭകൾ നമ്പൂതിരിയോഗക്ഷേമമഹാസഭയുടെ സന്തതികളാണു്. ഈ സഭാശിശുക്കളും ക്രമേണ വളർന്നുവന്നു മഹാസഭയുടെ ഉദ്ദേശങ്ങളെ സാധിപ്പിക്കുവാനുള്ള ശ്രമങ്ങൾ ചെയ്തു തുടങ്ങിയതായിക്കാണുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു.

മേല്പറഞ്ഞ ഉപസഭകളുടെ കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനത്തെ നിസ്സംശയം അർഹിക്കുന്ന എടപ്പള്ളി ഉപസഭയിൽ അനേകമഹാന്മാർ എഴുതി വായിച്ചവയായ ഏഴെട്ടുപന്യാസങ്ങളാണു് ഈ പുസ്തകത്തിലെ വിഷയം എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്പൂതിരിസമുദായത്തിന്റെ പ്രാചീനമായ ഉൽകർഷം, ഇപ്പോഴത്തെ അപകർഷം, അതിന്റെ പരിഹാരമാർഗ്ഗം മുതലായ വലിയ വിഷയങ്ങളെ നിരൂപണം ചെയ്തുകൊ

ണ്ടെഴുതീട്ടുള്ള പല ഉപന്യാസങ്ങൾ സ്വയമായിത്തന്നെ വായിച്ചറിയേണ്ടതാകയാൽ അതിനെപ്പററി ഇവിടെ ഒന്നും പറയുന്നില്ല.

കേരളത്തിൽ സാഹിത്യസംബന്ധമായും മററും നവനവങ്ങളായ പുസ്തകങ്ങൾ പുറപ്പെടുന്നതുപോലെ സമുദായസംബന്ധമായ പുസ്തകങ്ങൾ പുറപ്പെട്ടു കാണുന്നില്ല. സമുദായസ്ഥിതികളുടെ ജ്ഞാനം ആൎക്കും ഒഴിച്ചുകൂടാത്തതാകയാൽ ഈ വിഷയത്തിലും ധാരാളം പുസ്തകങ്ങൾ ഉണ്ടാകേണ്ടതാണ്. എല്ലാ സമുദായക്കാരും ഈ വിഷയത്തിൽ ശ്രമിക്കുന്നതു അത്യാവശ്യമാകുന്നു. കേരളത്തിലെ ഉൽകൃഷ്ട സമുദായക്കാരായ നമ്പൂതിരിമാരെസ്സംബന്ധിച്ചേടത്തോളം സമുദായബോധമെന്നു അന്വൎത്ഥമായ ഈ സമുദായപുസ്തകം പ്രഥമമോ പ്രധാനമോ ആണെന്നുള്ളതിന്നു സംശയമില്ല. ഈ പുസ്തകത്തിന്നും ഇതു പുറപ്പെടുവാൻ കാരണഭൂതന്മാരായവൎക്കും ഞാൻ സൎവ്വ വിജയങ്ങളും പ്രാൎത്ഥിച്ചുകൊള്ളുന്നു.

കെ. വി. എം.

# മുഖവുര.

നമ്പൂതിരിസമുദായത്തെ സംബന്ധിച്ചുള്ള കാര്യനിരൂപണം സമുദായസ്നേഹികളായ പല മാന്യന്മാരും ഓരോ അവസരത്തിൽ സഭകളിലും പത്രപംക്തികളിലും ആയി എഴുതി പ്രസിദ്ധം ചെയ്തു തുടങ്ങീട്ടു കുറച്ചു കാലമായി. എന്നാൽ, അവയിൽ നല്ലവയെ കൂട്ടിച്ചേർത്ത് ഒരു പുസ്തകമാക്കി ഇതേവരെ ആരും പ്രസിദ്ധം ചെയ്തതായി അറിയുന്നില്ല. ഈവിധമുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യവും ഔചിത്യവുമാണ് എന്നെ ഈ പുസ്തകത്തിന്റെ ആവിർഭാവത്തിന്നു ഒന്നാമതായി പ്രേരിപ്പിച്ചിട്ടുള്ളത്. പിന്നെ, 'യോഗക്ഷേമസഭ'യോടു എനിക്കുള്ള അതിയായ പ്രതിപത്തി ഈ പുതിയപ്രസിദ്ധീകരണത്താൽ ഈ ഉപസഭക്ക് ഉണ്ടാവുന്ന അഭിമാനം, ആദായം, സർവ്വോപരിയായി ഈ പുസ്തകപാരായണത്താൽ സമുദായാംഗങ്ങൾക്കു ഒരു പുതിയ ഉണർച്ച ഉണ്ടാകുമെന്നുള്ള എന്റെ ഉത്തമവിശ്വാസം എന്നിവകളും ഈ ഉദ്യമത്തിൽ പ്രധാനകാരണങ്ങളാകാതിരുന്നിട്ടില്ല.

ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ഉപന്യാസങ്ങളെല്ലാം ഈ സഭയുടെ പല യോഗങ്ങളിലുമായി വായിച്ചിട്ടുള്ളവയാണ്. എന്നാൽ, ഈ വിഷയത്തിൽ സമുദായസ്നേഹികളുടേയും മററു മാന്യന്മാരുടേയും സാഹായ്യസഹക

രണങ്ങൾ ധാരാളം ഉണ്ടെന്നു കണ്ടാൽ ഇനി ഇരിപ്പുള്ള നല്ലനല്ല ഉപന്യാസങ്ങൾ അടങ്ങിയ ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗവും വഴിയെ പുറത്തിറക്കുന്നതാണ്.

ഈ പ്രസിദ്ധീകരണത്തിന്നു അനുവാദം തന്ന സഭയോടും ഇതിൽ അടങ്ങിയ ഉപന്യാസങ്ങളെല്ലാംവഴിപോലെ പരിശോധിച്ചു നിറം പിടിപ്പിച്ചു തന്നിട്ടുള്ള മിസ്റ്റർ കെ. വാസുദേവൻ മൂസ്സതിനോടും വളരെ ഭംഗിയിൽ കൃത്യസമയത്തു പുസ്തകം അച്ചടിച്ചു തന്നിട്ടുള്ള 'തൃശ്ശിവപേരൂർ മംഗളോദയം' കമ്പനിക്കാരോടും എനിക്കുള്ള സീമാതീതമായ കൃതജ്ഞതയേയും ഈ അവസരത്തിൽ പ്രകാശിപ്പിച്ചുകൊള്ളുന്നു. ഈ പുസ്തകത്തിന്നു അനുരൂപമായ ഒരു പ്രസ്താവന എഴുതി തന്ന സാഹിത്യരസികനായ കെ. വി. എം. അവർകളോടു ഞാൻ പ്രത്യേകം നന്ദിയുള്ളവനായിരിക്കുന്നതാണ്.

എന്ന്

15—9—92
ഇടപ്പള്ളി

പ്രസാധകൻ
വി. എസ്സ്. നാരായണൻനമ്പൂതിരി

# വിഷയവിവരം


| | | ഭാഗം |
|---|---|---|
| ൧. | നമ്മുടെ തൽക്കാലസ്ഥിതി<br>പൂമുള്ളി ഇട്ടപ്പൻ നമ്പൂതിരിപ്പാട് | 1—16 |
| ൨. | നമ്മുടെ അലസത<br>എടപ്പള്ളി കൃഷ്ണരാജാ | 16—28 |
| ൩. | കേരളബ്രാഹ്മണരുടെ ഭരണസമ്പ്രദായം<br>പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ | 28—36 |
| ൪. | ഉത്സാഹം<br>എടപ്പള്ളി ഗണപതി രാജാ | 37—44 |
| ൫. | നവീനവിദ്യാഭ്യാസം<br>പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ചൻ | 44—6 |
| ൬. | സമയത്തിന്റെ വില<br>എടപ്പള്ളി നാരായണ രാജാ | 60—6 |
| ൭. | സഭയെപ്പറ്റി ചില ചിന്തകൾ<br>വി. എസ് നാരായണൻ നമ്പൂതിരി | 67—78 |
| ൮. | വിദ്യാഭ്യാസം<br>എടപ്പള്ളി ശങ്കരരാജാ | 78—85 |

# സമുദായബോധം.

## ൧. നമ്മുടെ തൽക്കാലസ്ഥിതി.

നമ്മുടെ സമുദായം പല പ്രകാരത്തിൽ കീൎത്തിപ്പെട്ടതും; ആ കീൎത്തി ഏതുകാലം മുതല്ക്കാണുണ്ടായിത്തുടങ്ങിയതെന്നു നിശ്ചയിക്കുവാൻ കഴിയാത്തവിധം അത്ര പുരാതനമായിട്ടുള്ളതും ആകുന്നു. നമ്മുടെ സമുദായക്കാർ ഈ കേരളദേശത്തു താമസം തുടങ്ങിയ നാൾ മുതൽ ഇതരസമുദായക്കാരിൽനിന്നു വിലക്ഷണങ്ങളായ അനേകം ഉൽക്കൎഷഹേതുക്കൾ അവൎക്ക് ഉണ്ടായിട്ടുണ്ട്. കേരളത്തിൽ പണ്ടു ഗ്രാമഭരണം നടന്നിരുന്ന കാലത്തു രാജ്യഭരണകാൎയ്യങ്ങൾക്കു കൂടി നമ്പൂതിരിമാർ നിപുണന്മാരായിരുന്നു എന്നും, രാജ്യഭാരം നടത്തുവാനുള്ള പെരുമാക്കന്മാരെ പരദേശങ്ങളിൽ പോയി തിരഞ്ഞുപിടിച്ചു കൊണ്ടുവന്നു കേരളത്തിൽ വാഴിച്ചിരുന്നു എന്നും മററും ചരിത്രപ്രസിദ്ധങ്ങളാണല്ലൊ.

നമ്മുടെ സമുദായത്തിന്ന് അസാമാന്യമായ ദ്രവ്യസമ്പത്ത് ഉണ്ടായിരുന്നു. എന്നുമാത്രമല്ല, നമ്മുടെ പൂൎവ്വന്മാർ വിദ്യയെ സൎവ്വാത്മനാ ആദരിച്ചുകൊണ്ടിരുന്നു. ലോകമെങ്ങും കീൎത്തി നേടിയ വിദ്വാന്മാർ, സന്ന്യാസിമാർ, കവികൾ മുതലായവർ ഈ സമുദായത്തിൽ അനവധി പേർ ഉണ്ടായിരുന്നു.

പഴയ കാലത്തെ ഈ ഉൽകർഷത്തിന്നു കാരണം വിദ്യാസമ്പത്തും ദ്രവ്യസമൃദ്ധിയും ആണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അക്കാലത്തെ വിദ്യാഭ്യാസം അന്നത്തെ ജനസമുദായത്തിൻേറയും ഭരണകൎത്താക്കന്മാരുടേയും സ്ഥിതിക്കു വളരെ യോജിച്ചിരിക്കയാൽ നമ്മുടെ സമുദായത്തിൻെറ ഐശ്വൎയ്യത്തിന്നു യാതൊരു വിഘ്നവും ഉണ്ടായിരുന്നില്ല. ഇങ്ങിനെ വളരെ കാലം കഴിഞ്ഞപ്പോൾ കാലത്തിൻേറയും ദേശത്തിൻേറയും സ്ഥിതികൾ വ്യത്യാസപ്പെടുവാൻ തുടങ്ങി. എങ്കിലും ഈ വ്യത്യാസത്തിന്നനുസരിച്ചു നമ്മുടെ സമുദായത്തിൽ വിദ്യാഭ്യാസത്തിന്നാവട്ടെ മറ്റേതെങ്കിലും സംഗതികൾക്കാവട്ടെ യാതൊരു മാറ്റവും വന്നില്ല. കാലത്തിൻെറ തിരിച്ചിൽ സാവധാനത്തിലാകയാൽ കുറെ സമയത്തേയ്ക്കു അതുകൊണ്ടു പറയത്തക്ക കോട്ടങ്ങളൊന്നും സമുദായത്തിന്നു സംഭവിച്ചില്ല. പിന്നെ കാലവ്യത്യാസത്തിൻെറ ഓരോ ഫലങ്ങൾ ക്രമേണ കണ്ടുതുടങ്ങുകയും സമുദായത്തിൽ ഓരോ ദോഷങ്ങൾ നേരിടുകയും ചെയ്തു. കാലത്തിന്നൊത്ത വിദ്യാഭ്യാസം സമുദായത്തിൽ നടപ്പാവായ്കയും തന്മൂലം പൂൎവ്വസ്വത്തുക്കളെ രക്ഷിച്ചുപോരുവാൻ കഴിയായ്കയും ആണ് ഇതിന്നുള്ള കാരണം. ഇങ്ങിനെയാണെങ്കിലും പൂൎവ്വന്മാരുടെ സമ്പാദ്യത്തെ കരുതി കൃതാൎത്ഥരായിരുന്ന നമ്മൾ എത്രയും അടുത്ത കാലം വരെയും നമ്മുടെ നാലു പുറവും നടക്കുന്ന സംഗതികളെ അറിയുകയോ അറിവാൻ ശ്രമിക്കയോ ഉണ്ടായിട്ടില്ലാ.

## യോഗക്ഷേമസഭ.

ഇങ്ങിനെ വളരെ കാലമായി ഗാഢനിദ്രയെ അനുഭവിച്ചുംകൊണ്ടിരുന്ന നമ്മുടെ പുതുതായ ഉണൎച്ചയ്ക്കു് അരുണോദയമായിത്തിൎന്നതു 'യോഗക്ഷേമസഭ'യാണെന്നു സമ്മതിക്കാതെ കഴികയില്ല. ഈ സഭയുടെ ഉത്ഭവം 1083-ാമാണ്ടു് കുംഭമാസം 18-ാംനു-യാണെന്നു് എല്ലാവരും അറിയുമല്ലൊ. ഈ സഭയുടെ പേരിനു മദ്ധ്യത്തിൽ വെച്ചു് ഒരു മാററം സംഭവിച്ചുവെങ്കിലും 'കേരളീയബ്രാഹ്മസമാജം' എന്നുള്ള പേരോടുകൂടി ഇപ്പോഴും ഇതു മുടങ്ങാതെ നടന്നുവരുന്നുണ്ടു്. ഇക്കഴിഞ്ഞ ആറു കൊല്ലങ്ങൾക്കുള്ളിൽ ഈ സഭ മുഖേന നമ്മുടെ സമുദായത്തിന്നുണ്ടായിട്ടുള്ള പല കാൎയ്യങ്ങളും പ്രസ്താവയോഗ്യമാകുന്നു. ഒന്നാമതു രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി പാൎക്കുന്ന നമ്പൂതിരിമാർ എടയ്ക്കെടയ്ക്കു തമ്മിൽ കാണുവാനും, സമുദായസംബന്ധമായ കാൎയ്യങ്ങളെപ്പററി ആലോചിക്കുവാനും, ആ വഴിയ്ക്കു ഐകമത്യത്തെ പ്രബലപ്പെടുത്തുവാനും ഈ സഭ കാരണമായി. ഇപ്പോൾ പ്രബലമായി നടന്നുവരുന്നതും എല്ലാജനങ്ങളും അത്യുൽക്കണ്ഠയോടുകൂടി പ്രതീക്ഷിച്ചുവന്ന കൊച്ചി ജന്മികുടിയാൻ കാൎയ്യത്തിൽ ത്രിവിധകരണങ്ങളെക്കൊണ്ടും യത്നിച്ചതുമായ കൊച്ചിജന്മിസഭയും ഈ സഭയുടെ സന്തതികളിലൊന്നാണു്. ചുരുക്കിപ്പറയുന്നതായാൽ, യോഗക്ഷേമസഭയെ കന്യാകുമാരിമുതൽ കാഞ്ഞിരോടു പുഴവരെയുള്ള കേരളഭൂമിയെ അന്യോന്യം കൂട്ടിച്ചേൎക്കുന്ന ഒരു ചങ്ങലയായി കല്പിക്കാം. പ

ല ദിക്കിലും നടത്തിവരുന്ന ഇതിൻെറ ഉപസഭകളെ ഇതിൻെറ കണ്ണികളായിട്ടും കല്പിക്കാം. ഇങ്ങിനെയുള്ള കണ്ണികളിലൊന്നിലാണ് നാമിപ്പോൾ കൂടിയിരിക്കുന്നതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സംഘബലം.

നമ്മുടെ സമുദായത്തിൻെറ സംഘബലം, വിദ്യാഭ്യാസം, അഭിവൃദ്ധിമാർഗ്ഗങ്ങൾ മുതലായി അനേകസംഗതികളെ നമുക്കിപ്പോൾ ആലോചിക്കേണ്ടിയിരിക്കുന്നു. പണ്ടത്തെ കാലത്തു നമ്പൂതിരിമാർ അനേകം ഗ്രാമങ്ങളിലായി അസംഖ്യം പേരുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ എത്രയും പരിമിതമായ ഒരു സംഖ്യകൊണ്ടു ഒതുങ്ങുന്നവർ മാത്രമേ ഉള്ളൂ. 1911-ൽ എടുത്ത കാനേഷുമാരി കണക്കുകൊണ്ടു ബ്രിട്ടീഷുമലബാറിൽ 19358-ം തിരുവിതാംകൂറിൽ 5105-ം, കൊച്ചിസ്സീമയിൽ 5520-ം മലയാളബ്രാഹ്മണർ ഉണ്ടെന്നു കാണുന്നു. അപ്പോൾ ഈ മൂന്നു രാജ്യത്തുംകൂടി ആകെയുള്ള സംഖ്യ 29983 മാത്രമാണല്ലൊ. ഈ സംഖ്യയെ 1901-ൽ എടുത്ത കണക്കിലെ സംഖ്യയോടു തട്ടിച്ചു നോക്കുമ്പോൾ അന്നത്തേക്കാൾ 88 പേർ മാത്രമേ ഇപ്പോൾ അധികമായി കാണുന്നുള്ളൂ. 1911-ലെ തിരുവിതാംകൂറിലെ സെൻസസ്സുകൊണ്ടു ആ രാജ്യത്തിൽ നിവസിക്കുന്ന പോററിമാരുടെ സംഖ്യ കൃത്യമായി കിട്ടാത്തതുകൊണ്ടു 1911-ലേയ്ക്കു കൂടുതൽകുറവ് അറിവാൻ സാധിച്ചിട്ടില്ല. 1911-ലേയ്ക്കു കേരളീയബ്രാഹ്മണസമാജത്തിൻെറ അംഗങ്ങളായി പോററിമാരും നമ്പൂതിരിമാരും കൂടി മല

യാളബ്രാഹ്മണർ 35203 മാത്രമാണെന്നു കാണുന്നുണ്ട്. മലയാളബ്രാഹ്മണർ ഇപ്പോഴത്തെ രീതിയിൽ തന്നെ അവരുടെ സമുദായത്തിലുള്ള വിവാഹനടവടിയെ അവലംബിക്കുന്നതായാൽ സംഘബലം ഉണ്ടാവാൻ മാൎഗ്ഗമില്ലല്ലോ.

## വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തെപ്പറ്റി നോക്കിയാൽ നമ്മുടെ ഉത്സാഹം വൎദ്ധിച്ചുവരേണ്ടതിന്നുള്ള സമയം വളരെ അതിക്രമിച്ചിരിക്കുന്നുവെന്നു കാണാം. 'ഇല്ലത്തുന്നിന്നു പുറപ്പെടുകയും ചെയ്തു, അമ്മാത്തൊട്ടെത്തിയതുമില്ല' എന്നമട്ടിൽ രണ്ടുമില്ലാത്ത നിലയിലാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ സ്ഥിതി. പ്രാചീനവിദ്യാഭ്യാസം മുക്കാലും നാമാവശേഷമായിത്തീൎന്നു; നവീനവിദ്യാഭ്യാസത്തിലേക്കു എത്തിക്കഴിഞ്ഞിട്ടില്ലതാനും. വേദം പഠിക്കുന്നവരുടേയോ, ശാസ്ത്രം വായിക്കുന്നവരുടേയോ ഒരു കണക്കു ആരും എടുത്തുനോക്കീട്ടില്ല. എഴുതുവാനും വായിക്കുവാനും അറിയുന്നവർ തന്നെ ആകെ 19358 ആളുകളുള്ള ബ്രിട്ടീഷുമലബാറിൽ 6689-ം തിരുവിതാംകൂറിൽ 1000-ത്തിന്നു 628 വീതവും കൊച്ചിസ്സീമയിൽ 1000-ത്തിന്നു 638 വീതവും മാത്രമേ ഉള്ളൂ. ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ സ്ഥിതി എത്രയോ പരുങ്ങലാകുന്നു. ബ്രിട്ടീഷുമലബാറിൽ ആകെ 407 ആൾക്കും തിരുവിതാംകൂറിൽ 1000-ത്തിന്നു 48 വീതവും കൊച്ചിയിൽ 1000-ത്തിന്നു 140 വീതവും പേൎക്കു മാത്രമേ ഇംഗ്ലീഷറിയുകയുള്ളൂ. കാലത്തിന്നനുസരിച്ചു വിദ്യാഭ്യാസത്തിൽ പ്രവേശിക്കുവാൻ മടി വിചാരിക്കുന്ന പ

ക്ഷം കാൎയ്യം അപകടത്തിൽ കലാശിക്കുവാനാണ് ഇടയു ള്ളത്. അതാതു കാലത്തിന്നനുഗുണമായ വിദ്യകളിൽ ഏൎപ്പെടാതെ ലോകത്തിൽ ഒരു സമുദായവും അഭ്യുദയ ത്തെ പ്രാപിച്ചത അറിവില്ല. നമ്മുടെ വിദ്യാഭ്യാസ ത്തെപ്പററി തിരുവിതാംകൂർ ദിവാൻജിയായ ദിവാൻബഹ ദൂർ രാജഗോപാലാചാൎയ്യരവർകൾ ഇങ്ങിനെ ഉപദേശി ക്കുന്നു:— "ഇംഗ്ലീഷുവിദ്യാഭ്യാസകാൎയ്യത്തിൽ നമ്പൂതിരി മാരുടെ ഔദാസീന്യത്തിന്നു കയ്യും കണക്കുമില്ല. ഇതാണ് അവൎക്കു സ്റ്റേററ് വക കാൎയ്യങ്ങളിൽ പ്രാമാണ്യം ദിനംപ്ര തി കുറഞ്ഞുവരുവാനുള്ള കാരണം. അവർ പാശ്ചാത്യരീ തിയിലുള്ള വിദ്യാഭ്യാസം കൈക്കൊള്ളുവാൻ അമാന്തിക്കു ന്ന കാലത്തോളം ഈ വിധം തന്നെ ഇരിക്കുവാനേ കാര ണമുള്ളതാനും. ഇംഗ്ലീഷുവിദ്യാഭ്യാസം നാട്ടിലൊക്കെ പ രന്നുവരുന്നു. വേറെയുള്ള വൎഗ്ഗക്കാരെല്ലാവരും അതു ധാരാ ളം പഠിക്കുന്നുണ്ടുതാനും. കേരളബ്രാഹ്മണർ മാത്രം ഈ കാൎയ്യത്തിൽ പിന്തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ നയം എ ത്രയും ദോഷമാണെന്നും എത്രകണ്ടു വേഗത്തിൽ ഇതിന്നു വേണ്ടി അവർ ആരംഭിക്കുന്നുവോ അത്രകണ്ട് അവൎക്കും സന്തോഷം ഗുണമായി വരുമെന്നും സ്വല്പമൊന്നാ ലോചിച്ചാൽ തന്നെ വ്യക്തമാകുന്നതാണ്." ഈ അഭി പ്രായം പറഞ്ഞ രാജഗോപാലാചാൎയ്യരവർകൾ കൊച്ചി യിലേയും, തിരുവിതാംകൂറിലേയും മലബാറിലേയും നമ്പൂ തിരിമാരുടെ ഗുണദോഷങ്ങളെ കണ്ടറിഞ്ഞിട്ടുള്ള ഒരാളാ കയാൽ അദ്ദേഹത്തിന്റെ അഭിപ്രായം വിലയേറിയതാ ണെന്നു നിസ്സംശയമായി പറയാം.

ജാത്യാചാരാദികളുടെ നിബ്ബന്ധം നിമിത്തം സാധാരണ വിദ്യാലയങ്ങളിൽ ചേൎന്നു പഠിക്കുവാൻ മടി വിചാരിക്കുന്ന നമ്മുടെ സമുദായക്കാരുടെ പ്രത്യേകോപയോഗത്തിന്നായി തിരുവിതാംകൂർ ഗവൎമ്മേണ്ടിൽനിന്നു ഒരു സ്കൂൾ ഏൎപ്പെടുത്തിട്ടുണ്ടല്ലൊ. ഈ സ്കൂളിൽ 87-ാം മാണ്ടിൽ 57 വിദ്യാൎത്ഥികളുണ്ടായിരുന്നു. ഇപ്പോൾ ഇതിൽ പുതുതായി രണ്ടാം ഫാറം ഏൎപ്പെടുത്തിയിരിക്കുന്നു. തിരുവിതാംകൂർ ഗവൎമ്മേണ്ടിന്റെ ഈ പ്രവൃത്തി ഏററവും അഭിനന്ദനീയമാണെന്നു മാത്രമല്ല, മററു ഗവൎമ്മേണ്ടുകളാൽ അനുകരണീയവുമാകുന്നു. എന്നാൽ വിദ്യാഭ്യാസകാൎയ്യം ഗവൎമ്മേണ്ടിന്റെ ചുമതലയിൽപ്പെട്ടതാണെന്നു മാത്രം കരുതി ഉദാസീനത വിചാരിക്കുന്നതു തെററാണ്. സമുദായത്തിൽ ധനികന്മാരായവർ സ്വന്തമായോ പ്രത്യേകം ഫണ്ടു ശേഖരിച്ചോ വിദ്യാഭ്യാസത്തിന്നു വേണ്ട ഏൎപ്പാടുകൾ ചെയ്യേണ്ടതാണ്. ആ വക ഏൎപ്പാടുകളെ ഗവൎമ്മേണ്ടിൽനിന്നു സഹായിക്കുമെന്നു തിരുവിതാംകൂറിലെ അനുഭവംകൊണ്ടു വിശ്വസിക്കാവുന്നതാണ്. ഈയവസരത്തിൽ ഇവിടെ കൂടിയിരിക്കുന്ന ഉപസഭയുടെ വകയായി ഇവിടെവെച്ചു നടത്തിവരുന്ന സ്കൂളിന്റെ പ്രവൎത്തകന്മാരെ അഭിനന്ദിക്കയും ഇതുപോലെയുള്ള ഉത്സാഹം എല്ലാവരിലും ഉണ്ടായിക്കാണുവാനായി ഈശ്വരനോടു പ്രാൎത്ഥിക്കയും ചെയ്യുന്നു.

നമ്പൂതിരിമാർ നവീനവിദ്യാഭ്യാസത്തിലെന്നപോലെ പ്രാചീനവിദ്യാഭ്യാസത്തിലും മടി വിചാരിക്കുന്നുവെ

ന്നു ഇതിന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. പൂൎവ്വകാലങ്ങളിൽ പല സ്ഥലങ്ങളിലും വിശിഷ്യ പ്രഭുക്കളായ പല നമ്പൂതിരിമാരുടെ ഇല്ലങ്ങളിലും കാവ്യശാസ്ത്രാദികൾ പഠിപ്പിക്കുവാനുള്ള ഏൎപ്പാടുകൾ ഉണ്ടായിരുന്നു. എന്നാൽ ആ സമ്പ്രദായം ഇപ്പോൾ തീരെ ഇല്ല എന്നു പറഞ്ഞുകൂടാ എങ്കിലും വളരെ ശിഥിലമായിരിക്കുന്നു, ഇനിയും ഇതിന്നു വേണ്ട ഏൎപ്പാടുകൾ ചെയ്യാത്ത പക്ഷം നമ്പൂതിരിമാരുടെ ഇടയിൽ വ്യുൽപ്പത്തിയുള്ളവർ വളരെ വളരെ കുറവായിപ്പോകും. ഇപ്പോൾ നാട്ടുകാരും ഗവൎമ്മേണ്ടുകാരും സൎവ്വകലാശാലക്കാരും സംസ്കൃതവിദ്യാഭ്യാസകാൎയ്യത്തിൽ ഉത്സാഹിച്ചുകൊണ്ടിരിക്കുന്നുണ്ടു. ഈ സ്ഥിതിക്കു പണ്ടൊരു കാലത്ത് പാണ്ഡിത്യംകൊണ്ടു പ്രസിദ്ധന്മാരായിരുന്ന നമ്പൂതിരിമാരുടെ ആധുനികസന്തതികൾ അലസന്മാരായിരിക്കുന്നതു ശരിയല്ല. നമ്പൂതിരിമാൎക്കു മാത്രം പഠിക്കുവാനായി സംസ്കൃതകോളേജുകൾ ഏൎപ്പെടുത്തുന്നതായാൽ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് ഈ മൂന്നു ഗവൎമ്മേണ്ടുകളിൽനിന്നും തക്കതായ സഹായധനം നൽകാതിരിക്കയില്ല. ഈ അവസരത്തിൽ തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ ചേൎന്നു പഠിക്കുന്ന നമ്പൂതിരിമാരെ അഭിനന്ദിക്കയും ഈ വിഷയത്തിൽ സമുദായനേതാക്കന്മാരുടെ ശ്രദ്ധ പതിയേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്യുന്നു.

### മൂലധനം.

വിദ്യാഭ്യാസത്തിന്നുള്ള ഏൎപ്പാടുകളിലേക്കു മൂലധനം എവിടെയെന്നുള്ള ചോദ്യം ഈ അവസരത്തിൽ അങ്കുരി

ക്കുവാനവകാശമുണ്ട്. ഇതിന്ന ദേവസ്വങ്ങളിൽ പതിവു ചിലവു കഴിച്ചു കൊല്ലംതോറും കെട്ടിയിരിപ്പുള്ള സംഖ്യയിൽനിന്ന ചിലവു ചെയ്യാമെങ്കിൽ എന്തു വൈഷമ്യമാണുള്ളതു? മലയാളത്തിൽ അനേകം ദേവസ്വങ്ങളിൽ വളരെ കെട്ടിയിരിപ്പുണ്ടെന്ന പറയേണ്ടതില്ലല്ലൊ. ദേവസ്വം ഫണ്ടുകൾ മതകാൎയ്യങ്ങൾക്ക മാത്രമുള്ളതാണെന്ന വാദിക്കുന്നവർ മദിരാശി ഹൈക്കോർട്ടു ജഡ്ജിയായിരുന്ന സർ. സുബ്രഹ്മണ്യയ്യർ ഇതിനിടയിൽ എഴുതിയ ലേഖനവും മദിരാശി എക്സിക്യൂട്ടിവ് കൌൺസിൽ മെമ്പറായ ബഹുമാനപ്പെട്ട ശിവസ്വാമി അയ്യരവർകൾ പച്ചപ്പാസ്സ് കോളേജിലെ ഒരു സഭയിൽ അഗ്രാസനാധിപത്യം വഹിച്ചു ചെയ്ത പ്രസംഗവും വായിച്ചു നോക്കട്ടെ. മദിരാശി സംസ്ഥാനത്തിലെ വലിയ ദേവസ്വങ്ങളിലൊന്നായ തൃപ്പതി ദേവസ്ഥാനത്തിൽ കൊല്ലന്തോറും ചിലവു കഴിച്ചു കെട്ടിയിരിപ്പുള്ള സംഖ്യയെ വിദ്യാഭ്യാസത്തിന്നുപയോഗിക്കേണമെന്ന ബഹുമാനപ്പെട്ട ടി. വി. ശേഷഗിരി അയ്യരവർകൾ കൊണ്ടുവന്നിട്ടുള്ള ബില്ലും ഈ അവസരത്തിൽ സ്മരണീയമാണ്. തൃപ്പൂണിത്തുറയിൽ ഇയ്യിടയിൽ സ്ഥാപിച്ചിട്ടുള്ള സംസ്കൃതകോളേജിലെ മൂലധനത്തിലേക്ക അവിടെയുള്ള സൎക്കാർ ദേവസ്വം ഫണ്ടിൽനിന്ന വലിയ ഒരു സംഖ്യ നീക്കി വെച്ചിട്ടുള്ളതും നോക്കുക. മലയാളത്തിലെ ദേവസ്വങ്ങളോടു നമ്പൂതിരിമാൎക്ക മററു സമുദായക്കാരെക്കാൾ അധികം സംബന്ധമുള്ളതുകൊണ്ടു നമ്പൂതിരിമാരുടെ വിദ്യാഭ്യാസത്തിന്ന ദേവ

സ്വം എന്നു മുതലായ ധൎമ്മസ്വത്തുക്കളെ ഉപയോഗിക്കുന്നതിൽ ഒട്ടും അനൌചിത്യമില്ല.

## വിവാഹം

നമ്മുടെ സമുദായത്തിന്റെ ഗാഢമായ ആലോചനയ്ക്കു വിഷയീഭവിക്കേണ്ട ചോദ്യങ്ങളിലൊന്നു വിവാഹവിഷയത്തിൽ വല്ല ഭേദഗതിയും വരുത്തേണ്ടതുണ്ടോ എന്നാണ്. ഈ ചോദ്യത്തിന്നു തക്കതായ ഒരു സമാധാനം കണ്ടുപിടിച്ചു നോക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എന്തെന്നാൽ സാധാരണയായി മററു സമുദായങ്ങളിലുള്ള സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടെ സംഖ്യയേക്കാൾ അധികമായിട്ടും ദുൎല്ലഭം ചിലരുടെ ഇടയിൽ സമമായിട്ടും കാണപ്പെടുന്നു. മലയാളബ്രാഹ്മണരുടെ ഇടയിലാകട്ടെ സ്ത്രീകളുടെ തുക പുരുഷന്മാരുടെ തുകയേക്കാൾ ഗണ്യമായ വിധത്തിൽ താന്നു നില്ക്കുന്നു. 1911-ലെ സെൻസസ്സുകൊണ്ടു ബ്രിട്ടീഷുമലബാറിൽ 19358 മലയാളബ്രാഹ്മണരുള്ളതിൽ 8801 സ്ത്രീകളും തിരുവിതാംകൂറിൽ ആയിരത്തിന്നു 768 സ്ത്രീകളും കൊച്ചിശ്ശീമയിൽ 1000 ത്തിന്നു 936 സ്ത്രീകളും വീതമാണ് കാണുന്നത്. ഇങ്ങിനെയുള്ള ദൈവകൃതമായ കാരുണ്യമുണ്ടായിട്ടും മലയാളബ്രാഹ്മണസ്ത്രീകൾക്കു ക്ഷമയോടുകൂടി സഹിക്കേണ്ടിവരുന്ന കഷ്ടങ്ങൾ അതായത് ആജീവബ്രഹ്മചൎയ്യാനുഷ്ഠാനത്തിലുള്ള ക്ലേശങ്ങൾ ഏതൊരു മനുഷ്യന്റെ ഹൃദയത്തെയാണ് പരവശമാക്കിത്തീൎക്കാത്തത്? ഏതൊരു ജാത്യഭിമാനിയുടെ ഹൃദയത്തെയാണ് ലജ്ജാസാഗരത്തിൽ

മുക്കിവിടാത്തത്? സ്വാത്മബുദ്ധിയില്ലാത്ത ഏവനും അവരുടെ ക്ലേശങ്ങളിൽ സന്തപിക്കാതിരിക്കയില്ല. നമ്മുടെ സമുദായത്തിൽ ഇരുപതു വയസ്സു കഴിഞ്ഞിട്ടും കൂടി അനവധി സ്ത്രീകൾ വിവാഹം കഴിയാതിരിക്കുന്നുണ്ടു്. മറ്റുള്ള ബ്രാഹ്മണരുടെ ഇടയിൽ ഈ പ്രായത്തിൽ നൂററിന്നൊന്നെങ്കിലും വിവാഹം കഴിയാതിരിക്കുന്നില്ല. മലയാളബ്രാഹ്മണസ്ത്രീകളിൽ വിവാഹം കഴിഞ്ഞിട്ടുള്ളവരിൽ തന്നെ സപത്നീദുഃഖം അനുഭവിക്കാത്തവർ വളരെ ചുരുക്കമാണ്. തങ്ങൾക്കു തോന്നുംവണ്ണം വിഷയസുഖം അനുഭവിച്ചു നടക്കുന്ന കൂട്ടർ തങ്ങളുടെ സഹോദരികളുടെ ക്ലേശങ്ങളെ അറിയാത്തതിൽ ആശ്ചര്യപ്പെടുവാനില്ല. കന്യകമാരുടെ വിവാഹകാലത്തെ തെററിക്കുന്നതായാൽ അവരിൽനിന്നു പിന്നീടുണ്ടാവുന്ന സന്താനങ്ങൾക്കും അവർക്കും ബലഹാനിയും അവരുടെ രക്ഷിതാക്കന്മാർക്കു മാനഹാനിയും ദൈവശാപവുമുണ്ടെന്നു വൈദ്യശാസ്ത്രവും ധർമ്മശാസ്ത്രവും ഘോഷിക്കുന്നു. ഈ വക ദോഷങ്ങൾക്കിടയാക്കാതെ കഴിക്കുവാൻ വേണ്ടി നമ്മളിൽ ജ്യേഷ്ഠപുത്രൻ മാത്രം വിവാഹം കഴിക്കുക എന്ന നടപ്പ് ഭേദപ്പെടുത്തേണമെന്നു ചില യോഗ്യന്മാർ അഭിപ്രായപ്പെടുന്നു. മുമ്പാഞ്ഞ രാജഗോപാലാചാര്യരവർകൾ ഈ വിഷയത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: ‘തറവാട്ടിൽ മൂത്ത മകൻ മാത്രം വിവാഹം കഴിക്കയും, ബാക്കിയുള്ളവരെ പുറത്തേക്കു തള്ളിവിടുകയും ചെയ്യുന്നതിന്റെ അർത്ഥം എന്താണ്? ഇങ്ങിനെ ചെയ്യുന്നതുകൊണ്ടു അവരുടെ സ്വത്ത് ഭാഗിച്ചുപോകാതെ ഒ

ന്നായിരിപ്പാൻ മാൎഗ്ഗമുണ്ടായേക്കാം. എന്നാൽ അതുകൊണ്ടു അനേകം ദോഷങ്ങൾ ഉണ്ട്. അതുകൾ ഗുണത്തെക്കാൾ അധികമായിട്ടാണ് ഇരിക്കുന്നത്. ഏററവും വലിയ ദോഷം എന്തെന്നാൽ അനേകകന്യകമാർ ആജന്മബ്രഹ്മചാരിണികളായി ഇരിക്കേണ്ടിവരുന്നു എന്നതാകുന്നു. ഇതുകൊണ്ടും ആയില്ല. കേരളബ്രാഹ്മണരുടെ ഇല്ലങ്ങൾ ദിനംപ്രതി എണ്ണത്തിലും വണ്ണത്തിലും കുറഞ്ഞു വരുന്നതും ഇതു നിമിത്തമാകുന്നു. എന്നാൽ ഒരു വൎഗ്ഗത്തിൽ അധികം ആളുകൾ ഉണ്ടാവുന്നതായാൽ ദാരിദ്ര്യം വന്നു ചേരുമെന്നും അവർ കേവലം വൃത്തിഹീനന്മാരായി ഭവിക്കുമെന്നും വാദിക്കുന്നവർ ചിലരുണ്ടായേക്കാം. പക്ഷെ എന്റെ അഭിപ്രായത്തിൽ ഈ സംഗതി കുറെ ഗുണമായിട്ടു കരുതേണ്ടതാകുന്നു. കാരണം ഈ വിധത്തിൽ പ്രവൎത്തിക്കുവാൻ കുറെ താല്പൎയ്യം ജനിക്കുമല്ലൊ. കേരളബ്രാഹ്മണൎക്കു പ്രവൃത്തി എടുക്കുവാനുള്ള മോഹമെ കാണുന്നില്ല. അവർ ഇഷ്ടംപോലെ പ്രവൎത്തിച്ചുകൊണ്ടു കേവലം മടിയന്മാരായി ദിവസം കഴിക്കുകയാണ് ചെയ്യുന്നത്.' കന്യകാദാനം വേണ്ടകാലത്തു കഴിയാതിരിക്കുവാൻ വേറെയും ചില കാരണങ്ങളുണ്ട്. അവയിൽ ഒന്നു സ്ത്രീധനത്തിന്റെ ആധിക്യമാകുന്നു. അതുകൊണ്ടു അനേകം കന്യാപിതാക്കന്മാർ കഷ്ടതയനുഭവിക്കുന്നുണ്ട്. 1088-ലെ 1-ാം റെഗുലേഷനായ തിരുവിതാംകൂറിലെ നായർ റെഗുലേഷനിൽനിന്നു ബ്രാഹ്മണരെ ഒഴിവാക്കീട്ടുണ്ടെങ്കിലും ഇപ്പോഴത്തെ നമ്മുടെ സമുദായനടവടിപ്രകാരം ജ്യേഷ്ഠപു

ത്രൻ മാത്രം സ്വജാതിയിൽനിന്നു വിവാഹം ചെയ്യുകയും ബാക്കിയുള്ളവരുടെ തൃതീയപുരുഷാർത്ഥം അന്യസമുദായസ്ത്രീകളെക്കൊണ്ടു നിവൃത്തിച്ചുവരികയും ചെയ്യുന്ന സ്ഥിതിക്കു തിരുവിതാംകൂറിലെ ഒരു ജ്യേഷ്ഠപുത്രനല്ലാത്ത മലയാളബ്രാഹ്മണൻ ഒരു നായർസ്ത്രീയെ ഭാര്യയായി സ്വീകരിക്കുന്നതിൽ തെറ്റു പറവാൻ പാടില്ലല്ലൊ. ജ്യേഷ്ഠപുത്രനു പുത്രനുണ്ടാവാഞ്ഞിട്ടോ ജ്യേഷ്ഠപുത്രൻ മരിച്ചിട്ടോ എട്ടോ പത്തോ കൊല്ലം ഇപ്രകാരം ദാമ്പത്യധർമ്മം അനുഷ്ഠിച്ച അനുജനും നായർജാതിയിലെ ഭാര്യയെ വിട്ടു സ്വന്തജാതിയിൽ വിവാഹം ചെയ്യേണ്ടതായിവരുമ്പോൾ മേൽപ്പറഞ്ഞ റഗുലേഷൻപ്രകാരം ഭാര്യക്കു കൊടുക്കേണ്ടതായി വരുന്ന ദ്രവ്യനഷ്ടം കാലക്രമേണ നമ്മുടെ സമുദായത്തെ നശിപ്പിക്കും. ബഹുമാനപ്പെട്ട കെ. പി. രാമമേനോൻ അവർകൾ മദിരാശി നിയമനിർമ്മാണസഭയിൽ 19[illegible]3 ആഗസ്റ്റ് 26-ാംനു- ഹാജരാക്കിയ വിവാഹദായബില്ലിനെപ്പററി ഇപ്പോൾ നടക്കുന്ന അഭിപ്രായതർക്കങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കുമല്ലൊ. ഈ ബില്ലുകൊണ്ടു പ്രത്യേകിച്ചു ബ്രാഹ്മണസമുദായത്തിനു വരുന്ന ദോഷങ്ങളെ നമ്മൾ നല്ലവണ്ണം ഭയപ്പെടേണ്ടതായി വന്നിരിക്കുന്നു. ഇതിലെ 11-ാം വകുപ്പിലെ വ്യത്യാസംകൊണ്ടു നമ്പൂതിരിമാരുടെ സ്വകാര്യസ്വത്തു മുഴുവൻ അന്യജാതിയിലെ ഭാര്യക്കു പോകുന്നു. ഭാര്യയുടെ സ്വത്തിൽ യാതൊന്നും നമ്പൂതിരിഭർത്താവിനില്ലതാനും. പിന്നെ വിസ്തരിച്ചു നിരൂപണം ചെയ്യുന്ന പക്ഷം ഈ ബില്ല

നമ്പൂതിരിസമുദായത്തെ നശിപ്പിപ്പാൻ കാരണമാകുമെന്നു കാണാം.

നായന്മാരുടെ വിവാഹനടവടിയിൽ കൊച്ചിരാജ്യത്തിലും എന്തെങ്കിലും ഒരു നിയമം വേണമെന്നുവെച്ചു ആ രാജ്യത്തിലെ തലവന്മാർ ശ്രമിക്കുന്നതായി നിങ്ങൾ അറിഞ്ഞിരിക്കാം. തിരുവിതാംകൂറിൽ 1088-ലെ 1-ാം റെഗ്ഗുലേഷനേക്കാൾ അധികം ദോഷമായിട്ടാണ് ബ്രിട്ടിഷിൽ കൊണ്ടുവന്നിരിക്കുന്ന നിയമം. ഈ അവസ്ഥയ്ക്കു കൊച്ചിയിൽ കൊണ്ടുവരുവാൻ പോകുന്ന നിയമത്തിന്റെ ദോഷം ഏകദേശം ഊഹിക്കാമല്ലൊ. മേൽപ്പറഞ്ഞപ്രകാരം മൂന്നു രാജ്യങ്ങളിലും കാലക്രമേണ നിയമം നടപ്പിൽ വരാതിരിക്കയില്ല. അതുകൊണ്ടു നമ്മുടെ സമുദായത്തിലെ സ്ത്രീകളുടെ കഷ്ടപ്പാടു വിചാരിച്ചാലും, പുരുഷന്മാരുടെ മാനഹാനി വിചാരിച്ചാലും, സമുദായത്തിന്നൊട്ടാകെ കാലക്രമത്തിൽ സംഭവിക്കാൻ പോകുന്ന ജനനാശം, ദ്രവ്യനാശം ഇതുകളെപ്പററി ആലോചിച്ചാലും, നമ്മുടെ സമുദായത്തിലെ ഇപ്പോഴത്തെ വിവാഹനടവടിയിൽ വല്ല ഭേദഗതിയും ചെയ്യാതെ നമുക്കു അഭിവൃദ്ധി മാർഗ്ഗം കാണുന്നില്ല.

## വ്യവസായം.

ധനികന്മാരായ നമ്പൂതിരിമാർ ഓരോവിധത്തിലുള്ള യന്ത്രശാലകൾ നടത്തിയും മററു വലിയ വ്യവസായങ്ങളിലേർപ്പെട്ടും ധനത്തെ ആദായകരമായവിധത്തിൽ പെരുമാറുന്നതായാൽ അതുകൊണ്ടു സമ്പത്തു വർദ്ധിക്കു

കയും മററുള്ളവക്ക് ഉപകാരമായിത്തീരുകയും ചെയ്യുമെന്നുള്ളതു ഇപ്പോൾ ആ വക വ്യാപാരങ്ങളിലേപ്പെട്ടിട്ടുള്ളവരുക്കം ചില മഹാന്മാരുടെ അനുഭവംകൊണ്ടു അറിയാമല്ലൊ. നമ്മുടെ നാട്ടിൽ വന്നു വലിയ വലിയ വ്യവസായങ്ങൾ നടത്തി അസംഖ്യം ധനലാഭം ഉണ്ടാക്കി അന്യനാട്ടിലേക്കു കൊണ്ടുപോകുന്ന വൈദേശികവ്യാപാരികളെപ്പോലെ നമ്മുടെ നാട്ടിലുള്ളവർകൂടി ശ്രമിക്കുന്നതായാൽ മാത്രമെ നാട്ടിലേക്കു ധനപുഷ്ടിവരുത്തുവാൻ സാധിക്കയുള്ളൂ. അതുകൊണ്ടു ധനികന്മാരായ നമ്പൂതിരിമാർ ഈ വിഷയത്തിൽ ഉദ്യമിക്കേണ്ടതാകുന്നു.

ഇനിയും എനിക്കു പല സംഗതികളും പറവാനുണ്ടായിരുന്നെങ്കിലും ഈ ഉപന്യാസം വളരെ ദീൎഘിക്കുമോ എന്നു ശങ്കിച്ചു ഇവിടെ ഉപസംഹരിക്കുവാനാരംഭിക്കുന്നു. ഈ അവസരത്തിൽ, പലപ്പോഴും സഭകൾകൂടി സമുദായക്ഷേമകരങ്ങളായ പല കാൎയ്യങ്ങളേയും ആലോചിച്ചും പ്രവൃത്തിച്ചും അത്യുത്സാഹം പ്രദൎശിപ്പിക്കുന്ന മഹാന്മാരെ അഭിനന്ദിക്കുകയും ഇവരുടെ ഉദ്യമങ്ങൾക്കു സൎവ്വവിജയങ്ങളും ആശംസിക്കുകയും ഇവരെപ്പോലെ എല്ലാ മഹാന്മാരും സമുദായോന്നതിക്കായി പരിശ്രമിക്കുന്നതായാൽ നമ്മുടെ സമുദായത്തിന്നു അചിരേണ എല്ലാ അഭിവൃദ്ധികളും വരാതിരിക്കയില്ലെന്നുള്ള എന്റെ അഭിപ്രായത്തെ സസന്തോഷം പ്രസ്താവിക്കുകയും ചെയ്യുന്നു.

പൂമുള്ളി ഇട്ട്യപ്പൻനമ്പൂതിരിപ്പാട്

# ൨. നമ്മുടെ അലസത.

അലസത എന്ന പദത്തിന്ന് അനേകം അൎത്ഥങ്ങൾ ഉണ്ടായിരിക്കാമെങ്കിലും, ഞാൻ ഇവിടെ പ്രധാനമായി അൎത്ഥംകൊടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു 'മടി' എന്നാകുന്നു. എന്തെന്നാൽ, മടി എന്ന പദം പ്രയോഗിച്ചാൽ അതിനെ വീണ്ടും ഒന്നുകൂടി വിശദീകരിക്കേണ്ട ആവശ്യം നേരിടുകയില്ലെന്നുള്ള ഉറപ്പുള്ളതുകൊണ്ടാകുന്നു.

മനുഷ്യരുടെ ഉന്നതിക്കു പ്രധാനഹേതു പ്രോത്സാഹമാണെന്നും അധോഗതിക്കു മുഖ്യകാരണം മടിയാണെന്നും എവൎക്കും അറിയാമല്ലൊ. മടി, അല്ലെങ്കിൽ തന്ദ്രി എന്താണെന്നു സൂക്ഷ്മമായി പൎയ്യാലോചിച്ചില്ലെങ്കിൽ, നാം കാൎയ്യകാരണങ്ങളെപ്പററി നിൎവ്വചിക്കുന്നതിൽ പലേ തെററുകളും വന്നേക്കാനിടയുണ്ട്. ബ്രഹ്മജ്ഞാനൈകനിരതന്മാരായ ഉത്തമബ്രാഹ്മണർ മുതൽ ചണ്ഡാളപൎയ്യന്തമുള്ള പലതരം മനുഷ്യശ്രേണിയിൽ ഈ ദോഷം എങ്ങിനെ കാണപ്പെടുന്നു എന്ന് അറിയേണ്ടതാണ്. ബ്രാഹ്മണസമുദായത്തിൽപ്പെട്ട മിക്കവരുടെയും ശ്രവണമനനനിദിദ്ധ്യാസനങ്ങളിൽ ശ്രദ്ധകൂടാതെ നടത്തുന്ന എല്ലാ പ്രവൃത്തികളിലും അങ്കുരിച്ചിരിക്കുന്നത് ഈ ദോഷത്തിന്റെ അംശമാണ്. നമ്മുടെയിടയിലുള്ള വിദ്യാൎത്ഥികളായ യുവാക്കൾ തങ്ങളുടെ വിദ്യാൎജ്ജനത്തിൽ മനസ്സുവെയ്ക്കാതെ അന്യകാൎയ്യങ്ങളിൽ പ്രവേശിച്ച് വൃഥാ സമയം കളയുന്നതിന്നും മുഖ്യകാരണം മടിതന്നെയാണ്. കൃഷി,

വ്യാപാരം മുതലായ പ്രവൃത്തികളിൽ നമ്മുടെ സമുദായത്തിന് ഉത്സാഹമില്ലാതാക്കിത്തീക്കുന്നതും, വല്ലവരും ഇതിലേയ്ക്കായി ഉദ്യമിക്കുന്നു എങ്കിൽ, അവർ നഷ്ടത്തോടും നിരാശയോടും പിൻമാറേണ്ടതായി പ്രായേണ കണ്ടുവരുന്നതിൻെറ അധിഷ്ഠാനമായ കാരണവും അശ്രദ്ധയും മടിയുമാണെന്നുള്ളതു സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ കാണാവുന്നതാണ്. അതിനാൽ മടി എന്ന പദത്തിനു ശുഷ്കാന്തിക്കുറവു എന്നോ ജന്മോദ്ദേശമായ കാൎയ്യം വിട്ട് ഇതരകാൎയ്യങ്ങളിൽ പ്രവേശിച്ച് അലഞ്ഞു തിരിയാൻ ഇടവരുന്നതുകൊണ്ടു ആലോചനക്കുറവെന്നോ, അല്ലെങ്കിൽ, കാൎയ്യാകാൎയ്യവിവേചനാശക്തിക്കുറവെന്നോ അൎത്ഥമാക്കാവുന്നതാണ്. പുരുഷപ്രാപ്തിയായി ലൌകികവ്യാപാരത്തിൽ പ്രവേശിക്കുമ്പോൾ, തൻെറ ജീവിതകാലത്തു തന്നിച്ഛ സമ്പാദിക്കേണ്ടതായ ഒരു കാൎയ്യം ഏവക്കും ഉണ്ടായിരിക്കേണ്ടതും ഉണ്ടാകുന്നതുമാകുന്നു. ഈ ഉദ്ദിഷ്ടകാൎയ്യത്തെ തീരെ വിസ്മരിച്ചും അശ്രദ്ധയോടുകൂടിയും പ്രവൎത്തിക്കുന്നതും മടികൊണ്ടു തന്നെ എന്നു വേണം പറയുവാൻ. നിഷ്ഫലമായ കാൎയ്യങ്ങളിൽ ജാഗ്രതയോടും, ശ്രദ്ധയോടും പരിശ്രമിക്കുന്ന ഒരുവനെപ്പററി ഒരു പ്രകാരത്തിലും ഉത്സാഹശീലൻ എന്ന ബഹുമാനപ്പേരു വിളിക്കാൻ പാടില്ല. ഒരുവൻ ശീട്ടുകളി, ചതുരംഗം, ചൂതുകളി മുതലായ അപായകരങ്ങളായ വിനോദങ്ങളിൽ രാപ്പകൽ വളരെ ആസക്തിയോടുകൂടി സമയം കളയുന്നതുകൊണ്ടു ഉത്സാഹമുള്ളവൻ എന്നോ അല്ലെങ്കിൽ സമൎത്ഥ

നെന്നൊ വരുന്നതല്ല. ഈ വക ദുർവ്യാപാരങ്ങളിൽ മനസ്സു വെച്ചു, തന്റെയും സമുദായത്തിന്റെയും കുഡുംബത്തിന്റെയും ശ്രേയസ്കരമായ മാൎഗ്ഗത്തിന്ന് ഒരു പ്രതിബന്ധമായി തീരുന്നതും മടിയുടെ പ്രധാനമായ ഒരു ലക്ഷണമാകുന്നു. ഉദ്ദേശം നടത്തുന്നതിൽ സംഭവിച്ചേക്കാവുന്നതായ തടസ്ഥങ്ങളെ നീക്കംചെയ്തു കാൎയ്യങ്ങൾ കൊണ്ടുപോകുന്നതിൽ കാണിക്കുന്ന വൈമനസ്യവും മടിയുടെ ഫലമാണ്. ഓരൊ ഉദ്ദിഷ്ടകാൎയ്യങ്ങളെ സാധിക്കുന്നതിന്നു ശരിയായും വേണ്ടതായും ഉള്ള മാൎഗ്ഗങ്ങളിൽ കൂടി പരിശ്രമിച്ച് അതിൽ വിജയം സമ്പാദിക്കുവാൻ കുറെ കായക്ലേശം വേണ്ടിവരുമെന്നു വിചാരിച്ചു താന്താങ്ങൾ തന്നെ ഓരൊ ഉപായങ്ങളെ കണ്ടുപിടിച്ചു തങ്ങളുടെ ഉററബന്ധുക്കളോടു പോലും ആലോചിക്കാതെയും അവരുടെ ഉപദേശങ്ങളെ കൈക്കൊള്ളാതെയും ആ വഴി പ്രവൎത്തിച്ചിട്ടു ഉന്നം തെററി, പിന്നീട് ആർ എങ്ങിനെ എത്ര തന്നെ നോക്കിയാലും നേർവഴിക്കു കൊണ്ടുവരാൻ പാടില്ലാതാകുന്ന ചില കൂട്ടരെ നമ്മുടെ സമുദായത്തിൽ ധാരാളം കാണുന്നുണ്ട്. അവൎക്കാണ് മൂൎത്തിമതിയായ മടിപ്പിശാചെന്നുള്ള ബഹുമാനപ്പേർ കൊടുക്കേണ്ടത്. ഇങ്ങിനെ ഓരോന്നായി പ്രത്യേകം പ്രത്യേകം ചൂണ്ടിക്കാണിച്ചു പറകയാണെങ്കിൽ അതുതന്നെ ഒരു പുസ്തകം ആക്കിത്തീൎക്കത്തക്ക വിധത്തിൽ ധാരാളം വിസ്തരിക്കാൻ വകയുണ്ട്. അതിനാൽ ഈ സംഗതിയിൽ നിന്നും തൽക്കാലം വിരമിച്ച് ഇനി ഈ മടിയുടെ ഉത്ഭവം എവിടെ നിന്നാണെ

ന്നും, അതിന്റെ കാരണമെന്താണെന്നും ഒന്നു ചിന്തിക്കു
ക തന്നെ. ഈ സംഗതിയിലും അനേകം കാരണങ്ങൾ
പറയാമെങ്കിലും, എല്ലാററിനേയും ഈ ചെറിയ ഉപന്യാ
സത്തിൽ പ്രതിപാദിക്കാൻ സാധിക്കാത്തതുകൊണ്ടു പ്ര
ധാനമായ ചിലതു മാത്രം താഴെ വിവരിക്കാം: —

1 നമ്മുടെ സമുദായത്തിലുള്ള പുരുഷന്മാർക്കു സമാവ
ർത്തനാനന്തരം കിട്ടുന്ന സ്വാതന്ത്ര്യം,

2 ചുമതലപ്പെട്ടതായ ജോലി ഒന്നും ഇല്ലായ്ക,

3 എവിടെ പോയാലും ഭക്ഷണത്തിനു ബുദ്ധിമുട്ടി
ല്ലായ്ക,

4 ദാനം മുതലായവകളിൽ നിന്നും ഉണ്ടാകുന്ന ആ
ദായം,

5 സകല ഹിന്തുക്കളിലും വെച്ചു ബ്രാഹ്മണസമുദാ
യം ഏററവും ശ്രേഷ്ഠമായിട്ടുള്ളതാണെന്നും, മറെറല്ലാ സ
മുദായങ്ങളും ഈ സമുദായത്തിന്റെ ആജ്ഞകൾ ഭയഭ
ക്തിപുരസ്സരം കൈക്കൊള്ളുമെന്നുമുള്ള ബോദ്ധ്യം തങ്ങൾ
ക്കു തന്നെ ഉണ്ടെന്നുള്ളതു്.

ഇതിൽ ആദ്യം പറഞ്ഞ കാരണത്തെ (സമാവർത്ത
നാനന്തരം കിട്ടുന്ന സ്വാതന്ത്ര്യത്തെ)തന്നെ ഒന്നാമതായി
വിമർശിച്ചു നോക്കുക. നമ്മുടെ സമാവർത്തനം വരെ, അ
ല്ലെങ്കിൽ നമുക്കു പ്രാപ്തി വരുന്നതുവരെ, നമ്മെ കൂട്ടിലട
ച്ച ഒരു സത്വത്തെപ്പോലെയാണ് വളർത്തി വരുന്നതു്.
എന്നുതന്നെയല്ല, അക്കാലങ്ങളിൽ നമുക്കുണ്ടായേക്കാവുന്ന
ഏററവും തുച്ഛങ്ങളായ ആഗ്രഹങ്ങൾക്കുകൂടി നമ്മുടെ കാര

ണവന്മാർ സാധിപ്പിക്കയില്ല; സ്വല്പമായ കാരണങ്ങൾക്കു കഠിനമായ ശിക്ഷകൾ നൽകുകയും ചെയ്യും. അതു ഹേതുവാൽ വല്ല വിധേനയും പുറത്താക്കി വിട്ടാൽ മതിയെന്നേ വിചാരമുണ്ടാകയുള്ളു. അപ്രകാരം തന്നെ സമാവർത്തനം കഴിഞ്ഞാൽ പിന്നെ അവൎക്കു ഇല്ലമെന്നൊ കാരണവന്മാരെന്നൊ ഉള്ള വിചാരം ഉണ്ടാകുന്നില്ലെന്നു തന്നെയല്ല, പിന്നീടു ഇല്ലം കണ്ടിട്ടു തന്നെ ഇല്ലാത്തവർ നമ്മുടെ ഇടയിൽ ഉണ്ടാകാതിരിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങിനെ വരുമ്പോൾ പിന്നെ ആരാണ് അവരെ ശാസിപ്പാനും, യഥാകാലം വേണ്ടതായ വിദ്യാഭ്യാസങ്ങൾ ചെയ്യിപ്പാനും? ആരുമില്ല. തങ്ങൾക്കു പ്രാപ്തിയായിട്ടുള്ളതുകൊണ്ടു തങ്ങൾക്കു തന്നെ വിദ്യാധനാൎജ്ജനത്തിൽ കുതൂഹലം ജനിക്കേണ്ടതു പോയിട്ടു, വേനൽക്കാലത്തു കായ പൊട്ടി കാററത്തു് ഉലഞ്ഞുതിരിഞ്ഞു് അങ്ങുമിങ്ങും പറന്നു നടക്കുന്ന പഞ്ഞിപോലെ യാതൊരു വ്യവസ്ഥയും കൂടാതെ നിൎവിചാരന്മാരായി നടക്കുകയല്ലെ ചെയ്യുന്നതു്? ഹാ കഷ്ടം! ഇങ്ങിനെയായാൽ പിന്നെ മടിയന്മാരായിതീരുന്നതിനു വേറെ വല്ലതും വേണ്ടതായിട്ടുണ്ടോ?

ഇനി ചുമതലപ്പെട്ട ജോലിയൊന്നും ഇല്ലായ്മ എന്നു രണ്ടാമതു പറഞ്ഞിട്ടുള്ള കാരണം മടിപ്പിശാചിനെ എത്ര ശുഷ്കാന്തിയോടുകൂടി സഹായിക്കുന്നുണ്ടെന്നു നോക്കാം. ഒരു മനുഷ്യനായിട്ടു ജനിച്ചാൽ എന്തെങ്കിലും ഒരു ജോലി ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. അതു നമ്മുടെയിടയിൽ വളരെ ദുല്ലഭവുമാണ്. ഒന്നാമതായി വേണ്ടതു

തന്റെ കുഡുംബഭരണമാണ്. അതിന്ന തരമില്ലെങ്കിൽ അന്യന്റെ കീഴിലെങ്കിലും ഒരു ജോലിയുണ്ടായിരിക്കണം. അതും പൂജ്യം തന്നെ. ഈ സംഗതിയിൽ നമ്മുടെ കാരണവന്മാരെത്തന്നെയെ കുററക്കാരാക്കാൻ നിവൃത്തിയുള്ളു. എന്തെന്നാൽ ഒരു തറവാട്ടിൽ ഒരാൾ മൂപ്പുസ്ഥാനം കയ്യേററാൽ പിന്നെ ആ വക സ്വത്തുക്കളെല്ലാം തന്റെ സ്വന്തമാണെന്നും അടുത്ത അനന്തരാവകാശികൾ പോലും തറവാടിനേയൊ സ്വത്തുക്കളേയൊ അല്ലെങ്കിൽ തന്നെ സംബന്ധിച്ചേടത്തോളമെങ്കിലുമോ യാതൊന്നു കൊണ്ടും ചേർന്നവരല്ലെന്നുമാണ് ആദ്യമായിത്തന്നെ വിചാരിപ്പാൻ തുടങ്ങുക. അത്രമാത്രവുമല്ല, മററുള്ളവർ ഇല്ലത്തേക്കു ചെല്ലുന്നതിൽ തന്നെ അത്ര സുഖവും വിശ്വാസവും ഇല്ലെന്നു നടിക്കയും ചിലപ്പോൾ പറകയും കൂടി ചെയ്യേക്കും. അങ്ങിനെ വരുമ്പോൾ മററുള്ള മെമ്പർമാർ, തറവാട്ടു സ്വത്തിനെപ്പററി സ്ഥായിയൊ കാരണവരെക്കുറിച്ചു ഭയഭക്തിയൊ ഇല്ലാതെ കാണുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? നേരെ മറിച്ച്, ഒരു തറവാട്ടിൽ നാലു മെമ്പർമാരുണ്ടെങ്കിൽ അവർക്ക്, ഓരോരുത്തർക്കും തറവാട്ടു സ്വത്തിനെ നാലായി വിഭജിച്ച്, അതൃത്തി നിശ്ചയിച്ച്, ഓരോ ഭാഗങ്ങളിലുള്ള കാര്യാന്വേഷണത്തിനു ചുമതലപ്പെടുത്തി, അതിന്റെ മേലന്വേഷണം മാത്രം കാരണവൻ വഹിക്കുന്നതായാൽ അനന്തരവർ മടിയന്മാരായിത്തീരാതിരിക്കയും, കാരണവർക്ക് അദ്ധ്വാനത്തിന്നു വളരെ ലാഭവും തറവാ

ടിന്നു വൃദ്ധിയും ഉണ്ടാകയും ചെയ്യും. എന്നുതന്നെയല്ല, കാരണവസ്ഥാനം ലഭിക്കുമ്പോൾ സാധാരണ കാണുന്നതുപോലെ കാര്യമെന്നുവെച്ചാൽ കറുത്തതോ വെളുത്തതോ എന്നു വിവരമില്ലാതെ വല്ലവരും പറയുന്നവയായ വാക്കുകളും ഉപദേശങ്ങളും രാജനിയമമായിട്ടു പരിണമിക്കാതിരിക്കുന്നതിന്നും, തൻെറ സ്വത്തുക്കൾക്കുള്ള അവകാശികൾ അന്യന്മാരായി പരിണമിക്കാതിരിക്കുന്നതിന്നും ഒരു കൈകണ്ട മരുന്നായി തീരുന്നതാണ്. ഈ വക സംഗതികൾ കാരണവന്മാർ ആലോചിക്കയൊ പ്രവൃത്തിക്കയൊ ചെയ്യുന്നില്ലാത്തതുകൊണ്ടാണു നമ്മുടെ കൂട്ടർ ഭൂരിപക്ഷവും മടിയിൽ മുങ്ങിക്കുളിച്ച്, ശീട്ടു,- ചെക്കു,- പാശി,- ചൂതു, മുതലായ ദുർദ്ദേവതകളെ വളരെ ഭക്തിപൂർവ്വം ആരാധിച്ചു തങ്ങളുടെ ജന്മം ഇഹത്തിന്നും പരത്തിന്നും ഉപയോഗമില്ലാതാക്കിത്തീർക്കുന്നത്. ഇതുകൊണ്ടു തന്നെയാണ് ഈ കാര്യത്തിൽ കാരണവന്മാരെത്തന്നെ ചൂണ്ടിക്കാണിച്ചു കുററം പറയേണ്ടിവരുന്നത്.

ഇനി മൂന്നാമതു പറഞ്ഞിട്ടുള്ള സംഗതി എത്ര വിലയുള്ളതാണെന്നു നോക്കാം. അതു ശരിതന്നെ. എന്തെന്നാൽ സകലരേയും പ്രയത്നശീലന്മാരാക്കിത്തീർക്കുന്നതു ക്ഷുൽപിപാസകളാണല്ലൊ. നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം മേൽക്കാണിച്ച സംഗതി അർത്ഥവത്തായിവരാൻ തരമില്ലാ. എവിടെ പോയാലാണു നമ്മുടെ കൂട്ടാളികൾക്കു കുക്ഷിപൂരണത്തിന്നു ബുദ്ധിമുട്ടേണ്ടിവരുന്നത്? ഒരിടത്തുമില്ലാ. 'ഗൃഹേ ഗൃ

ഹേ ഭോജനമാദരേണ' എന്നു പറഞ്ഞപോലെയാണ് സ്ഥിതി. വാരമായിട്ടും, ഉത്സവമായിട്ടും, അതിഥിപൂജയായിട്ടും — ഒന്നും പറയേണ്ട, ഇരിക്കുന്ന ദിക്കിലെല്ലാം എല്ലാത്തന്നെ. ഇപ്രകാരം പറഞ്ഞതുകൊണ്ടു മേൽപ്പറഞ്ഞ ധർമ്മവിഷയങ്ങൾ ചുരുക്കണമെന്നല്ല പറയുന്നത്. അത്യാവശ്യം വേണ്ടിവരുമ്പോൾ മാത്രമേ ഇവയെ ഉപയോഗപ്പെടുത്താവു എന്നും, മറ്റുള്ള സമയങ്ങളിലെല്ലാം തങ്ങളുടെ പ്രയത്നത്താൽ സമ്പാദിച്ചു തന്നെ ഉദരപൂരണം ചെയ്യേണ്ടതാണെന്നും, അങ്ങിനെ ചെയ്യുങ്കിലല്ലാതെ നമ്മൾ അധ്വാനിക്കുന്നതിന്ന് നിർബ്ബന്ധിതന്മാരാകയില്ലെന്നും മാത്രമാണ്.

നാലാമതായി പറഞ്ഞിട്ടുള്ളത് അർത്ഥസമ്പാദനത്തിനുള്ള വഴിയെ കുറിച്ചാണല്ലോ. ഒരാൾക്കു ഭക്ഷണകാര്യം എളുപ്പത്തിൽ സാധിക്കുമെന്നിരുന്നാൽ പിന്നെ പ്രധാനമായ ചിലവുകളിൽ മുക്കാലേമുണ്ടാണിയും സാധിച്ചു എന്നുതന്നെ പറയാം. പിന്നിട്ട അത്യാവശ്യം വല്ല ചിലവുകളും വേണ്ടിവന്നാൽ അതുകൾ സാധിക്കേണ്ടതിലേക്കു വേണ്ടതിലധികം, മുൻകാലങ്ങളെ അപേക്ഷിച്ചു കുറവാണെന്നിരിക്കിലും, ദാനം മുതലായവകളിൽനിന്നും കിട്ടുന്നുണ്ട്. അങ്ങിനെ വരുന്ന സംഖ്യയിൽനിന്നും ഒരംശം തന്റെ ചിലവിലേക്കു ഉപയോഗപ്പെടുത്തി ബാക്കിയുള്ള സംഖ്യ ശീട്ട്, പാശി മുതലായ കച്ചവടങ്ങളിൽ ഇറക്കുന്നതുകൊണ്ടു അവർക്കാണ് നഷ്ടം! ഇങ്ങിനെ എളുപ്പത്തിൽ പുരുഷാർത്ഥങ്ങൾ സാധിക്കാമെങ്കിൽ പിന്നെ ആ

രെ കൂട്ടാക്കണം? കരുത്തരേയും മോന്തേണ്ടതന്നെയല്ല, വല്ല ദിക്കിലും ചുരുണ്ടുകൂടി രാപ്പകൽ ഭേദംകൂടാതെ ഉറങ്ങുന്നതുകൊണ്ടു അത്ഭുതപ്പെടുവാനുണ്ടോ.! ഇതിൽപരം മടിപിടിക്കുന്നതിന്നു വല്ലതും ആവശ്യമുണ്ടോ?

ഇത്രയും കഴിഞ്ഞാൽ പിന്നെ മനുഷ്യനു ആവശ്യമുള്ളത് മരണം എന്ന ഒരവസ്ഥമാത്രമാണ്. അതു ജന്മനാ ഉണ്ടായാൽ പിന്നെ സകലവും സാധിച്ചു എന്നു പറയുന്നതിൽ എന്താണു വൈഷമ്യം? പക്ഷെ ഈ ഒടുവിൽ പറഞ്ഞിട്ടുള്ള കാരണം തന്നെയാണു ശേഷം നാലു കാരണങ്ങൾക്കും അടിസ്ഥാനമായിട്ടുള്ളതെന്നും ഇതിനെ ഇതരസമുദായക്കാർ ഇപ്പോൾ എത്ര തുച്ഛമായിട്ടാണ് ഗണിച്ചുവരുന്നതെന്നും കുറെ ആളുകൾ മാത്രമെ അറിഞ്ഞിട്ടുണ്ടായിരിക്കയുള്ളു. അതിനാൽ, അല്ലയൊ സമുദായസ്നേഹികളായ മാന്യരേ, ഇതിനെപ്പറ്റി രണ്ടു വാക്കുകൂടി ഇവിടെ പ്രസ്താവിക്കേണ്ടതായിരിക്കുന്നു. നമ്മുടെ സമുദായത്തിൽ ചിലൎക്കെല്ലാം ഇപ്പോഴും കൃതയുഗംതന്നെയാണെന്നാണു വിചാരം. അന്യസമുദായത്തിൽപ്പെട്ട നാലുപേർ ഒരു ദിക്കിൽ ചേൎന്ന് വല്ല നേരമ്പോക്കുകളും സംസാരിക്കയാണെങ്കിൽ അവൎക്കു വിഷയം നമ്പൂരിമാരും അവരുടെ ജീവിതസമ്പ്രദായങ്ങളും ആയിരിക്കും. ഇതിനെ എനിക്കുതന്നെ പല തവണയും കേൾക്കാൻ ഇടവന്നിട്ടുണ്ട്. അപ്പോളെല്ലാം അവർ പറയുന്നതിനെ തടുത്തുപറയുന്നതിന്നു വാസ്തവാവസ്ഥ എന്റെ വാക്കുകളെ വിരോധിക്കാറുള്ളതിനാൽ വളരെ സങ്കടപ്പെട്ടിട്ടുമുണ്ട്.

എന്തിനധികം പറയുന്നു? ഇതിനെ റിക്കാട്ടുമൂലം തന്നെ ദൃഷ്ടാന്തപ്പെടുത്താവുന്നതാണല്ലൊ. മിസ്റ്റർ ഒ. ചന്തുമേനവൻ എഴുതിയിട്ടുള്ള ഇന്ദുലേഖതന്നെ ധാരാളം മതിയല്ലൊ. അതിൽ കൃത്രിമമായ ഒരു നമ്പൂരിപ്പാട്ടിലെ ക്ഷണിച്ചുവരുത്തി എന്തെല്ലാം വിഡ്ഢിത്തമാണു പ്രവർത്തിപ്പിച്ചിട്ടുള്ളതു! ചുരുക്കി പറയുന്നതായാൽ ആ വിദ്വാൻ ഇന്ദുലേഖയുടെ ഒരു കളിക്കരങ്ങുതന്നെ! ഇതിലധികം എന്താണു നമ്മുടെ സമുദായത്തിനൊട്ടുക്ക് ആക്ഷേപകരമായിട്ടു വേണ്ടതു! ഈ ഒരു ചെറിയ സമുദായം കഴികെ എത്ര കോടി ജനങ്ങളും, എത്ര വർഗ്ഗക്കാരും ഈ ഭാരതഖണ്ഡത്തിൽ ഉണ്ടു! അവയിൽ ഏതെങ്കിലും ഒരു വർഗ്ഗത്തിൽ പെട്ട ഒരാളുടെ പേരുകൊണ്ടു ആ കഥ മുഴമിപ്പിച്ചിരുന്നു എന്നു വരികിൽ എന്താണുപോരാത്തത്? അങ്ങിനെ ചിരിക്കെ ഒരു നമ്പൂരിയെത്തന്നെ ഭിരുവേഷം കെട്ടിച്ചതു എന്തിനാണെന്നും, ഇതു മനഃപൂർവ്വം ചെയ്തതാണൊ എന്നും മാത്രമെ ആലോചിക്കാനുള്ളു. എന്തിനു മിസ്റ്റർ ചന്തുമേനവനെമാത്രം അപരാധിയാക്കുന്നു. നവീനമായി വല്ല കഥാപുസ്തകങ്ങളും മലയാളത്തിൽ എഴുതുന്നു എങ്കിൽ അതിലെല്ലാം ഹാസ്യരസപ്രധാനമായ ഒരു പാത്രം ആവശ്യമായി വരുമ്പോൾ അത് ആരാണു വേണ്ടതെന്നുള്ള ആലോചന തന്നെ ആവശ്യമില്ല; നമ്പൂരിയുണ്ടല്ലൊ! വാസ്തവം പറയുന്നതായാൽ അതു നമ്മുടെ കുറ്റംകൊണ്ടാണെന്നു തന്നെയേ പറയാൻ തരമുള്ളു. നമുക്കും മറ്റു സമുദായങ്ങളിൽ ഉള്ളതുപോലെ നവീനവി

ദ്ദ്യാഭ്യാസവും, പരിഷ്കാരവും, ലോകപരിചയവും ഇല്ലെന്നുള്ളതല്ലെ കാരണം? അതുമല്ല, നമ്മാം എന്തുതന്നെ പറഞ്ഞാലും ഒന്നിനും പുറപ്പെടുന്നവരല്ലെന്നും മടിയന്മാരാണെന്നും മററുള്ളവൎക്കു നാം തന്നെ നല്ല ഉറപ്പു കൊടുത്തിട്ടുമുണ്ടു. ഇപ്രകാരം നമ്മെ ഹസിക്കുന്നതുകൊണ്ടു നമുക്കു നൈരാശ്യമുണ്ടായി നമ്മുടെ ഇടയിലും നവീനവിദ്യാഭ്യാസം സിദ്ധിച്ചു പരിഷ്കൃതരീതിയിലുള്ള പന്ഥാവിൽകൂടി ജീവിതം നയിക്കാൻ സംഗതി വരുത്തുന്നു എങ്കിൽ മേൽപ്പറഞ്ഞ പരിഹാസങ്ങൾ ഒരനുഗ്രഹമായിട്ടുതന്നെ വിചാരിക്കാം.

ലോകചക്രത്തിൻെറ തിരിച്ചിൽതന്നെ പരിഷ്കാരപ്പെട്ടിരിക്കുന്ന സ്ഥിതിക്കു നാം മാത്രം എന്തിനിങ്ങിനെ മൌഢ്യത്തെ അവലംബിച്ചിരിക്കുന്നു? സൎക്കാരുദ്യോഗം, കൃഷി,കൈത്തൊഴിൽ,കച്ചവടം,മുതലായതിൽ എന്തുകൊണ്ടു നമുക്കും പ്രവേശിപ്പാൻ പാടില്ലാ? നമ്മുടെ അനുഷ്ഠാനങ്ങൾക്കു വിരോധം കൂടാത്ത രീതിയിൽ നമുക്കും പിടിച്ചു കയറാൻ നോക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. പക്ഷെ അതിനുള്ള വഴി എല്ലാവരും അറിഞ്ഞിരിക്കുമെന്നു വിചാരിപ്പാൻ പാടില്ലാ. അറിവുള്ളവർ അതിനെ തങ്ങളുടെ അനുഷ്ഠാനംകൊണ്ടും പ്രസംഗങ്ങൾകൊണ്ടും മററുള്ളവൎക്കു അറിയിച്ചുകൊടുക്കേണ്ടതാണ്. അപ്രകാരം ചെയ്യാതെ ഈ വക കാൎയ്യങ്ങളിൽ വൈമനസ്യം കാണിക്കുന്നതാണ് എല്ലാത്തരം മടികളിലും വെച്ചു വലിയ മടി! ഒരു സമുദായത്തിൻെറ ഉന്നതിക്കു് അതിലെ

അംഗങ്ങൾ എത്രത്തോളം കാലോചിതമായ വിദ്യാഭ്യാസത്തിൽ പരിശ്രമശീലന്മാരായും, ധനാഢ്യന്മാരായും തീരുന്നുവൊ, അത്രത്തോളം ആ സമുദായം ശ്രേഷ്ഠതയിലും ശ്രേയസ്സിലും ആകുന്നതാണ്. ഒരു സമുദായത്തിന്റെ ധനപുഷ്ടിയെ ആശ്രയിച്ചാണ് ആ സമുദായത്തിന്നു ഇതരസമുദായങ്ങളുടെയിടയിൽ ഉള്ള ബഹുമാനവും പദവിയും. ധനപുഷ്ടി ഉണ്ടാകുന്നതിൽ ഒരു സമുദായം പരിശ്രമിക്കേണ്ടതും അതിന്നുതകുന്നതായ പന്ഥാക്കളിൽ ആ സമുദായം പ്രവേശിക്കേണ്ടതുമാകുന്നു. അങ്ങിനെ പ്രവേശിക്കുന്നതിൽ ഏതു സമുദായം അലസത കാണിക്കുന്നുവൊ, ആ സമുദായം ന്യായമായി ലഭിക്കാവുന്ന ആദായങ്ങളെ പ്രജ്ഞയോടുകൂടി ഉപേക്ഷിക്കയാണെന്നു തന്നെ പറയാം. ഇതു വലുതായ നാശത്തിന്നു ഇടയുണ്ടാക്കി തീക്കുന്നതാണ്. ഇതിന്നു പ്രധാനമായ കാരണം കൃഷി, കച്ചവടം, ബാങ്ക്, സക്കാർ ജീവനം മുതലായ ചില ഉയൎന്നതരം തൊഴിലുകളിൽ പ്രവേശിപ്പാനുള്ള മടിയാണെന്നു എവക്കും അറിയാവുന്നതാണ്. ആ വക തൊഴിലുകളിൽ പ്രവേശിക്കുന്നതു നിന്ദ്യമല്ലെന്ന് ഏതു സമുദായം സമ്മതിക്കുന്നുവൊ ആ സമുദായം ആ വക തൊഴിലുകൾ ഉത്തമരീതിയിൽ നടത്തുന്നതിന്നു വേണ്ടതായ നവീനശാസ്ത്രങ്ങൾ അഭ്യസിക്കുന്ന വിഷയത്തിൽ അമാന്തിച്ചി കാണിക്കുമെന്നു തോന്നുന്നില്ല. ഈ തൊഴിലുകളെ പ്പററി സമ്പാദിക്കേണ്ടതായ അറിവ് ഇതരഭാഷകളിൽ നിന്നും വേണ്ടതായിട്ടിരിക്കുമ്പോൾ ആ ഭാഷ പഠിച്ചു

ടെന്നു നിഷ്കർഷിക്കുന്നതു സമുദായത്തിന്നു ദോഷവും അ നിഷ്കർഷയിൽത്തന്നെ ഇരിക്കുന്നതു മടിയുടെ പ്രത്യേകലക്ഷണവും ആകുന്നു. അതിനാൽ എല്ലാം കാര്യങ്ങളിലും ശ്രദ്ധാപൂർവ്വം ശ്രമിക്കുന്നത് ഗുണവും അതിന്നു പരിശ്രമിക്കാതിരിക്കുന്നതു മടിയും ആകുന്നു.

അല്ലയൊ സമുദായനേതാക്കന്മാരെ, നാം നമ്മുടെ മടിയെപ്പററി സംക്ഷേപമായി വിവരിച്ചു, ഈ ചെറിയ ഉപന്യാസത്തിൻെറ ഫലമായിട്ടെങ്കിലും നമ്മുടെ ഇടയിൽ ഒരുണർച്ചയുണ്ടായിക്കാണുന്നതിന്നു സംഗതി വരുന്നതായാൽ അതു തന്നെയാണ് എൻെറ ഈ പ്രയത്നത്തിന്നുള്ള ചാരിതാർത്ഥ്യം.

എടപ്പള്ളി കൃഷ്ണരാജാ

---

## ൯. കേരളബ്രാഹ്മണരുടെ ഭരണസമ്പ്രദായം

മലയാളത്തിൽ എല്ലാം വിധത്തിലും പണ്ടു തന്നെ ബ്രാഹ്മണരാണല്ലൊ ഉൽകൃഷ്ടമുള്ളവർ. അവർ തങ്ങളുടെ സ്വത്തിനേയും കുഡുംബത്തേയും ഭരിച്ചുവരുന്ന സമ്പ്രദായത്തെപ്പററിയാകുന്നു ഞാൻ അല്പം പറയാൻ പോകുന്നതു. അവരുടെ സ്വത്തു പ്രധാനമായി ഭൂസ്വത്താകുന്നു. ആ ഭൂസ്വത്തിൻെറ ഭരണം ഇപ്പോൾ അത്ര തൃപ്തികരമായിരിക്കുന്നില്ല. അധികം പ്രായേണ തങ്ങൾ കൈവശം വെക്കുന്നില്ല. കുടിയാന്മാരെ ഏല്പിച്ചു കൊടുക്കുന്നു. അ

വൎക്ക ഒററി, കാണം, പണയം, വെറുമ്പാട്ടം മുതലായി പലെ അവകാശങ്ങളും ഏല്പ്പെട്ടിരിക്കുന്നു. ഭൂമിയെ ഭരിക്കുന്നത് അതിന്മേലുള്ള ആദായത്തെ എടുക്കുന്നതുകൊണ്ടു മാത്രം തൃപ്തികരമാവുന്നതല്ല. അതിന്മേൽനിന്നു ആദായം കിട്ടുവാനുള്ള മാൎഗ്ഗത്തെ കൂടി പ്രവൎത്തിക്കണം. ഭൂസ്വത്തു കൈവശമുള്ളതു കുടിയാന്മാൎക്കാകുന്നു. അപ്പോൾ ജന്മികൾ എന്നു പറയുന്ന ബ്രാഹ്മണൎക്ക അതിന്മേൽ എന്തു പ്രവൎത്തിപ്പാൻ കഴിയും? പ്രവൎത്തിക്കും? ഭൂമികളിൽ ക്രമമായി വളം ചേൎക്കുക, കൃഷിക്കു വേണ്ടുന്ന വെള്ളം ശേഖരിക്കുക, സമയത്തു കൃഷി ചെയ്യുക, അതിന്നുള്ള സാധനങ്ങളേയും വേലക്കാരേയും ശരിയായും നല്ലതായും സമ്പാദിക്കുക, തോടു, പുഴ മുതലായതുകളെക്കൊണ്ടു ഉപദ്രവം വരാതെ കെട്ടുകൾ തീൎക്കുക, അതുകളിലെ വെള്ളം കൃഷിക്കുപയോഗപ്പെടുത്തുക — ഈ വക അനവധി കാൎയ്യങ്ങൾ ഭൂസ്വത്തു ഭരണത്തിൽ ചെയ്യേണ്ടതാണല്ലൊ. കൈവശം ഭൂമി ഇല്ലാത്തവർ ഇത് എങ്ങിനെ ചെയ്യും? ഭൂമി കൈവശം വെച്ചിരിക്കുന്ന കുടിയാന്മാരാണു പിന്നെ ചെയ്യേണ്ടതു. അവരും ഇക്കാൎയ്യത്തിൽ അത്ര ശ്രദ്ധിക്കുന്നില്ല. ഭൂമിയുടെ ഉടമസ്ഥത ജന്മിക്കാണല്ലൊ. അതിനെ ഇഷ്ടം പോലെ കുടിയാനോടു തിരികെ വാങ്ങുവാൻ ജന്മിക്കു കഴിവുണ്ടെന്നു വരുമ്പോൾ തല്ക്കാലത്തെ ഗുണത്തിന്നു വേണ്ടതു മാത്രമാണു കുടിയാൻ ചെയ്യുക. അതിനാൽ കുടിയാന്നു ഇക്കാൎയ്യത്തിൽ വേണ്ടത്തക്ക ഒത്താശകൾ ചെയ്തും വിശ്വാസത്തെ ജനിപ്പിച്ചും നടത്തിക്കുകയാണു ജന്മി

ചെയ്യേണ്ടത്. അധികലാഭം മോഹിക്കാതെ ചുരുങ്ങിയ പലിശയിന്മേൽ ഭൂസ്വത്തിനെ നന്നാക്കേണ്ടതിന്നു വേണ്ടത്തക്ക പണം കടം കൊടുക്കുക, അതുകൊണ്ടു ചെയ്യുന്ന പ്രവൃത്തിയിന്മേൽ ദൃഷ്ടി വെക്കുക, ഭൂമിയെ മാറി മാറി അന്യന്റെ കൈവശം പോകാതെ സൂക്ഷിക്കുക- ഈ വക ജന്മി ശ്രദ്ധയോടെ പ്രവൎത്തിക്കേണ്ടതാണ്. എന്നാൽ കുടിയാന്മാർ നല്ലവണ്ണം ഭരണത്തെ നടത്തുന്നതായിരിക്കും. അതിനാൽ ജന്മിക്ക് ആദായം വൎദ്ധിച്ചുവരുവാനും അവകാശമുണ്ട്. പശുവിനെ രക്ഷിക്കാതെ പാലും, നെയ്യും മോഹിക്കുന്നതുപോലെ ഭൂമിയെ രക്ഷിക്കാതെ ആദായത്തെ മോഹിക്കുന്നതു അനുചിതമാണല്ലോ.

പക്ഷെ ഇപ്പോഴത്തെ സമ്പ്രദായത്തിൽ ഭൂമി ഒഴിപ്പിച്ചെടുക്കേണമെന്നു വിചാരിക്കുമ്പോൾ കുടിയാന്നു അന്യായമായ ചമയവില കൊടുക്കേണ്ടിവരുന്നു. രാജകീയ നിയമവും അതിന്നനുകൂലമായിരിക്കുന്നു. ഒഴിപ്പിക്കുക തന്നെ വേണ്ടെന്നു വെച്ചാൽ കിട്ടാവുന്നേടത്തോളം ആദായം കിട്ടിപ്പിക്കാനും പ്രയാസമായിരിക്കുന്നു. ആ സ്ഥിതിക്ക് ഉത്തമമായ മാൎഗ്ഗം പാടുള്ളേടത്തോളം ഭൂമികൾ സ്വന്തകൈവശംവെച്ചു നേരിട്ടു കൃഷി നടത്തിക്കുന്നതാകുന്നു. കൃഷി ബ്രാഹ്മണർ സ്വന്തമായി ചെയ്യുന്നതിന്നല്ലാതെ ചെയ്യിക്കുന്നതിന്നു ധൎമ്മശാസ്ത്രവിരോധമില്ലെന്നാണ് അറിയുന്നത്. അല്ലെങ്കിൽ ആപദ്ധൎമ്മമായി കൃഷിയും ബ്രാഹ്മണന്നു വിധിക്കപ്പെടുന്നതാണല്ലോ. "കൃഷതോനാസ്തി ദുൎഭിക്ഷം" എന്നും മററും വചനങ്ങളും 'അ

യിരം വട്ടിയേക്കാൾ അരക്കററ് എന്നും മററും ചൊല്ലുക ളും ഉണ്ടല്ലോ. ഇങ്ങിനെ ഉത്സാഹിക്കുന്നതായാൽ അവ നവൻെറ സ്വത്ത് അവനവന്റെ കൈവശം നിന്നു വരുവാ നും അധികമായ ആദായം കിട്ടുവാനും തങ്ങളെക്കൊണ്ടു മററു അധികം ജനം ഉപജീവിപ്പാനും വഴിയുണ്ടെന്നുള്ളതു ഓൎമ്മ വെക്കേണ്ടതാണ്.* കുടിയാന്മാരുടെ കൈവശം നി ല്ക്കുന്ന ഭൂമികളിൽ വേണ്ടതാകുമ്പോൾ കുത്താശകൾ ചെയ്തുകൊ ടുക്കുകയും മററും ചെയ്യുന്നതെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈവണ്ണമായാൽ ഭൂസ്വത്തിന്നു രക്ഷയുണ്ടാവുന്നതാകുന്നു.

പിന്നെ വേണ്ടുന്നതു ഭൂസ്വത്തിനെ സംബന്ധിച്ച രേഖകളെ ശരിയായും ക്രമപ്പെടുത്തിയും വെക്കയാകുന്നു. ഒന്നാമതായി ഭൂസ്വത്തിനെ സൎവ്വെ ചെയ്യണം. പ്ലാനും റജിസ്റ്ററും തെയ്യാറാക്കി സൂക്ഷിക്കണം. ആധാരങ്ങളിൽ സൎവ്വെ സബ്ഡിവിഷൻ നമ്പ്രുകൾ തെററാതെ ചേൎക്ക ണം. സെററിൽമെണ്ടു ചെയ്തു ഭൂമിയുടെ തരം തിരിച്ചു ഒരു ക്ലിപ്തമായ നിശ്ചയത്തിന്നനുസരിച്ചു പാട്ടത്തേയും പൊളിച്ചെഴുത്തവകാശത്തേയും തിട്ടപ്പെടുത്തി സമയ ത്തിന്നു ആയതു വസൂൽ ചെയ്യണം. പാട്ടത്തിൻേറയും മററും കാൎയ്യത്തിൽ ലേലസമ്പ്രദായം അത്ര നന്നാവുന്നത ല്ല. ആയതുകൊണ്ടു ഭൂസ്വത്തിന്നു കേടു തട്ടുകയേ ഉള്ളൂ. കുടിയാന്മാരിൽനിന്നു പിരിഞ്ഞു കിട്ടുവാനുള്ള പാട്ടത്തി ന്നും മററും ശരിയായ കുറിക്കണക്കു വെക്കണം. തിരട്ടും കൊല്ലാരംഭത്തിന്നു മുമ്പു ബാക്കി കെട്ടി തയ്യാറാക്കണം. നാൾവഴിയും അതാതു സമയത്തന്നെ എഴുതണം. പിരി

യുന്ന മുതലിന്നു അപ്പോളപ്പോൾ അച്ചടിരശീതി കൊടുക്കണം. കുടിയാന്മാർ ഭൂമികളെ കൈമാറുന്നതായാൽ തിരട്ടിലും കുററിക്കണക്കിലും അപ്പോളപ്പോൾ തന്നെ ഭേദപ്പെടുത്തണം. നികുതി കൊടുക്കേണ്ടതിന്നും കൊടുക്കുന്നതിന്നും വേറെ തിരട്ടു വെക്കണം. കുടിയാന്മാരോടു നികുതി പിരിച്ചെടുക്കേണ്ടതിന്നു കുടിവിവരമായ കണക്കു തെയ്യാറാക്കണം. സ്വന്തം കൈവശമുള്ള ഭൂമികളുടെ വിളവിന്നും കൃഷിച്ചെലവിന്നും കൃത്യമായ കണക്കു വെക്കണം. അതിന്മേൽനിന്നു ചെലവു കഴിച്ചു കിട്ടുന്ന ആദായവും പാട്ടവും തമ്മിൽ ഉള്ള ഭേദത്തെ എളുപ്പത്തിൽ അറിവാൻ തക്ക കണക്കുകൾ ശേഖരിക്കണം. ആയതു ഭൂസ്വത്തിന്റെ പാട്ടം നിശ്ചയിക്കുന്ന കാര്യത്തിൽ അത്യന്തം ഉപകരിക്കുന്നതായിരിക്കും. അതിരളവു ചേർക്കുന്നതിൽ യാതൊരു ശ്രദ്ധയും ചെയ്യാതെ ഏതെങ്കിലും പഴയ ഒരു രേഖയെ നോക്കി ചേർത്തുവരുന്ന സമ്പ്രദായം നല്ലതല്ല. ആയതു പലപ്പോഴും വലുതായ അനർത്ഥങ്ങളെ ഉണ്ടാക്കും. ഈ ഉദാസീനത നിമിത്തം പല ജന്മികളും വളരെ വലിയ വ്യവഹാരങ്ങളിൽ തോററു പോയതായ ഉദാഹരണങ്ങൾ ധാരാളം ഉണ്ട്.

പിന്നെ ആകപ്പാടെ നോക്കുന്നതായാൽ മലയാള ബ്രാഹ്മണരുടെ ഇടയിൽ ഒരു തറവാട്ടിലുള്ള മാനേജ്മെണ്ടിനെ നടത്തുന്നതിൽ മാനേജർ മററു മെമ്പർമാരെ ചേർക്കാതെയും കാര്യങ്ങളെപ്പററി അവരോട് ആലോചിക്കാതെയും ഇരിക്കുന്നതുകൊണ്ടു വളരെ അപകടങ്ങൾ നേ

തിടുന്നുണ്ട്. പൊതുവിൽ ഭരണകാൎയ്യങ്ങളെപ്പററി എല്ലാ മെമ്പർമാരുംകൂടി ആലോചന ചെയ്യേണ്ടതാകുന്നു. കൊല്ലാരംഭത്തിൽ എല്ലാവരുംകൂടി ആലോചിച്ചു ഒരു ബഡ്ജററു തെയ്യാറാക്കുകയും അതിന്നനുസരിച്ചു കാൎയ്യങ്ങൾ നടത്തുകയും വേണ്ടതാകുന്നു. കൊല്ലാവസാനത്തിൽ കൊല്ലോട്ടു റിപ്പോർട്ടും, തെയ്യാറാക്കണം. അതിൽ ബഡ്ജററിൽനിന്നു ഭേദപ്പെട്ട ചില കാൎയ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്നുള്ള കാരണങ്ങളെ വിശദമായി കാണിക്കേണ്ടതാകുന്നു. പ്രത്യേകകാൎയ്യങ്ങളിലും മെമ്പർമാർ കൂടി ആലോചിക്കണം. ഇങ്ങിനെ ആയാൽ ഗൃഹച്ഛിദ്രത്തിന്നു വഴിയുണ്ടാകയില്ല. ഐകമത്യവും സ്വത്തും സുഖവും വൎദ്ധിക്കുകയും ചെയ്യും. എല്ലാ മെമ്പർമാൎക്കും തറവാട്ടു കാൎയ്യത്തിൽ ശ്രദ്ധയും ദൃഷ്ടിയും ഉണ്ടാവുന്നതു വലിയ ഗുണമായിരിക്കും. വലിയ ജന്മികൾക്കല്ലാതെ, അധികം കാൎയ്യസ്ഥന്മാരെ വെക്കേണ്ടുന്ന ആവശ്യമുണ്ടാകയില്ല. കാൎയ്യസ്ഥന്മാരെ വെക്കുന്നതിലും നല്ല പ്രാപ്തിയും വിശ്വസ്തതയും ഉള്ളവരെത്തിരഞ്ഞെടുത്തു വെക്കണം. അവൎക്കു തക്കതായ ശമ്പളം കൊടുക്കണം. എന്നാൽ ന്യായമായി പ്രവൃത്തി എടുക്കും. അന്യായമാൎഗ്ഗത്തിൽ സമ്പാദിപ്പാനുള്ള ശ്രദ്ധയുണ്ടാകയില്ല.

മലയാളബ്രാഹ്മണരുടെ ഇടയിൽ അവർ പണത്തിന്റെ ചിലവിൽ നിഷ്കൎഷ ചെയ്യുന്നതുപോലെ നെല്ല്, അരി മുതലായവകളുടെ ചിലവിൽ നിഷ്കൎഷ ചെയ്യുന്നില്ല. രണ്ടെണ്ണ കൊടുക്കേണ്ടുന്ന ദിക്കിൽ ആയതിന്നു മടിക്കു

ന്നു. അതുനിമിത്തം എട്ടണയുടേയൊ ഒരു ഉറുപ്പികയുടെ തന്നെയോ അരി ചിലവാകുന്നതിനെ അവർ ഓക്കുന്നില്ല. ഇതിന്റെ ഉദാഹരണങ്ങൾ ഏതു മലയാളബ്രാഹ്മണഗൃഹത്തിൽ നിന്നും ധാരാളം ഉണ്ടായിരിക്കും. പിന്നെ ലോകവാൎത്താപരിജ്ഞാനത്തിന്നും വിദ്യാഭ്യാസവിഷയത്തിന്നും ചിലവു ചെയ്യുന്ന കാൎയ്യത്തിൽ മക്കടമുഷ്ടിയെ വിട്ടു കുറച്ചുകൂടി കയ്യഴിക്കേണ്ടതാണ് എന്നു പറയേണ്ടതില്ലല്ലോ. എന്നിക്കു, യാതൊരധൈൎയ്യവും തോന്നുന്നില്ല. അത്യാവശ്യമല്ലാത്ത അടിയന്തരങ്ങൾക്കും സദ്യകൾക്കും കളികൾക്കും അധികച്ചിലവു ചെയ്യുന്നതിനെ ചുരുക്കി ഇക്കാൎയ്യത്തിൽ ചിലവഴിക്കുന്നതായാൽ അതു വളരെ വലിയ ഉപകാരമായിത്തീരും. പൊതുവിലുള്ള കാൎയ്യത്തിൽ ഇവർ പങ്കുകൊള്ളുന്നില്ലെന്നുള്ള പഴയ അപവാദവും തീരെ ഇല്ലായ്മ ചെയ്യേണ്ടതാകുന്നു. തങ്ങൾക്കു വരുന്ന ഉപദ്രവങ്ങളേയും അനൎത്ഥങ്ങളേയും അന്യന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതിൽ വൈമുഖ്യം കാണിക്കുന്നതുകൊണ്ടും വളരെ ദോഷങ്ങൾ വരുവാനുണ്ട്. ഈ വകകളെ പബ്ലിക്കായും രാജാവിങ്കലും രാജപ്രതിനിധികളിലും അറിയിക്കേണ്ടതാകുന്നു. അതിനാൽ ഉപദ്രവനിവൃത്തി ഉണ്ടാവാനിടവരും. ഇതും രണ്ടാംകാൎയ്യത്തിന്റെ ഒരംഗം തന്നെ.

വേലക്കാൎക്കും മററും കൂലികളും സമ്മാനങ്ങളും മററും കൊടുക്കുന്നതിൽ കണിശം കാണിക്കുന്നതിന്നു പകരം അവരെടുക്കുന്ന വേലകളിലും മററും അധികം ദൃഷ്ടിവെക്കു

ന്നതാണ് ഉചിതമായിരിക്കുക എന്നുകൂടി പറയേണ്ടിവന്നിരിക്കുന്നു. ഒരു കമ്പനിസ്ഥലത്തോ, തുറമുഖത്തോ മററൊ പോയി വേല എടുത്താൽ ഒരു ദിവസം ഒരുറുപ്പിക കൂലികിട്ടുന്ന ഒരു വേലക്കാരനും, ഒരു കേരളബ്രാഹ്മണഗൃഹത്തിൽ ഒരു ദിവസം പ്രവൃത്തി എടുപ്പിച്ചാൽ നാലണതന്നെ കൂലി കൊടുക്കേണ്ടതിന്നു മടിക്കുന്നതായി പലേ കേസ്സുകളും ഉണ്ട്. പക്ഷെ കമ്പനിസ്ഥലങ്ങളിലും മററും എടുക്കുന്ന പ്രവൃത്തിയേക്കാൾ നാലിൽ ഒരു ഭാഗം പ്രവൃത്തിമാത്രമേ അവൻ ഇവിടെ എടുത്തിട്ടുണ്ടായിരിക്കുകയുള്ളു; എങ്കിലും വേലക്കാരനു ഇതുകൊണ്ടു തൃപ്തി ഉണ്ടാകുന്നില്ല. അപ്പോൾ വേലക്കാരെ കിട്ടുവാനും പ്രയാസപ്പെടുന്നു. ഇതും ഭരണകാര്യത്തിൽ ആലോചിക്കത്തക്കതു തന്നെയാകുന്നു.

ഭൂസ്വത്തിനെപ്പററി പറഞ്ഞതിൽ മുഖ്യമായി നഞ്ചഭൂമിയുടെ കാര്യത്തെയാണല്ലോ എടുത്ത് കാണിച്ചിട്ടുള്ളത്. പുഞ്ചഭൂമികളുടെയും തരിശുഭൂമികളുടെയും തോട്ടങ്ങളുടെയും കാര്യത്തിൽ ദൃഷ്ടിവെക്കേണ്ടുന്നതായി പറയുവാനും വളരെയുണ്ട്. അതുകളെ ഇപ്പോൾ വിസ്തരിക്കുന്നില്ല. മററൊരവസരത്തിലേക്ക് നീത്തിവെക്കുന്നു. നിത്യോപയോഗമുള്ള വസ്തുക്കളെ വരുത്തി ശേഖരിച്ചു വെക്കുന്നതിന്നു വളരെ മനസ്സിരുത്തേണ്ടതാകുന്നു. പ്രായേണ കേരളബ്രാഹ്മണരുടെ ഗൃഹങ്ങൾ അധികം ഉള്ളത് നഗരങ്ങളിലും പട്ടണങ്ങളിലും സമീപിച്ചല്ല, ഉൾനാട്ടുകളിലാകുന്നു. അവിടങ്ങളിൽ ഈ വക സാമാന

ങ്ങൾ അന്നന്നു കിട്ടുവാൻ പ്രയാസമായിരിക്കും. തക്ക കടകൾ ഉണ്ടാകയില്ല. വിലയും വളരെ അധികം കൊടുക്കേണ്ടിവരും. ബുദ്ധിമുട്ടും നഷ്ടവും വരാതെ ഇരിക്കേണ്ടുന്നതിന്നു മുൻകൂട്ടി ആലോചിച്ച് സാധനങ്ങളെ ശേഖരിച്ചു വെയ്ക്കുന്നത് ഉപകാരവും ലാഭവും ആയിരിക്കും.

ഇപ്പോൾ പല കേരളബ്രാഹ്മണരുടെ ഗൃഹങ്ങളിലും ക്രമത്തിൽ ഭരണസമ്പ്രദായത്തിലുള്ള ന്യൂനതകൾ തീൎന്നുവരുന്നതായും കാണുന്നുണ്ട്. ആയതു സന്തോഷമേതു തന്നെ. എന്നാൽ അതിൽ തന്നെ ചിലരുടെ ഇടയിൽ പഴയ നല്ല നടവടികളിൽ വെറുപ്പു കാണുന്നു. അതു ശോചനീയമായിരിക്കുന്നു. പുതിയ പരിഷ്കാരങ്ങൾ എത്രതന്നെ വൎദ്ധിച്ചുവന്നാലും ഒരുകാലത്തും ഉപേക്ഷിക്കത്തക്കതല്ലാത്ത ചില പഴയ നടവടികൾ നൊമ്മളുടെ ഇടയിലുണ്ട്. അതുകൾ ഇഹലോകപരലോകങ്ങൾക്ക് ഒരുപോലെ ശ്രേയസ്കരങ്ങളാകുന്നു. അതുകൾ ഇന്നതെന്നും അതുകളുടെ ഗുണങ്ങളും വിസ്തരിക്കുക എന്നുവെച്ചാൽ വളരെ സമയം വേണ്ടിവരും. അല്പം ആലോചിക്കുന്നതായാൽ അതുകൾ സഹവാസികൾക്ക എളുപ്പത്തിൽ അറിയുവാൻ കഴിയുന്നതുമാണ്. അക്കാൎയ്യത്തിൽ ആ വക പഴയ നടവടികളെ വിട്ടുകളയാതെ സൂക്ഷിച്ചു രക്ഷിക്കേണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ കൂടി ഇവിടെ സൂചിപ്പിച്ചു എന്നെ ഉള്ളു

പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാ

# ൪ ഉത്സാഹം.

'ഉത്സാഹിനംപുരുഷസിംഹമുപൈതിലക്ഷ്മീർ-
ദൈവംപ്രമാണമിതികാപുരുഷാവദന്തി.'

ഉത്സാഹമാണു നമുക്കു പുരുഷാൎത്ഥസാധകമായിട്ടുള്ളതു്. ഉത്സാഹമില്ലാതെയിരുന്നാൽ ദൈവകാരുണ്യമുണ്ടാകയില്ലെന്നുതന്നെയല്ലാ, ദൈവകോപമുണ്ടായിരിക്കുകയും ചെയ്യും. തന്റെ പ്രവൃത്തിയെ അനുവൎത്തിക്കുന്നവരുടെ നേരെ തൃപ്തിയും അതിനെ നിഷേധിക്കുന്നവരുടെ നേരെ അതൃപ്തിയും തോന്നുന്നതു ലോകസാധാരണമാണല്ലൊ. അങ്ങിനെയിരിക്കെ ലോകരീത്യാ ആലോചിച്ചുനോക്കുന്നതായാൽ ദൈവകോപം വരാതെ നിവൃത്തിയില്ല. സദാ നിൎവ്വികാരനായി നിൎബ്ബാധമാംവണ്ണം യോഗനിദ്രയിൽ ലയിച്ചു പരമാനന്ദത്തെ അനുഭവിച്ചുകൊണ്ടിരുന്ന ആ ഈശ്വരൻ കല്പകാലത്തു ഉണൎന്നു മായാസമ്മിളിതനായി തീരുക തൽക്കാലം ഉണ്ടായ ദിവ്യോത്സാഹത്താൽ സകലപ്രപഞ്ചങ്ങളേയും അതായതു, പൃഥിവി തുടങ്ങിയ പഞ്ചഭൂതങ്ങളേയും അതിൽനിന്നു സകലലോകങ്ങളേയും, സകല ജീവജാലങ്ങളേയും, സകല സസ്യജാലങ്ങളേയും, സകല ലോഹജാലങ്ങളേയും, എന്നുവേണ്ട അനേകായിരം സംവത്സരം പഞ്ചപ്രാണങ്ങളേയും അടക്കി പ്രപഞ്ചം മുഴുവനും ജ്ഞാനദൃഷ്ടിയിൽ നിൎത്തി വിമൎശനം ചെയ്യുന്നവരായ മഹൎഷിമാരുടെ മനോദൎപ്പണത്തിൽപ്പോലും പതിഞ്ഞിട്ടില്ലാത്തതായ അനവധി

പദാൎത്ഥങ്ങളേയും സൃഷ്ടിച്ചിരിക്കുന്നു. അവയിൽ ഓരോ ന്നും അന്യോന്യം ഉപകാരമുള്ളതായിട്ടാണു നിൎമ്മിച്ചിട്ടുള്ള ത്. സകലത്തിനും വേണ്ട സൌകൎയ്യങ്ങളും കൊടുത്തി രിക്കുന്നു. ഇവയിൽ ഉത്തമസൃഷ്ടിയായിട്ടുള്ളതു മനുഷ്യ രാണെന്നുള്ളതിനു സംശയമില്ലാ. താൻ നിൎമ്മിച്ചിട്ടുള്ള ലോകം മുഴുവനും തന്റെ പ്രതിനിധിയുടെ സ്ഥാനത്തു നിന്നു ഭരിപ്പാനുള്ള ശക്തിയും വിശേഷബുദ്ധിയും കൊടു ത്തിട്ടുള്ളതു മനുഷ്യൎക്കാണല്ലൊ. അതിനാൽ ആരുടെ ദിവ്യോത്സാഹത്തിന്റെ ശക്തികൊണ്ടാണു തങ്ങൾക്കു ഈ ഗുണങ്ങളെല്ലാം സിദ്ധിച്ചിട്ടുള്ളതെന്നു മനുഷ്യൎക്കു മാ ത്രമെ ആലോചിച്ചു അറിവാൻ കഴികയുള്ളു. ഇങ്ങിനെ യിരിക്കുമ്പോൾ നാം കേവലം മൃഗങ്ങളെപ്പോലെ ആ പ്ര പഞ്ചകാരണഭൂതനായ ഈശ്വരനെ സ്മരിക്കാതേയും അ വിടെ ആദ്യമായി ഉണ്ടായിട്ടുള്ള ഉത്സാഹമെന്ന ധൎമ്മ ത്തെ അനുവൎത്തിക്കാതേയും ഇരുന്നാൽ അധോഗതിയ ല്ലാതെ മറെറന്തുഗതിയാണു? അതിനാൽ ഉത്സാഹംത ന്നെയാണു സൎവ്വസാധകമായിട്ടുള്ളത്. ഇനി നമ്മുടെ സ മുദായത്തിലേക്കു കടന്നുനോക്കുകതന്നെ.

നമ്മുടെ സമുദായത്തിന്റെ അവസ്ഥയെ കുറഞ്ഞ പക്ഷം കഴിഞ്ഞ ഒരു നൂറാണ്ടു കൊല്ലം വരേയും ഒന്നു ചെന്നു അന്വേഷിക്കാം. വിദ്യയുടെയും വിത്തത്തിന്റെ യും ദാരിദ്ര്യം നിമിത്തം എത്ര കഷ്ടപ്പാടുകളാണു് കെ ട്ടുപോയിരിക്കുന്നതു്! ഇങ്ങിനേ വരുന്നതു് നമ്മുടെ വംശ മതാചാരപരിഷ്കാരകന്മാരായ പരശുരാമൻ, ശങ്കരാചാ

ഷ്ഠർ മുതലായ മഹാന്മാർ തങ്ങളുടെ അത്യുത്സാഹ
ത്താൽ ഉയൎത്തിയ ശിഷ്യപരമ്പരകൾ സദാ സകല സ
മ്പത്സമൃദ്ധന്മാരായിരിക്കുന്നമെന്നു ഉദ്ദേശിച്ചു നമ്മുടെ ഇ
ടയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ഉത്സാഹമെന്ന ദേവതയെ
ഭക്തിയോടെ ഉപാസിക്കായ്കകൊണ്ടുതന്നെയാണെന്നാ
ണു വിചാരിക്കേണ്ടത്. എന്നാൽ നമ്മുടെ ഇടയിൽ
അവിടവിടെ നോക്കിയാൽ ഇപ്പോഴും പല വിദ്വാന്മാരെ
യും, പ്രഭുക്കന്മാരെയും കാണ്മാൻ കഴിയുമെന്നും, അവൎക്കു
ള്ള വിദ്യയും, ധനവും മറ്റും അവരുടെ ഉത്സാഹത്തി
ന്റെ ഫലമാണെന്നും, അതിനാൽ ഉത്സാഹം തീരെ വി
സ്മരിച്ചിട്ടില്ലെന്നുമാണു ചിലരുടെ അഭിപ്രായമെങ്കിൽ അ
തു സ്വാൎത്ഥോത്സാഹമാണ്; യഥാൎത്ഥോത്സാഹമല്ല. വ
ല്ല മുക്കിലും മൂലയിലും ഇരുന്നു തങ്ങളുടെ കാൎയ്യം മാത്രം
അന്വേഷിച്ചുകൊണ്ടിരിക്കുന്ന വിദ്വാന്മാരാകട്ടെ ധനവാ
ന്മാരാകട്ടെ ഉള്ളതും ഇല്ലാത്തതും കണക്കെപോലെ എന്നല്ലാ
തെ എന്താണു പറവാനുള്ളത്! ബാലന്മാർ എന്തുതന്നെ
തെറ്റുചെയ്താലും അവൎക്കു അതുകൊണ്ടൊരു പാപമൊ,
ജനങ്ങളുടെ ആക്ഷേപമൊ ഉണ്ടാവുന്നതല്ല. വിശേഷി
ച്ചും അവരുടെ കാരണവന്മാർ ആ ദോഷം അനുഭവിക്കാ
തെ കഴികയുമില്ല. ഒരു പുരുഷനെന്നു ഒരുവനെ പറയേ
ണമെങ്കിൽ ആദ്യമായി ബുദ്ധിക്കു തന്റേടം ഉണ്ടാകണം.
അതിലേക്കു വിദ്യാഭ്യാസമുണ്ടായിരിക്കണം. അതുകൊ
ണ്ടാണു ലൌകികമായും, വൈദികമായുമുള്ള എല്ലാ അറി
വുകളും ഉണ്ടാകുന്നത്. ഇതിന്റെ ശേഷമാണു ഇന്നി

ന്നതെല്ലാം പ്രവൎത്തിക്കാമെന്നും വയ്യെന്നും ഉള്ള ജ്ഞാനം ഉണ്ടാകുന്നത്. ഇതൊന്നും ഉണ്ടാകാതെ തൊണ്ണൂറു വയസ്സായാലും, നൂറു വയസ്സായാലും ആ പുരുഷനെ ബാലൻ എന്നു വിളിക്കുന്നതിൽ യാതൊരു വിരോധവും ഉണ്ടെന്നു തോന്നുന്നില്ല. അപ്പോൾ നമ്മുടെ സമുദായത്തിൽ നോക്കിയാൽ മുക്കാലേമുണ്ടാണിയും ബാലന്മാരെന്നുതന്നെ വേണം ഇപ്പോൾ പറവാൻ. അതിനാൽ സമുദായം മുഴുവൻ ഒരു കുഡുംബമായി വിചാരിക്കുകയും മുൻ വിവരിച്ചവരിൽനിന്നും ബാക്കിയുള്ള ആളുകളെ വൃദ്ധന്മാരെന്നൊ, അല്ലെങ്കിൽ കാരണവന്മാരെന്നൊ പറയുകയും ചെയ്യുന്നതായാൽ ഈ ബാലന്മാർ ചെയ്യുന്ന അപരാധം ഈ കാരണവന്മാരല്ലാതെ മററാരെങ്കിലും അനുഭവിക്കുമൊ? അതുകൊണ്ടു അവൎക്കു സമുദായസ്നേഹമുണ്ടെങ്കിൽ അവരെല്ലാവരും ഒത്തൊരുമിച്ചു അവിടവിടങ്ങളിലായി സാമുദായവിദ്യാഭ്യാസവും, നവീനവിദ്യാഭ്യാസവും നമ്മുടെ സമുദായത്തിലും വേണ്ടപോലെ പ്രചരിപ്പിക്കുന്നതിലേയ്ക്കായി പല പാഠശാലകളും, സ്കൂളുകളും സ്ഥാപിക്കുകയും വല്ല ആചാരക്രമംകൊണ്ടൊ, മററൊ പഠിപ്പിലേയ്ക്കു ഏതെങ്കിലും അസൌകൎയ്യമുണ്ടെങ്കിൽ അതു തീൎത്തുകൊടുത്തു അവരെ വേണ്ടപോലെ ഉത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

അവനവന്റെ ജീവിതം ഏവനും കഴിച്ചുകൂട്ടുവാൻ പ്രയാസമില്ല. വിശേഷജ്ഞാനമില്ലാത്ത പക്ഷിമൃഗാദികളുംകൂടി ആഹാരാദിചതുഷ്ടയത്തെ നിൎബ്ബാധമായി ന

ടത്തിക്കൊണ്ടു പോരുന്നുണ്ട്. അങ്ങിനെ ഇരിക്കുമ്പോൾ ഈ വിശേഷജ്ഞാനമുള്ള മനുഷ്യർക്കാണോ തങ്ങളുടെ സ്വാൎത്ഥം മാത്രം സാധിപ്പാൻ പ്രയാസം? സമുദായോന്നതിക്കു വേണ്ടി മഹാമനസ്കന്മാരുടെ ഉദാഹരണത്തെ മുൻനിൎത്തി ശ്രമിക്കുന്നവരുടെ ഉത്സാഹം മാത്രമേ ആ നാമത്തെ അൎഹിക്കുന്നുള്ളു. ഇപ്പോളുള്ള വിദ്വാന്മാരാകട്ടെ, പ്രഭുക്കന്മാരാകട്ടെ സ്വസമുദായത്തിലേക്ക് എന്തു ഗുണമാണു ചെയ്യുന്നത്? ഒന്നും ചെയ്യുന്നില്ല എന്നുതന്നെ പറയണം. എന്നാൽ, അന്നവസ്ത്രാദികൾ കൊടുത്ത് അനവധി കുഡുംബങ്ങളെ ഈ സമുദായസ്നേഹികളായ ഗൃഹസ്ഥന്മാർ രക്ഷിച്ചു പോരുന്നില്ലെന്നു ഞാൻ പറയുന്നില്ല. അതു ഒരുത്തമധൎമ്മം തന്നെയാണ്; അതിനും സംശയമില്ല. ഈ ധൎമ്മബുദ്ധി എവനും സദാ ഉണ്ടായിരിക്കേണ്ടതത്യാവശ്യവുമാണ്. എന്നാൽ "അതിസൎവ്വത്ര വൎജ്ജയേൽ" എന്നുള്ള ആപ്തവാക്യത്തേയും ഓൎമ്മവെക്കണം. ഇങ്ങിനെ ഈ മഹാന്മാർ പ്രവൃത്തിക്കുന്നതുകൊണ്ട് ഈ ധൎമ്മത്തെ അനുഭവിക്കുന്നവരാകട്ടെ അവരവൎക്കു വേണ്ടുന്ന ധൎമ്മത്തെ തീരെ വിസ്മരിച്ചു സദാസമയവും വിഷയസുഖഭോഗികകളായി തീൎന്നിരിക്കുന്നു. ഈ വിധം കുറഞ്ഞപക്ഷം ഒരു നൂററാണ്ടു കഴിഞ്ഞാൽ, പണ്ടു യൂറോപ്പിലും മററും ചില സമുദായങ്ങൾ ഉണ്ടായിരുന്നു എന്നും ഇപ്പോൾ അവയെല്ലാം നാമശേഷം മാത്രമായിരിക്കുന്നു എന്നും ഉള്ള സംഗതികളെക്കൊണ്ടു ചരിത്രങ്ങൾ നമ്മുടെ ഹൃദയത്തെ എത്ര ശല്യപ്പെടുത്തുന്നുവോ അതിലധികമായിത്തന്നെ ഈ ന

മ്മുടെ ചരിത്രവും ഇനി ഒരു കാലത്തുള്ളവരെ ശല്യപ്പെട്ടുത്താതിരിക്കുകയില്ല. എന്നാൽ ഇപ്പോൾ മിക്ക പേരുടേയും ഉത്സാഹം അങ്ങിനെ ശല്യപ്പെടുത്താനായിക്കൊണ്ടു തന്നെയാണോ എന്നും കൂടെ തോന്നുന്നുണ്ട്. കഷ്ടം!

ഒരുത്തൻ ഒരു കാൎയ്യത്തിന്റെ ഗുണദോഷങ്ങൾ ആലോചിക്കാതെ പ്രവൎത്തിക്കുകയാണെങ്കിൽ മറ്റൊരുവൻ അവന്റെ ബുദ്ധിയിൽ പെട്ടെടത്തോളം പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടത് അവന്റെ ചുമതലയാണല്ലൊ. ഇതിലും വിശേഷിച്ചു ഒരു കുഡുംബത്തിൽപ്പെട്ടവരായിരുന്നാൽ അന്യോന്യം കുടുംബാഭ്യുദയമാൎഗ്ഗത്തെപ്പറ്റി ഗുണദോഷവിചിന്തനം ചെയ്യുമ്പോൾ ഒരുവൻ മറ്റൊരുവനെ ന്യായമായി ദൂഷിക്കുകയും ശാസിക്കുകയും ചെയ്യുന്നതിൽ ദോഷമൊന്നും വരുവാനില്ലല്ലോ. അങ്ങിനെ വരുമ്പോൾ ഈ പറയുന്നതുകൊണ്ടു എന്റെ നേരെ യാതൊരു പരിഭവവും തോന്നുവാൻ മാൎഗ്ഗമില്ല. ഞാൻ ഈ സമുദായം മുഴുവൻ ഒരു കുഡുംബമായി തന്നെയാണു വിചാരിക്കുന്നത്. നാം എല്ലാ പേരും സഹോദരഭാവത്തോടുകൂടി ഇരിക്കണം. എല്ലാപേരും ഒരു കുഡുംബമെന്നു വിചാരിച്ചുതന്നെ ശ്രമിക്കണം. അല്ലാതെ ഈ അധോഗതിയിൽ താണു താണുതന്നെ പോകുന്നതും അഗാധമായ ജീവനാബ്ധിയെ കടക്കുന്നതിന്ന് ഏകോപായമായിട്ടുള്ളതുമായ സമുദായത്തെ ഉയൎത്തിക്കൊണ്ടു പോരുവാൻ കഴിയുന്നതല്ല. ഇതിന്നു കായബലത്തിന്നും പുറമെ ഉത്സാഹശക്തിയാണു വേണ്ടത്. ഇപ്പോൾ നമ്മുടെ ഇടയിൽ

ഉത്സാഹവും സാമൎത്ഥ്യവും കണ്ടുവരുന്നതു മററുള്ളവരെ പരിഹസിക്കുന്നതിനും ശകാരിക്കുന്നതിനുമാണ്. രണ്ടോ മൂന്നോ ആളുകൾ ചേൎന്നാൽ സ്ത്രീ മുതലായ കാൎയ്യങ്ങളെപ്പററി വൎണ്ണിക്കുകയും രസിക്കയുമാണു മിക്കവാറും ചെയ്തുവരുന്നത്. എന്നാൽ മനുഷ്യൎക്കു എന്നല്ല, സകലപ്രാണികൾക്കും ആഹാരം മുതലായ കാൎയ്യങ്ങൾ തന്നെയാണ് ജീവധാരണത്തിന്നു മുഖ്യഹേതുക്കളായിട്ടുള്ളതെന്നും അതിനാൽ ഈ വക കാൎയ്യങ്ങളെ തന്നെയാണ് സദാ പുകഴ്ത്തേണ്ടതെന്നും ചിലർ പറയുന്നുണ്ടെങ്കിൽ അതിനെ ഞാൻ ഒട്ടും ധിക്കരിക്കുന്നില്ല. പക്ഷെ അവയെല്ലാം ഉത്തമസാദ്ധ്യസാധനങ്ങളായ ദേഹദേഹികൾക്കു സഹായികളാണെന്നു മാത്രം വിചാരിക്കേണ്ടതാണ്. നമ്മുടെ ചുററുമുള്ള സമുദായങ്ങൾ ഈവക ലോകതത്വങ്ങളെല്ലാം നല്ലവണ്ണം ഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു. എന്നു തന്നെയുമല്ല, അവർ മുമ്പോട്ടു ചാടുന്നതു നമ്മുടെ തലയിൽ കുതിച്ചുന്നിക്കൊണ്ടാണ്. അതിന്നായി നാം ഏതെങ്കിലും വല്ല പിടിവള്ളിയും കിട്ടുവാൻ ശ്രമിക്കാതേയും അതു ലഭിക്കാതെയും താണു താണു കീഴ്പ്പോട്ടു തന്നെ പൊയ്ക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ ഈ ഗതിക്കു വളരെ അനുകൂലമായി തന്നെ ഇരിക്കാനാണല്ലൊ ഇടയുള്ളത്. അവർ എത്ര ഊക്കോടുകൂടി മേൽപ്പോട്ടു ചാടുന്നുവൊ അത്രത്തോളം നാമും കീഴ്പ്പോട്ടേയ്ക്കു പോകുന്നുണ്ട്. എന്നാൽ ഉത്സാഹശക്തി മററു മിക്ക സമുദായങ്ങൾക്കും ഉള്ളതുപോലെ നമുക്കും ഉണ്ടാവാൻ പാടില്ലെന്നു ശാപമൊ മററൊ ഉണ്ടൊ

ന്നു തോന്നുന്നില്ല. അങ്ങിയാണെങ്കിൽ അതു നമ്മളിൽമാത്രം പ്രകാശിക്കാത്തതു എന്തുകൊണ്ടെന്നായിരിക്കാം ചിലരുടെ ആലോചന. എന്തുചെയ്യാം! മററുള്ളവൎക്കുള്ളതുപോലെതന്നെ നമുക്കും സ്വാഭാവികമായ ഉത്സാഹശക്തി ഉണ്ടെങ്കിലും അതു മടികൊണ്ടു തീരെ ഗ്രസിച്ചിരിക്കുന്നു. ഇതുവരെയും മോചനം തുടങ്ങീട്ടില്ല. നമ്മുടെ പരിശ്രമംകൊണ്ടല്ലാതെ അതു സ്വയമായി വിട്ടുമാറുന്നതല്ല. അതിനാൽ പലദിക്കുകളിലും പല ഉപസഭ കൂടുകയും ആവക സമ്മേളനങ്ങളിൽ നമ്മുടെ സമുദായസ്നേഹികളായ പ്രമുഖന്മാരും വിദ്വാന്മാരും നിവൃത്തിയുള്ളേടത്തോളം വന്നുചേരുകയും സമുദായപരിഷ്കാരത്തിന്നു വേണ്ടതായ പല കാൎയ്യങ്ങളെയും, പററി വാദപ്രതിവാദങ്ങൾ നടത്തുകയും അവയെല്ലാം ഭൂരിപക്ഷാഭിപ്രായംപോലെ തീരുമാനിക്കുകയും അപ്രകാരം തീരുമാനിച്ച കാൎയ്യങ്ങളെല്ലാം ഉടൻ നടപ്പിൽ വരുത്തുവാൻ അവർതന്നെ പണംകൊണ്ടും ശരീരംകൊണ്ടും ഒരുപോലെ പരിശ്രമിക്കുകയും ചെയ്യുന്നതായാൽ മാത്രമെ നമുക്കു ഗുണം വരികയുള്ളു.

എടപ്പിള്ളി ഗണപതിരാജാ.

## ൭ നവീനവിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചാകട്ടെ അതിന്റെ നിൎവ്വചനത്തെക്കുറിച്ചാകട്ടെ ഇക്കാലത്തു എത്രതന്നെ പറഞ്ഞാലും അതു അനാവശ്യമായി വരാൻ ത

രമില്ല. എല്ലാ പരിഷ്കൃതലോകങ്ങളുടേയും ഗാഢമായ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രധാനവിഷയം ഇതുതന്നെയാകുന്നു. ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ വിദ്യാഭ്യാസത്തിന്റെ ഫലങ്ങളെ അനുഭവിക്കാത്തതൊ, അവയെ ആഗ്രഹിക്കാത്തതൊ ആയി ഒരു രാജ്യവുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. മഹാന്മാരായിരിക്കുന്ന സംസ്കൃതപണ്ഡിതന്മാർ വിദ്യാവിഹീനനായിരിക്കുന്ന ഒരുവനെ പശുവിനോടു സദൃശമാക്കി പറഞ്ഞിരിക്കുന്നതു കാണുമ്പോൾ ഇതിന്റെ അചിന്തനീയമായ പഴക്കവും വ്യക്തമാണല്ലൊ. ലോകനിയന്താവായ ജഗദീശ്വരൻ പക്ഷിമൃഗാദ്യസാധാരണമായ ഒരു വിശേഷബുദ്ധിയെ മനുഷ്യർക്ക നൽകീട്ടുണ്ടെന്നതു അനുഭവസിദ്ധമായ ഒരു വാസ്തവമാണ്. ഈ വിജാതീയമായ വൈശിഷ്ട്യത്തെ വ്യക്തമായി ഗ്രഹിപ്പാനും അതിനെ സംസ്കരിച്ചു പരിപോഷിപ്പിക്കുവാനും ആകുന്നു ഒരു മനുഷ്യൻ യത്നിക്കേണ്ടത്. ഈ മഹായത്നമാകുന്നു 'വിദ്യാഭ്യാസ'മെന്നു പറയുന്നത്.

ഏതാദൃശമായ മഹായത്നത്തെ ഏതു മാർഗ്ഗേണയെങ്കിലും അനുസരിക്കാത്തപക്ഷം ഒരു മനുഷ്യനാവട്ടെ സമുദായത്തിന്നാവട്ടെ ഈ പ്രപഞ്ചത്തിൽ മഹാത്മമായി ജീവിക്കാൻ സാധിക്കയില്ല. തേജോമയങ്ങളായ ചക്ഷുസ്സുകളുണ്ടെങ്കിലും ഒരു മനുഷ്യൻ അന്ധകാരമുറിയിൽ വെളിച്ചത്തിന്റെ സഹായമില്ലെങ്കിൽ നിഷ്ഫലനായിത്തീരുന്നതു നിത്യാനുഭൂതമായ ഒരു വാസ്തവമാണല്ലൊ. അപ്രകാരം

തന്നെ ഒരു മനുഷ്യൻ എത്രതന്നെ പൌരുഷയുക്തനായി രുന്നാലും ഈ മഹായത്നമില്ലാത്തപക്ഷം ഒരു വിധത്തിലും കൃതകൃത്യനായിത്തീരാൻ സാധിക്കയില്ല. കൃതകൃത്യതയാണല്ലോ മനുഷ്യജന്മത്തിൻെറ പരമപ്രയോജനം. ഇതിനു പുറമെ ഒരു മനുഷ്യൻെറയോ സമുദായത്തിൻെറയോ ജീവിതയാത്ര വസ്തുബോധം, അൎത്ഥബോധം, തത്വബോധം എന്നിങ്ങിനെ മൂന്നു പ്രധാനസങ്കേതങ്ങളെ ആശ്രയിച്ചിരിക്കുന്നതായിക്കാണപ്പെടുന്നു. ഇവയിൽ 'തത്വബോധ'രൂപമായ കടുവിലത്തെ സങ്കേതത്തിൽ എത്തുകയാകുന്നു ഒരു ജീവിതത്തിൻെറ ഉൽകൃഷ്ടതമമായ ഭാഗ്യം. ഇവിടെയാണു് പരമാനന്ദരൂപമായ 'സോഹംഭാവം' സ്ഥാപിതമായിരിക്കുന്നതു്. ഇതാണു് ഒരു മനുഷ്യജന്മത്തിൻെറ പരമലാഭം. ഇതിനാകുന്നു സാതൊരുത്തനും ആഗ്രഹിക്കേണ്ടതു്. വാസ്തവം ഇങ്ങിനെ വരുമ്പോൾ മേൽപ്പറഞ്ഞ മഹായത്നം ഈ പരമലാഭത്തെ ലക്ഷീകരിച്ചുകൊണ്ടായിരിക്കേണമെന്നതിൽ വാദമുണ്ടാവാൻ പാടില്ല. വസ്തുബോധത്തിനോ അൎത്ഥബോധത്തിനോ മാത്രം പൎയ്യാപ്തമാവുന്ന വിദ്യാഭ്യാസം യഥാൎത്ഥവും ഉൽകൃഷ്ടവുമായ വിദ്യാഭ്യാസമല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഇതുകൊണ്ടുതന്നെയാണ വിദ്യാഭ്യാസം ലൌകികമെന്നും ആത്മിയമെന്നും രണ്ടു പദവികളെ ആശ്രയിച്ചിരിക്കുന്നതായിപ്പറയപ്പെടുന്നതു്. ഈ പദവികളെ ആശ്രയിക്കുന്നതായാൽ മാത്രമേ പ്രകൃതിപുരുഷവിവേകത്തെ സമ്പാദിപ്പാൻ സാധിക്കയുള്ളു. പ്രകൃതിജ്ഞാനത്തിൻെറ പരിണാമമാകുന്നു

പുരുഷവിവേകം. പ്രാകൃതങ്ങളായ ദൃശ്യവിഷയങ്ങളുടെ വികാരങ്ങളേയും നാനാത്വത്തേയും പരിണാമഭേദങ്ങളേയും കുറിച്ചു ശ്രദ്ധ പതിച്ചു ഗ്രഹിക്കേണ്ടതു ഒരുവൻെറ പ്രധാനകൃത്യമാകുന്നു. ഒരു മനുഷ്യൻെറയോ സമുദായത്തിൻെറയോ പരിഷ്കരണശക്തി ഇതുകൊണ്ടു മാത്രമേ പരിപൂൎണ്ണമായിത്തിരുകയുള്ളു. മനുഷ്യൻ പ്രകൃതിയുടെ ഭൃത്യനല്ല; നേരെമറിച്ചു പ്രകൃതിയുടെ എജമാനനാകുന്നു. പ്രകൃതിയെ കീഴടക്കി യഥാൎത്ഥമായ ശ്രേയോലാഭത്തിനു അതിനെ ഉപകരണമാക്കുന്നവനാണു യഥാൎത്ഥമനുഷ്യൻ. ഇതിനു പ്രകൃതിജ്ഞാനം നിശ്ചയമായും അപരിഹാൎയ്യമാകുന്നു. ഇതിനെക്കുറിച്ചുള്ള കൂലങ്കഷമായ ജ്ഞാനത്തിൽനിന്നാകുന്നു 'നാനാത്വത്തിൽ ഏകത്വമാകുന്ന പ്രപഞ്ചത്തിൻെറ വസ്തുസ്ഥിതി' എന്നു ഒരു മനുഷ്യൻ മനസ്സിലാക്കുന്നത്. വികൃതങ്ങളും, ഖണ്ഡങ്ങളും, അനിത്യങ്ങളുമായ പ്രാകൃതങ്ങളിൽനിന്നല്ലാതെ ഏകവും, അഖണ്ഡവും, നിത്യവുമായ വസ്തുബോധം ഉണ്ടാവാനും യുക്തിയില്ല. അങ്ങിനെ ശ്രുതിയുമില്ല; അനുഭവവുമില്ല.

വിദ്യാഭ്യാസം എന്നത് ഒന്നുതന്നെ. അതിൻെറ ഫലവും വാസ്തവത്തിൽ ഒന്നുതന്നെ. എങ്കിലും അതിൻെറ അനുഷ്ഠാനങ്ങളിൽ അല്പാല്പം വ്യത്യാസങ്ങൾ ആവശ്യകങ്ങളായി വരാം. ലോകത്തിൽ ഓരോ സമുദായവും വൎഗ്ഗവും അതാതിൻെറ ആവശ്യങ്ങളിലും അനുഷ്ഠാനങ്ങളിലും ഭിന്നമായി തന്നെ കാണപ്പെടുന്നു. ഈ ഭേദങ്ങളെക്കുറിച്ച് ആഝം അന്ധാളിച്ചിട്ടാവശ്യമില്ല. ഈ വിഷയത്തിലുള്ള അ

ടിസ്ഥാനമില്ലാത്ത അന്ധാളിത്തമാകുന്നു ഇന്നു കാണുന്ന പല കലാപങ്ങൾക്കും അന്തഃഛിദ്രങ്ങൾക്കും പ്രധാനഹേതു. സ്വീകരിക്കുന്ന വസ്തുവിലും അതിനാൽ ലക്ഷീകരിക്കപ്പെടുന്ന ഫലത്തിലും വ്യത്യാസമുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്. അല്ലാതെ ആവശ്യങ്ങളിലും അനുഷ്ഠാനങ്ങളിലും ഐകരൂപ്യം സമ്പാദിപ്പാൻ ശ്രമിക്കുന്നത് അസാദ്ധ്യവും അസ്വാഭാവികവുമാകുന്നു. ലോകം ഭിന്നരുചിയാകുന്നു. 'എ'യുടെ ആവശ്യവും അനുഷ്ഠാനവും, 'ബി'ക്കു അനാവശ്യവും അസ്വരസവുമായി തോന്നുന്നു. 'എ'യുടെയും 'ബി'യുടെയും സംഗതികൾ 'സി'ക്ക് അത്യാവശ്യങ്ങളും ആസ്വാദ്യങ്ങളുമായി കാണപ്പെടുന്നു. എന്നാൽ ഈദൃശമായ വ്യത്യാസം ലോകഗതിയിൽ പരസ്പരം തട്ടിമുട്ടി തടസ്ഥങ്ങളേയും ഉപദ്രവങ്ങളേയും ഉണ്ടാക്കാത്ത വിധം നിയന്ത്രിക്കപ്പെടേണമെന്ന സംഗതി നിശ്ചയമായും ശ്രദ്ധേയമാണ്. ഇവിടെയാകുന്നു മനുഷ്യരുടെ പരിഷ്കരണശക്തിയിലുള്ള ശക്തി കാണപ്പെടേണ്ടത്. അതിനാൽ വിദ്യാഭ്യാസസംഗതിയിൽ അതിന്റെ ആവശ്യങ്ങളേയും അനുഷ്ഠാനങ്ങളേയും സംബന്ധിച്ചേടത്തോളം ചില വ്യത്യാസങ്ങൾ കാണപ്പെടുന്നത് ഒരു വർഗ്ഗത്തിനോ സമുദായത്തിനോ ഗുണപ്രദമായി വരാൻ വിരോധമില്ല. ഈ തരത്തിൽപ്പെട്ടതും പെടുത്തേണ്ടതുമാകുന്നു നമ്പൂതിരിമാരുടെ നവീനവിദ്യാഭ്യാസരീതി.

നമ്പൂതിരിമാരാകട്ടെ വിദ്യാഭ്യാസമില്ലാത്തവരെന്നോ അവരുടെ വിദ്യാഭ്യാസരീതി അപകൃഷ്ടമെന്നോ പറവാൻ

പാടില്ല. അവരിൽ ഉത്തമവിദ്യാസമ്പന്നന്മാരായ പല രുമുണ്ടെന്നു ഞാൻ സന്തോഷപൂർവ്വം പ്രസ്താവിക്കുന്നു. ആ ര്യഭാഷയായ സംസ്കൃതത്തിൽക്കൂടി അവർ സമ്പാദിച്ചിട്ടുള്ള ന്ന ജ്ഞാനം ശ്ലാഘ്യതരം തന്നെ. വിദ്യാഭ്യാസത്തിലു ള്ള അവരുടെ ശ്രദ്ധ ഇന്നും ഇന്നലെയും തുടങ്ങിയതല്ലെ ന്നതിന് അവരുടെ പല സ്ഥാപനങ്ങളും തെളിവുകളാകു ന്നു. വേദങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, ശാസ്ത്രങ്ങൾ മുതലായവ അവരുടെ പ്രധാനപ്രമേയങ്ങളാകുന്നു. സം സ്കൃതത്തിലും മലയാളത്തിലും അവരാൽ നിർമ്മിക്കപ്പെട്ടിരി ക്കുന്ന ഗദ്യങ്ങളും ലളിതങ്ങളുമായ ഗ്രന്ഥപരമ്പരകൾ അവരുടെ കീർത്തിസോപാനങ്ങളായിത്തന്നെ തിന്നിരിക്കു ന്നു. ഈ വിഷയത്തിലുള്ള അവരുടെ ചരിത്രം സർവ്വഥാ വിസ്മയജനകം തന്നെ. വാസ്തവം ഇപ്രകാരമാണെങ്കി ലും ഉത്തമന്മാരായ കേരളീയബ്രാഹ്മണർ ഇപ്പോൾ ചെ യ്തുവരുന്ന വിദ്യാഭ്യാസം കാലോചിതമല്ലെന്നു പറയേണ്ടി വന്നതിൽ ഞാൻ നിർവ്യാജമായി വ്യസനിക്കുന്നു. അത് ഒരുഭാഗത്തെ മാത്രമേ ആശ്രയിച്ചിരിക്കുന്നുള്ളു. മുൻപറ ഞ്ഞ രണ്ടു പദവികളേയും ആശ്രയിക്കാതെ ചെയ്യുന്ന വി ദ്യാഭ്യാസം വാസ്തവമായ ഉത്തമഫലത്തെ തരുവാൻ ശ ക്തമല്ലല്ലൊ. ഈ വാസ്തവം നമ്പൂതിരിമാരെ കഴിവാക്കു മോ എന്നു സംശയമാണ്. ഈ അഭാവമാകുന്നു നമ്പൂതി രിമാരെ ലൌകികജീവിതത്തിൽ അശക്തന്മാരാക്കുന്നത്. ക്ഷണംക്ഷണം വർദ്ധിച്ചുവരുന്ന ജീവിതമത്സരത്തിൽ അവർ പരാജിതന്മാരായിത്തീരുന്നു. സമകാലീനങ്ങളായ വൃത്താ

ന്തങ്ങളേയും ആശയങ്ങളേയും സമഗ്രമായി ഗ്രഹിച്ച കൃത്യാലുബ്ധന്മാരായിത്തിരുവാനും അവർ കുഴങ്ങുന്നു. ഈ പോരായ്മയെ പരിഹരിക്കേണ്ടതു, നിശ്ചയമായും, അവരുടെ കൎത്തവ്യകൎമ്മമാകുന്നു. ഇതിനു നവീനവിദ്യാഭ്യാസത്തെ വേണ്ടത്തക്ക നിയന്ത്രണങ്ങളോടുകൂടി സാൎവ്വത്രികമായി അംഗീകരിക്കുന്നതിനേക്കാൾ ഉൽകൃഷ്ടതരമായി യാതൊന്നുമില്ലെന്നു ഞാൻ നിസ്സംശയം പ്രസ്താവിക്കുന്നു. നവീനവിദ്യാഭ്യാസത്തെ അംഗീകരിക്കുകയെന്നു വരുമ്പോൾ ഇംഗ്ലീഷിനേക്കാൾ അധികം യോഗ്യതയുള്ള മറ്റൊരു ഭാഷയുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ ഭാഷയിൽകൂടിയല്ലാതെ നവീനവിദ്യാഭ്യാസം ചെയ്വാൻ യാതൊരുത്തനും ഇക്കാലം സുകരമല്ല. ഇതു സമ്മതിക്കപ്പെട്ട ഒരു വാസ്തവവുമാകുന്നു.

ഈ അവസരത്തിൽ രണ്ടു വാക്കു പറയേണ്ടതുണ്ട്. കേരളീയബ്രാഹ്മണരായ നമ്പൂതിരിമാരാകട്ടെ പൂൎവ്വാചാരങ്ങളിലും വിശ്വാസങ്ങളിലും സ്വതവേ നിഷ്ഠയും ആസക്തിയും വൎദ്ധിച്ചവരാണ്. ഭൂതശ്ലാഘയും വൎത്തമാനവിരക്തിയും അവരുടെ സ്വന്തനേട്ടങ്ങളാണ്. ഇംഗ്ലീഷുഭാഷക്കു ഹീനത്വമുണ്ടെന്ന ബോധം അവരുടെ തലയിൽ കേറി സ്ഥലം പിടിച്ചിരിക്കുന്നു. ഇംഗ്ലീഷുഭാഷ പഠിക്കുന്നതു മതത്തിനും ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും ഹാനികരമെന്നു അവർ ഉറപ്പായി വിശ്വസിച്ചിരിക്കുന്നു. തങ്ങളുടെ പ്രാഭവങ്ങൾക്കും, അഭിമാനങ്ങൾക്കും തടസ്ഥമായിത്തീൎന്നത് ഇംഗ്ലീഷുഭാഷയാണെന്നതിനു പക്ഷം അതി

ന്നു അഭ്യസിക്കാഞ്ഞയാണെന്നു മനസ്സിലാക്കാതെ ശുഷ്കവാദം ചെയ്യുന്നു. എന്നാൽ നവീനവിദ്യാഭ്യാസം ചെയ്തു യോഗ്യന്മാരായി വന്നിട്ടുള്ള പലരിലും അതിനെ അനുസരിക്കുന്ന പല വിദ്യാൎത്ഥികളിലും സാംക്രമികരോഗംപോലെ ഒരു പരിഷ്കാരപ്പകച്ച് സംഭവിച്ച്, ഉടുപ്പും, നടപ്പും, തലയും, നിലയും രൂപാന്തരപ്പെട്ട്, ആചാരഭ്രംശം, മതനിന്ദ, നിരീശ്വരവാദം, പരപുച്ഛം, സ്വാതന്ത്ര്യരോഷം, ഇവ വൎദ്ധിച്ചിരിക്കുന്നുവെന്നുമാത്രമല്ല അല്പാല്പം ഇവ ചില ഉണ്ണിനമ്പൂതിരിമാരിൽക്കൂടി കടന്നുകൂടുവാനും തുടങ്ങിയിരിക്കുന്ന ഈ അവസരത്തിൽ നവീനവിദ്യാഭ്യാസത്തെയും, അതിന്റെ ഫലങ്ങളേയും കുറിച്ച് ഒരു ഗന്ധവുമില്ലാത്തവരും ആചാരഭക്തിയും ശാന്തശീലവും മൂൎത്തീകരിച്ച പരിശുദ്ധന്മാരുമായ അച്ഛൻനമ്പൂതിരിമാർ പരിഭ്രമിക്കുന്നത് ആ മഹാഭാഗന്മാരുടെ കുററവുമല്ല. നവീനവിദ്യാഭ്യാസരീതിയെ ഈ തീവ്രമായ അപവാദം അസാമാന്യമായി മലിനപ്പെടുത്തുന്നുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഇതിനെ അവിളംബം പരിഹരിക്കേണ്ടതുമാണ്.

ഇനി ഇതിന്റെ ഉപയോഗത്തെക്കുറിച്ചു ചിന്തിക്കാം. ഒരു ഭാഷയുടെ ആവശ്യകത ബുദ്ധിയിലേക്കു അറിവിനെ പ്രവേശിപ്പിക്കുകയാണെന്നു വരുമ്പോൾ സംഭാഷണം എന്നത് അതിൽ അന്തൎഭവിച്ചിരിക്കുന്ന സംഗതിയാകുന്നു. സംഭാഷണംകൂടാതെ ലോകത്തിൽ യാതൊരാൾക്കും യാതൊന്നും സാധിക്കുന്നതല്ല. സൎവ്വേന്ദ്രിയങ്ങളിലും സൎവ്വദാ മൌനമുദ്രവെച്ചു ഉറപ്പിച്ചിട്ടുള്ള ഒരു മുനീശ്വ

രന്മാം ഭക്തിപരവശന്മാരും ജിജ്ഞാസുക്കളുമായ ശിഷ്യന്മാ ക്കുവേണ്ടി പലപ്പോഴും അതിനെ പൊട്ടിക്കേണ്ടതായിവ രുന്നു. 'മൌനം സർവ്വാർത്ഥസാധകം' എന്നതു കേവലം പഴഞ്ചൊല്ലായിപ്പോയി. 'സംഭാഷണം സർവ്വഹിതാർത്ഥ സാധകം' എന്നതാണ് ഇക്കാലം രാജ്യം ഭരിക്കുന്നത്. ഇ ങ്ങിനെ വരുമ്പോൾ വ്യവഹാരഭൂയിഷ്ഠമായ ഈ പ്രപഞ്ച ത്തിൽ സർവ്വദാ ഉൽക്കർഷേച്ഛയോടെ കിടന്നലഞ്ഞു വട്ടം തിരിയുന്ന നാമുണ്ടോ ഇതിനെ ഉപേക്ഷിപ്പാൻ ശക്തന്മാ രാവുന്നു!! ഒരിക്കലുമില്ല. എന്നാൽ ൩൦ കോടിയിലധി കം ജനങ്ങളാൽ അധിവസിക്കപ്പെടുന്ന ഈ ഭാരതഭൂമി യിൽ നൂറിലധികം ഭാഷകളും, ഇരുപതോളം അക്ഷരങ്ങ ളും ഉപയോഗിക്കപ്പെട്ടുവരുന്ന സംഗതി ഈ അവസര ത്തിൽ പ്രസ്താവയോഗ്യമാണ്. ഭാഷകളും അക്ഷരങ്ങളും ദേശംതോറും ഭേദിച്ചുവരുന്നതു പ്രത്യേകമായും സാമാന്യ മായുമുള്ള അഭിവൃദ്ധിക്കു നിശ്ചയമായും ഹാനികരമാകുന്നു. എന്തെന്നാൽ ഓരോ ഭാഷക്കാരനും മററു ഭാഷക്കാരുമാ യി പരിചയിപ്പാനോ, സ്നേഹിപ്പാനോ, അഭിപ്രായങ്ങൾ ക്കു ഐകമത്യം വരുത്തുവാനോ, സാധിക്കയില്ല. എല്ലാവരും എല്ലാ ഭാഷകളും പഠിക്കുകയെന്നത് ഒരിക്ക ലും ഉണ്ടാവുന്നതുമല്ല. ഈ സാമ്രാജ്യത്തിലെ പ്രസ്തുതാവ സ്ഥതന്നെ ഒരു സാമാന്യഭാഷയുടെ ആവശ്യകതയെ ചൂ ണ്ടിക്കാണിക്കുന്നു. ഈ വിഷയത്തിൽ ഇംഗ്ലീഷുകാരുടെ നയം സവിശേഷം സ്തുത്യർഹമാകുന്നു. ഈ ഭാഷയെ ഇ പ്പോഴും അവരുടെ ആപ്പീസ്സ് മുറികളിൽനിന്നും പുറത്തു

വിടാതെ വെച്ചുകൊണ്ടിരുന്നാൽ ഈ സാമ്രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കുന്നതാണ് ഉത്തമം.

പ്രസ്തുതഭാഷയുടെ വ്യാപ്തിയെക്കുറിച്ചു ഈ അവസരത്തിൽ വിസ്തരിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. ഇന്നു കാണുന്ന സകല പരിഷ്കൃതലോകങ്ങളിലും ഇംഗ്ലീഷുഭാഷക്കു പ്രചാരം സിദ്ധിച്ചുവരുന്ന വാസ്തവം സുപ്രസിദ്ധമാണ്. ഇതിനു പുറമെ ഒരു രാജ്യത്തിന്നാവട്ടെ രാജ്യവാസികൾക്കാവട്ടെ വാസ്തവമായ അഭിവൃദ്ധിയിൽ എത്തേണമെങ്കിൽ അവയുടെ യഥാൎത്ഥവും ഉൽകൃഷ്ടവുമായ ചരിത്രജ്ഞാനംകൊണ്ടല്ലാതെ സാധിക്കയില്ല. നമ്മുടെ പുരാണങ്ങളും അതുപോലെയുള്ള മററു ഗ്രന്ഥങ്ങളും ഒരു ചരിത്രലേഖനത്തിനു ഒരുവിധം സഹായികളാവാമെന്നല്ലാതെ അവ യഥാൎത്ഥചരിത്രങ്ങളെന്നു പറയപ്പെടാമോയെന്നു സംശയമാണ്. പ്രകൃതിപഠനത്തിൽ സംഭവിച്ച മാൎഗ്ഗാന്തരപ്രസക്തികൊണ്ടും, അദ്വൈതവിചാരത്തിലുള്ള തള്ളിച്ചകൊണ്ടും നമ്മുടെ പൂൎവികന്മാർ ഈ വിഷയത്തിൽ മനസ്സുവെക്കാതിരുന്നതു നമുക്കിപ്പോൾ പശ്ചാത്താപത്തിനു കാരണമായിത്തീൎന്നിരിക്കുന്നുവെന്നേ പറയേണ്ടു. എന്നാൽ ചരിത്രമെന്നതു ചില സംഭവങ്ങളേയോ, കഥകളേയോ, തുകകളേയോ മനസ്സിലാക്കിത്തരുവാനുള്ള ഒരു പുസ്തകമല്ല. അതു നേരെമറിച്ചു ഒരു രാജ്യത്തിന്റെയും രാജ്യവാസികളുടേയും തത്തൽക്കാലീനങ്ങളായിരുന്ന വിചാരിണാമങ്ങളേയും മനോഭാവങ്ങളേയും വിസ്തരിച്ചു, മനുഷ്യസാധാരണമായ ഉൽഗമനശക്തിയു

ടെ അനുക്രമമായ വളൎച്ചയെ വൎണ്ണിച്ചു, ഭൗതികങ്ങളായ ഉല്പന്നപദാൎത്ഥങ്ങളുടെ പ്രാകൃതങ്ങളായ അവസ്ഥാന്തരങ്ങളെ വിവരിച്ചു, യുക്തിയുക്തമായി വ്യവഹാരപരമ്പരയെ ഉപപാദിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമാകുന്നു. ഈ ഉത്തമമായ ജ്ഞാനം ഇംഗ്ലീഷുഭാഷയുടെ വെളിച്ചത്തിൽ കൂടിയല്ലാതെ സമ്പാദിക്കപ്പെടുന്ന കാൎയ്യം എളുപ്പമല്ല. ഇതു പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു സംഗതിയാണ്. ഇനി പറവാനുള്ള സംഗതി ഏതു മനുഷ്യന്റേയും അഥവാ ഒരു സമുദായത്തിന്റെ തന്നെയും വിചിന്തനങ്ങൾ യുക്തിവാദം, ഭക്തിവാദം എന്നീ രണ്ടു അസ്ഥിവാരങ്ങളിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടാണ് കണ്ടുവരുന്നതെന്നു വാസ്തവമാണ്. ഇവയിൽ ഏതെങ്കിലും ഒന്നിനെ മാത്രം സ്വീകരിക്കുന്ന രീതി ഒന്നുകൊണ്ടും ആശാസ്യമല്ല. എന്നാൽ ഭക്തിയെന്നിവിടെ പറഞ്ഞതു ഈശ്വരഭക്തിയെന്നു തെററിദ്ധരിച്ചുപോകരുത്. അതു അനേകതലമുറകളായി പരമ്പരയാ അനുവൎത്തിച്ചുപോരുന്ന ആചാരമൎയ്യാദകളിലും മനോഭാവങ്ങളിലും ഉള്ള ഒരു വക വിനീതബുദ്ധിയെന്നേ ധരിച്ചിട്ടാവശ്യമുള്ളൂ. ഏതാദൃശമായ ഒരു അഭ്യാസം മനുഷ്യന്റേയും സമുദായത്തിന്റേയും ഉൽഗമനശക്തിയെ നിശ്ശേഷം നശിപ്പിക്കുമെന്നതു വ്യക്തമാണ്. ഇപ്രകാരം യുക്തിയെത്തന്നെ ബലവത്തരമാക്കിക്കൊണ്ടിരിക്കുന്നതും അപായകരമാകുന്നു. അനിയന്ത്രിതമായ യുക്തിവാദം ലോകത്തിൽ പല ഹാനികളേയും ഉണ്ടാക്കിട്ടുണ്ട്; ഉണ്ടാക്കുന്നുമുണ്ട്. കുലങ്കഷമായ ലോകചരിത്രജ്ഞാനം

ഈ വാസ്തവത്തെ തെളിയിക്കും. യുക്തിയെ അനുരോധിക്കാത്ത ഭക്തിവാദവും ഭക്തിവാദത്തെ ലക്ഷീകരിക്കാത്ത യുക്തിവാദവും അപായകരങ്ങൾ തന്നെ. ഇവയെ തമ്മിൽ ഘടിപ്പിച്ച ജീവിതയാത്രയെ ക്രമീകരിക്കുന്നവരാകുന്നു യഥാർത്ഥസമുദായനേതാക്കന്മാർ. എന്നാൽ അനിയന്ത്രിതമെങ്കിലും യുക്തിവാദം പരിണാമത്തിൽ ഭക്തിവാദത്തെ ലക്ഷീകരിപ്പാൻ വഴിയുണ്ട്. നേരെമറിച്ച ശുഷ്കമായ ഭക്തിവാദം ഒരുവിധത്തിലും ഒരുത്തനെ ഉൽകൃഷ്ടനാക്കിത്തീർപ്പാൻ വഴി കാണുന്നില്ല. അതിനാൽ യുക്തിവാദത്തിൽ ശ്രദ്ധയുണ്ടായിത്തീരുന്നതു ആരുടേയും ഭാവിശ്രേയസ്സിനു കാരണമാകുന്നു. ഇതിൽനിന്നാണ് ഒരു മനുഷ്യന്റെ നിസർഗ്ഗസിദ്ധമായ പരിഷ്കരണസാമർത്ഥ്യം പ്രകൃഷ്ടമായിത്തീരുന്നത്. ഈ അനർഘമായ ഗുണത്തെ വർദ്ധിപ്പിക്കുവാൻ ഇംഗ്ലീഷിനുള്ള ചൈതന്യം ഒന്നു വേറെയാണെന്നതിനു അതിനെ പഠിച്ചു സേവിച്ചു സ്വാധീനപ്പെടുത്തിയ നമ്മുടെ ചതുർബ്ബാഹുക്കൾ സാക്ഷികളാണ്. ഇന്നത്തെ ലോകഗതിയും ഇതിനെ സമ്മതിപ്പാൻ ഒരുക്കമാണ്. എന്നുതന്നെയല്ല, ജീവനസാധനങ്ങളായ കൃഷി, കൈത്തൊഴിൽ, കച്ചവടം മുതലായ ഉൽകൃഷ്ടവിഷയങ്ങളിൽ ഒരു രാജ്യത്തേയോ രാജ്യവാസികളേയോ ഉന്നതി ഉത്സാഹിപ്പിച്ചു ധനോപാർജ്ജനശക്തിയെ വർദ്ധിപ്പിക്കുവാനും പത്രഗ്രന്ഥങ്ങൾ, സമാജങ്ങൾ, ഉത്തമങ്ങളായ മറ്റേർപ്പാടുകൾ ഇവകൊണ്ടു രാഷ്ട്രീയവും സാമുദായികവുമായ ജീവിതത്തിനു സംസ്കാരവും, പൊതുജനാഭിപ്രായത്തിനു വി

ലയും വൎദ്ധിപ്പിക്കുവാനും ഈ ഭാഷയുടെ അവലംബനം അ പരിഹാൎയ്യമാകുന്നു. എന്തെന്നാൽ ഏതാദൃശങ്ങളായ ഉത്തമവിഷയങ്ങളെക്കുറിച്ചുള്ള തന്ത്രങ്ങളും രീതികളും പ്രസ്തുതഭാഷയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നപോലെ ശാസ്ത്രീയനിലയിൽ മററാതു ഭാഷയിലും പ്രതിപാദിച്ചിട്ടില്ലെന്നു നിസ്സംശയമാണു്.

ഇനി പറവാൻ ഭാവിക്കുന്നതു ഏതാദൃശമായ വിദ്യാഭ്യാസത്തെ സമ്പാദിപ്പാനുള്ള ഉത്തമമാൎഗ്ഗങ്ങളെക്കുറിച്ചാകുന്നു. വിദ്യാലയങ്ങളും സൎവ്വകലാശാലകളും നാടെങ്ങും നിറഞ്ഞിരിക്കുന്നു. അവയിൽ വിദ്യാഭ്യാസം ഊൎജ്ജസ്വലമായിത്തന്നെ നടക്കുന്നു. അവയിലെ ശിക്ഷാക്രമങ്ങൾ ഒരു തരത്തിൽ സ്തുത്യൎഹങ്ങളുമാണു്. അവയിൽ ചേൎന്നു അനേകായിരം ജനങ്ങൾ വിദ്യാഭ്യാസം ചെയ്തു യോഗ്യന്മാരായിട്ടു വരുന്നു. എന്നാൽ ഇപ്പോൾ ഉള്ള വിദ്യാലയങ്ങളിൽനിന്നും ലഭിച്ചുവരുന്ന വിദ്യാഭ്യാസം കേവലം പരീക്ഷാശ്രയവും ജീവനസാധനവും മാത്രമായി കലാശിച്ചിരിക്കുന്നു. ഇതു ചില സാധാരണങ്ങളായ സ്ഥാനാന്തരങ്ങളേയും ജീവനമാൎഗ്ഗങ്ങളേയും ജനങ്ങൾക്കു ഉണ്ടാക്കിക്കൊടുക്കുക മാത്രമേ ചെയ്യുന്നുള്ളു. നാം ആവശ്യപ്പെടുന്നവയും വേണ്ടവയും ആയ ഫലങ്ങളിൽനിന്നും ഇവ എത്രയോ അകന്നു നില്ക്കുന്നു. നമ്മുടെ സനാതനങ്ങളും സാൎവ്വജനീനങ്ങളുമായ ആദൎശങ്ങളേയും ആശയങ്ങളേയും ഉൽകൎഷപ്പെടുത്തുവാൻ ഇതു പൎയ്യാപ്തമല്ല. നമ്മുടെ വിദ്യാലയങ്ങളും സൎവ്വകലാശാലകളും അവയിലെ ശിക്ഷാക്ര

മങ്ങളും കേവലം വിദേശീയങ്ങളാകുന്നു. അവയുടെ ഭരണവും വിദേശീയരുടെ കയ്യിൽ തന്നെ. ഈ വാസ്തവം പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യ എന്നും ഇന്ത്യതന്നെ. യൂറോപ്പ് എന്നും യൂറോപ്പുതന്നെ. ഇവയെ ഒന്നാക്കുവാൻ ശ്രമിക്കുന്നത് അസാദ്ധ്യവും, അനാവശ്യവുമാകുന്നു. എന്നുതന്നെയല്ല അപായകരവുമാകുന്നു. നമ്മുടെ സ്വന്തമായ ആദർശങ്ങളേയും ആശയങ്ങളേയും അറിഞ്ഞു നവീനലോകഗതിയോടിണക്കി അനുസരിച്ചു ജീവിതയാത്രയെ സംസ്കരിപ്പാനാണ് നാം ശ്രമിക്കേണ്ടത്. അല്ലാതെ സർവ്വത്തിലും നാം വിദേശീയരെ അനുകരിക്കുന്നതു അശുഭോദർക്കമാകുന്നു. ഈ വാസ്തവത്തെ ഇപ്പോഴത്തെ പല വിദ്യാഭ്യാസതല്പരന്മാരും അറിവാനും അവയെ പരിഹരിപ്പാനും ശ്രമിച്ചുവരുന്നതു ആശ്വാസജനകം തന്നെ. ഹിന്ദുമതത്തിനും ഹിന്ദുക്കൾക്കും കേന്ദ്രസ്ഥാനമായ ശ്രീകാശിയിൽ സ്ഥാപിച്ചു നടത്തിവരുന്ന ഹൈന്ദവമഹാവിദ്യാലയം ഈ മഹാരംഭത്തിന്റെ അസ്ഥിവാരമാണ്. ഇതോടു ചേർന്നും ഇതിനെ പിൻതുടർന്നും അനവധി വിദ്യാലയങ്ങളും സ്ഥാപനങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. എന്നുവേണ്ട, ഇവയുടെ രക്ഷക്കായി ഒരു പ്രത്യേകസർവ്വകലാശാലകൂടി സ്ഥാപിക്കുവാൻ ആഗ്രഹിച്ചു പരിശ്രമിച്ചുവരുന്നു. വാസ്തവം ഇങ്ങിനെ ആണെങ്കിലും, ഇതിനും വിരോധാഭിപ്രായക്കാർ ഇല്ലാതില്ല. അവർ പറയുന്നതു ഇങ്ങിനെ ഒരു സർവ്വകലാശാല സ്ഥാപിക്കുകയും, അതിലെ ശിക്ഷാക്രമങ്ങൾക്കു വ്യാപ്തി വർദ്ധിക്കുകയും അവ ഹിന്ദുക്കളാൽ

സ്വയംഭരിക്കപ്പെടുകയും ചെയ്യുന്നതായാൽ ജീൎണ്ണപ്രായ
ങ്ങളായ വൎണ്ണാശ്രമങ്ങൾ വീണ്ടും പ്രാബല്യത്തിൽ വരു
വാനും, മങ്ങിമയങ്ങിക്കിടക്കുന്ന പൌരോഹിത്യബലം ഊ
ൎജ്ജസ്വലമാകുവാനും, ഇടയായി. ജനസമുദായമദ്ധ്യത്തിൽ
കക്ഷിമത്സരവും, അന്തഃഛിദ്രങ്ങളും വൎദ്ധിച്ച് പലദോഷ
ങ്ങളേയും വൎദ്ധിപ്പിക്കുമെന്നും മററുമാകുന്നു. വൎണ്ണാശ്രമങ്ങ
ളുടെ പ്രാബല്യം എങ്ങിനെ രാജ്യക്ഷേമത്തെ തടയുമെന്നു
തീരെ എനിക്ക് മനസ്സിലായില്ല. വൎണ്ണാശ്രമങ്ങളെന്നവ
നാശകരങ്ങളായ മഹാമാരികളല്ല. വൎണ്ണമെന്നത് നിറ
ത്തെയൊ, പ്രാഭവത്തെയൊ, ആശ്രമമെന്നത് പൎണ്ണശാ
ലയേയൊ, വനകുടീരത്തെയൊ, കുറിക്കുന്ന പദങ്ങളുമല്ല.
നേരെമറിച്ച് ലോകക്ഷേമത്തിന് അത്യന്തോപയുക്തങ്ങ
ളും, ഉൽകൃഷ്ടങ്ങളുമായ തൊഴിലുകളെയും, ജീവലോകസാ
ധാരണവും അപരിഹാൎയ്യവുമായ ജീവിതയാത്രയിലെ
അവാന്തരസങ്കേതങ്ങളെയും കുറിക്കുന്ന മൂലപദങ്ങളാ
ണ് വൎണ്ണാശ്രമങ്ങൾ. കാൎയ്യമിങ്ങിനെയിരിക്കുമ്പോൾ എ
ന്താണ് എങ്ങിനെയാണ് വൎണ്ണാശ്രമങ്ങൾ നിരോധിക്ക
പ്പെടുന്നതും പെടേണ്ടതും? ഒരുതരത്തിലല്ലെങ്കിൽ മറെറാ
രു തരത്തിൽ ലോകത്തിൽ എങ്ങും നിത്യാനുവൃത്തങ്ങളാ
യ സാധനങ്ങളെ ഒരു രാജ്യത്തിൽനിന്നോ സമുദായ
ത്തിൽനിന്നോ മാത്രം ബഹിഷ്കരിച്ചതിനാലുള്ള പ്രയോ
ജനവും മനസ്സിലായില്ല. എന്നാൽ ഇവയിൽ അമൂല്യങ്ങ
ളായ പല കറകളും കളങ്കങ്ങളും ഇക്കാലം ബാധിച്ചിട്ടു
ണ്ടെന്നും, അത് രാജ്യക്ഷേമത്തെ തടയുന്നുണ്ടെന്നും ഞാൻ

പൂണ്ണമായി സമ്മതിക്കുന്നു. അവയെ പരിഹരിക്കേണ്ട തിനു പകരം ആ മൂലസാധനങ്ങളെ തന്നെ ഉടക്കുവാൻ ശ്രമിക്കുന്നതു കഷ്ടമാണ്. നിമ്മലമായ കണ്ണാടിയിൽ ബാധിച്ച മാലിന്യം നിമിത്തം പ്രതിഫലനശക്തി കുറയുന്നുണ്ടെങ്കിൽ കണ്ണാടിയെത്തന്നെ ഉടക്കുന്നതു ഒരുവക അജ്ഞതയാണ്. പൌരോഹിത്യബലം വദ്ധിക്കുന്നതും, അത് രാഷ്ട്രീയങ്ങളും സാമുദായികങ്ങളും, വിശേഷിച്ച വ്യവസായസംബന്ധങ്ങളുമായ കാര്യങ്ങളെ ബാധിക്കുന്നതും പരിഹരിക്കപ്പെടേണ്ട സംഗതികൾ തന്നെയാണ്. അതിനു നമ്മുടെ ബഹുമാനപ്പെട്ട ബ്രിട്ടീഷ് ഗവമ്മെണ്ടും അതിൻെറ ഛായയെ അനുസരിച്ചുപോരുന്ന പരിഷ്കൃതാശയന്മാരായ നാട്ടുരാജാക്കന്മാരും ഉള്ളകാലത്ത് ഈ ദോഷം ക്രമാതീതമാവുകയില്ലെന്നു നമുക്കു പൂണ്ണമായി ആശിക്കാം. ഈ വകസ്ഥാപനങ്ങളും പ്രാരംഭങ്ങളും പല മാലിന്യങ്ങളേയും നശിപ്പിച്ച മനുഷ്യലോകസാമാന്യമായ ഐകമത്യത്തേയും സഹകരണത്തേയും വദ്ധിപ്പിക്കുകയാണ് വാസ്തവത്തിൽ ചെയ്യുക. ഇവ ദോഷഹേതുക്കളാണെന്നു പറഞ്ഞ് ലഹളകൂട്ടുന്നത് വെറും പരിശ്രമംകൊണ്ടുമാത്രമാകുന്നു. 'അതിസ്നേഹഃ പാപശംകി' എന്നപോലെ വാസ്തവമായ ദേശഭക്തി നിമിത്തം മറിച്ച് വല്ല ദോഷവും സംഭവിക്കുമോ എന്ന് ആശങ്കമാത്രമാണ് ഈ വിരോധത്തിനു ഹേതു. അതിനാൽ ഭാരതീയരുടെ അഥവാ ഹിന്ദുക്കളുടെ വിദ്യാഭ്യാസരീതിയെ അവരുടെ സനാതനങ്ങളും സവ്വജനീനങ്ങളുമായ ആദശങ്ങളേയും, ആശ

യങ്ങളേയും അടിസ്ഥാനപ്പെടുത്തിയും നവീനലോകഗതിയോടിണക്കിയും ഒരു പ്രത്യേകമാൎഗ്ഗത്തിൽ കൂടി നയിക്കുന്നതു കണ്ടുകൊണ്ടും അപായകരമായാൻ പാടില്ലെന്നു നിസ്സംശയമാണ്.

പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ഛൻ.

## ൬. സമയത്തിൻെറ വില

സമയം വിലമതിയറിയതാകുന്നു എന്നുള്ളതു കേൾക്കാത്തവർ ലോകത്തിൽ ആരും തന്നെ ഉണ്ടായിരിക്കില്ല. എങ്കിലും അതിൻെറ തത്വം വേണ്ടുംവിധം മനസ്സിലാക്കി പ്രവൎത്തിക്കുന്നവർ വളരെ ചുരുക്കമാണെന്നു തന്നെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സമയം എന്നുള്ളതു അവരവരുടെ ആയുസ്സാണെന്നുള്ളതിനു രണ്ടു പക്ഷമില്ലല്ലൊ. ജീവികളിൽ ആരും തന്നെ തൻെറ ആയുസ്സിനെ അല്ലെങ്കിൽ ദൈവത്താൽ ദത്തമായിരിക്കുന്ന സമയത്തെ ചിലവാക്കാതെ ഇരിക്കുന്നു എന്നു തോന്നുന്നില്ല. നാം ലോകത്തോടു എത്ര കണ്ടധികം പരിചയിക്കുന്നുവോ അത്രത്തോളം തന്നെ ആയുസ്സും അവസാനിച്ചു പോകുന്നു. അതിനെപ്പററി ജനങ്ങൾ കുണ്ഠിതപ്പെടുന്നത് എല്ലാവൎക്കും അനുഭവമാണ്. പോയ കാലം വീണ്ടും തിരിച്ചു കിട്ടേണമെന്നു വിചാരിച്ചാൽ ആയത് അസാദ്ധ്യമായ കാൎയ്യമല്ലെ? ഇങ്ങിനെയുള്ള സമയത്തിൻെറ വിലയെ നമുക്കു ഇപ്പോൾ ആലോചിച്ചു നോക്കുക.

നാം നിത്യം ഉപയോഗിച്ചു വരുന്ന സകല സുഖസാമഗ്രികളും സമയത്തിന്റെ സന്താനങ്ങളാണെന്നു ഞാൻ പറയുന്നു. നാം ഉടുക്കുന്ന വസ്ത്രങ്ങളും, കിടക്കുന്ന ഗൃഹവും, നടക്കുന്ന റോഡും, കളിക്കുന്ന കുളവും, ആഹാരം കഴിക്കുന്ന സകല പദാർത്ഥങ്ങളും പല ആളുകളുടെയും ഏറെ നേരത്തെ പ്രയത്നത്തിന്റെ ഫലമാകുന്നു. നാം അതിസൌകര്യത്തോടെ യാത്രക്കു ഉപയോഗിക്കുന്ന തീവണ്ടിയും, ഏതു കാര്യവും നമ്മെ അതിവേഗത്തിൽ അറിയിക്കുന്നതായ കമ്പിത്തപാലും, അതുപോലെയുള്ള മറ്റു സൌകര്യപ്രദങ്ങളായ പല യന്ത്രങ്ങളും ഒരോ മഹാന്മാർ അവരവരുടെ വിലയേറിയ ഒട്ടധികം സമയം ആലോചനക്കായി ചിലവഴിച്ചതിന്റെ ഫലങ്ങളാകുന്നു. എന്നു വേണ്ട ലോകം ഈ നിലയെ പ്രാപിച്ചതു തന്നെ ഇതിന്റെ ഉൽകൎഷത്തിന്നായി പ്രയത്നിക്കുന്നതിന്നു ശ്രമിച്ച് ഓരോരോ ദിവ്യന്മാരുടെ സമയത്തിന്റെ ഫലമാകുന്നു. 'ലോകത്തിലുള്ള സകല ഐശ്വര്യങ്ങളേയും ബഹുമതികളേയും തനിക്കു കിട്ടിയെങ്കിൽ അവയെയെല്ലാം കളഞ്ഞാലും വേണ്ടതില്ല സമയത്തെ വൃഥാവിൽ കളയുകയില്ലെ'ന്നാണ് ഫാസ്റ്റർ എന്ന ഒരു മഹാൻ പറയുന്നതു. സമുദ്രത്തിൽ ഒരു കപ്പൽ തിരമാലകളെക്കൊണ്ടും കൊടുങ്കാററുകൊണ്ടും എപ്രകാരം അടിച്ചുടച്ചു ഛിന്നഭിന്നമാക്കിക്കളയപ്പെടുന്നുവൊ അപ്രകാരം തന്നെ നമ്മുടെ ശത്രുക്കളായ ദുർഗ്ഗുണങ്ങളെക്കൊണ്ടു സമയത്തെ നശിപ്പിക്കുവാൻ അനുവദിക്കരുത്. നാം ഓരോ നിമിഷത്തേയും

അതു സമയത്തിന്നകത്തു നമ്മൾക്കു കിട്ടാവുന്ന സകല ഗു
ണങ്ങളുടെയും പ്രതിനിധിയായി സങ്കല്പിച്ചു വേണ്ടപോ
ലെ ജീവിതത്തെ നടത്തിക്കൊണ്ടു പോകുന്നതായാൽ ഇ
പ്പോൾ നമ്മെ ബാധിച്ചിരിക്കുന്നതായ അധോഗതി എ
ന്ന മഹാവ്യാധിയെ പാടെ നശിപ്പിക്കുന്നതിന്നു ഇത്ര ന
ല്ല സിദ്ധൌഷധം മറ്റൊന്നുമുണ്ടെന്നു തോന്നുന്നില്ല.

എന്നാൽ നമ്മുടെ ഇപ്പൊഴത്തെ സമയം എങ്ങി
നെയുള്ളതാണെന്നു നോക്കാം. കേരളീയബ്രാഹ്മണരായ
നാം ഒരു കാലത്തു നമ്മുടെ ചുറ്റുമുള്ള ഇതരസമുദായങ്ങ
ളെക്കാൾ എത്രയോ ഉന്നതസ്ഥിതിയിൽ ഇരുന്നിരുന്നു.
കേരളത്തിലെ രാജ്യഭരണം, എന്നു വേണ്ട സർവ്വസ്വാത
ന്ത്ര്യത്തോടു കൂടി സകല കാര്യങ്ങളും നമ്മുടെ പൂർവ്വിക
ന്മാർ ഭരിച്ചിരുന്നതായി നമുക്കു ഇതിഹാസങ്ങൾകൊണ്ടു
അറിയാവുന്നതാണ്. എന്നാൽ അതെല്ലാം പോയി ന
മ്മുടെ ഇപ്പോഴത്തെ നിലയെ ഇവിടെ വർണ്ണിക്കുവാൻ എ
നിക്കു കുറെ ലജ്ജ തോന്നുന്നു. മറ്റു സകല സമുദായങ്ങ
ളും അവരവരുടെ സമയങ്ങളെ വേണ്ടതുപോലെ ഉപ
യോഗിച്ചതുകൊണ്ടു അവർ നമ്മെ ഇപ്പോൾ പിന്നിലി
ട്ടു ഉന്നതിയിൽ എത്തിയിരിക്കുന്നു. വിശിഷ്യ അന്ധവി
ശ്വാസം, ഐകമത്യമില്ലായ്മ, ദുരഭിമാനം മുതലായ ദുർഗ്ഗു
ണങ്ങളുടെ വിളഭൂമിയായി നാം ഇങ്ങിനെ അടച്ചുമൂടി ഒ
കത്തും വശമായിട്ടുണ്ടു. അതിപണ്ഡിതന്മാരായ മനുഷ്യന്മാ
രുടെ ആസ്ഥാനമായിരുന്ന നമ്മുടെ സമുദായം ഇപ്പോൾ
അഗാധമായ അധോഗതിയെ പ്രാപിച്ചിരിക്കുന്നതു വ്യ

സനകരമായിട്ടുള്ളതല്ലെ? നമ്മുടെ അധഃപതനത്തിൽ നിന്നും കര കേറുന്നതിന്നുള്ള മാൎഗ്ഗങ്ങൾ തേടാതെ ഇപ്രകാരമുള്ള തമസ്സിൽ കിടന്നു ഉഴലുകയാണൊ വേണ്ടതെന്നു ഒന്നാലോചിച്ചു നോക്കുക! അധഃപതനമെന്ന ഭയങ്കരാഗ്നി നമ്മെത്തന്നെ ദഹിപ്പിക്കാത്ത വിധത്തിൽ പിടികൂടിക്കഴിഞ്ഞിട്ടും അതിനെ കെടുത്തി ഉന്നതിയെ നേടുന്നതിന്നു വേണ്ട ശ്രമം ചെയ്യാതെ സമയം വൃഥാ ചിലവാക്കുന്നതു എന്തു കഷ്ടമാണ്?

നമ്മുടെ ഇന്ത്യാരാജ്യത്തിന്റെ വടക്കു കിഴക്കു ഭാഗത്തുള്ള ചൈനാക്കാർ വളരെക്കാലമായി അലസന്മാരായിരുന്നു. ഒരു കാൎയ്യംകൊണ്ടും മറ്റു രാജ്യക്കാരോടു മല്ലിടുവാൻ പാടില്ലാത്ത വിധം അധഃപതനത്തിലായിരുന്നു എങ്കിലും ലോകത്തിലേക്കുള്ള ജനസംഖ്യകൊണ്ടു ആ രാജ്യം മുന്നിട്ടു നില്ക്കുന്നുണ്ടു. ഇങ്ങിനെയിരിക്കെ മുപ്പതിൽ ചില്വാനം സംവത്സരങ്ങൾക്കു മുമ്പെ ഇപ്പോൾ ലോകത്തിൽ അദ്വിതീയന്മാരായിരിക്കുന്ന ജാപ്പാൻകാരുമായി അവൎക്കു ഒരു യുദ്ധം ചെയ്യേണ്ടി വരികയും ആ യുദ്ധത്തിൽ ചീനക്കാർ എത്രയോ ചെറിയ ജാപ്പാനോടു തോല്ക്കുകയും ചെയ്തു. ഉടൻ അവർ അതിന്നു കാരണം ആരാഞ്ഞു തുടങ്ങി. തങ്ങൾ തോല്ക്കുവാനും ജാപ്പാൻ ജയിക്കുവാനുമുള്ള കാരണം നോക്കിയതിൽ തങ്ങളുടെ അലസത അന്ധവിശ്വാസം മുതലായവയും ജാപ്പാൻകാരുടെ പരിശ്രമവും വിദ്യാഭിവൃദ്ധി മുതലായവയുമാണെന്നറിഞ്ഞു. ഉടൻതന്നെ അവർ അവരുടെ ആ

നിദ്രയിൽ നിന്നുണൎന്നു ജാപ്പാൻകാരെ അനുകരി
പ്പാൻ തുടങ്ങി. ഈ സ്വല്പകാലത്തിന്നുള്ളിൽ അവരുടെ
കുടുമ അവർ മുറിച്ചുകളഞ്ഞു. എന്തെന്നാൽ അതു ഭംഗി
യായിച്ചിന്നുന്നതിന്നുവേണ്ടി ഓരോരുത്തൎക്കും ദിവസംപ്ര
തി പതിനഞ്ചു മിനിട്ടുവീതം നഷ്ടമായിപ്പോകുന്നു. ഇ
ങ്ങിനെ ഒരു വലിയ ജനസംഘത്തിന്നു 'ആയിരം മാഘാ
ണി അറുപത്തിരണ്ടര' എന്നു പറഞ്ഞപോലെ എല്ലാവ
രുടെയും നഷ്ടം കണക്കാക്കിയാൽ അതു അവരുടെ സമ
യത്തിന്നു് ഒരു വലിയ നഷ്ടമായി ഭവിക്കുമെന്നു കണ്ടു് ഇ
പ്രകാരം ചെയ്തതാണ്. ഇങ്ങിനെ പറഞ്ഞതുകൊണ്ടു
നമ്മുടെയും കുടുമ മുറിക്കേണമെന്നല്ല ഇതിന്റെ സാരം.
ഓരോ സാമുദായികന്മാരും അവരവരുടെ നഷ്ടമായി കി
ടന്നിരുന്ന സമയത്തെ കണ്ടുപിടിച്ചു അവയെ വിലയുള്ള
താക്കിത്തീൎക്കുന്നു എന്നു കാണിക്കുവാൻ മാത്രമാണു് അവ
യെക്കുറിച്ചു ഒന്നു പ്രസ്താവിക്കേണ്ടിവന്നതു. ഇപ്പോൾ അ
വർ പരിഷ്കൃതസൌധത്തിന്റെ കോണികളിൽ ഒട്ടധി
കം കയറിത്തീൎന്നിരിക്കുന്നു. ഇപ്പോഴും ജാപ്പാനിലെ വി
ദ്യാശാലകളിൽ ചൈനാബാലരിൽ അമ്പതിനായിരത്തി
ന്നധികം പേർ പലപല കൈത്തൊഴിലുകളും പഠിച്ചുവ
രുന്നു. ഇങ്ങിനെ ഓരോ സമുദായവും തങ്ങളുടെ കഷ്ടത
കളെ തീൎത്തു ഉന്നതിയെ പ്രാപിക്കാനായി പണിചെയ്തു
കൊണ്ടിരിക്കുന്ന ഈ കാലത്തും നമ്മുടെ സമയത്തിന്റെ
വില നാം അറിയുന്നുണ്ടയൊ? അതു വില ക്ലിപ്തപ്പെടുത്തു
വാൻ പാടില്ലാത്തവിധം വൎദ്ധിച്ചിരിക്കുന്നു. അതുകൊണ്ടു

നമ്മുടെ സമയത്തെ, അതായത് നമ്മുടെ വിലയേറിയ സമയത്തെ, സമുദായോദ്ധരണമാൎഗ്ഗത്തിലേക്കു നയി ക്കേണ്ടതാണെന്നു ഞാൻ പറയണമോ? സാമാന്യേന ഒരു നമ്പൂതിരിയുടെ ഒരു ദിവസത്തെ 24 മണിക്കൂർ സമ യത്തെ അദ്ദേഹം നയിക്കുന്ന വിധം സംക്ഷേപമായിട്ടെ ങ്കിലും ഇവിടെ പറയാതെ നിവൃത്തിയില്ല. 24 മണിക്കൂ റിൽ പകുതിയും, അതായത് 12 മണിക്കൂറും,രാത്രിയായി പ്പോയല്ലൊ. അതിനെപ്പററി പറയേണ്ടതില്ല. ബാക്കിയു ള്ള പന്ത്രണ്ടു മണിക്കൂർ സമയത്തെ എപ്രകാരം ചിലവ ഴിക്കുന്നു എന്ന് ഒന്നു നോക്കാം. ചുരുക്കി പറയുന്നതാ യാൽ അതിൽ പകുതി കുളി, തേവാരം മുതലായവയെ ക്കൊണ്ടും മററുള്ള സമയത്തിൽ മിക്ക ഭാഗവും നേര മ്പോക്കു വിഷയത്തിലും ബാക്കിയുണ്ടെങ്കിൽ ആയത് കും ഭകൎണ്ണസേവകൊണ്ടും നയിക്കുന്നു. ഇപ്രകാരമാകുന്നു ന മ്മുടെ സമുദായത്തിന്റെ ദിനചൎയ്യ!

എന്നാൽ നമ്മുടെ മതാചാരപ്രകാരം കുളി, തേവാ രം മുതലായവക്കു ഉപയോഗിക്കുന്നതായ സമയത്തെ ന മ്മൾ വളരെ വിലയുള്ളതായിത്തന്നെ വിചാരിക്കണം. എന്തെന്നാൽ 'പൂൎവ്വാചാരിതം കുൎയ്യാദന്യഥാ പതിതോ ഭവേൽ' അതായത് പൂൎവ്വാചാരത്തെ ആർ ധിക്കരിക്കുന്നു വോ ആയവൻ പതിതനായി ഭവിക്കുന്നു എന്നാണ് പ റയുന്നത്. അതിലും വിശേഷിച്ച് എല്ലാ കാൎയ്യത്തിലും 'ഞാൻ പാതി ദൈവം പാതി' എന്നുണ്ടല്ലൊ. അതുകൊ ണ്ടു അവശ്യം നമ്മൾ ആ സമയത്തെ ദൈവാരാധന

യിൽത്തന്നെ ചിലവഴിക്കേണ്ടതാണ് എന്നു ഞാൻ വീണ്ടും വീണ്ടും പറഞ്ഞുകൊള്ളുന്നു. ബാക്കിയുള്ള സമയത്തെ നമ്മൾ കൈത്തൊഴിലുകൾ, വേദം, ശാസ്ത്രം, കൃഷി, കച്ചവടം, പാശ്ചാത്യവിദ്യാഭ്യാസം മുതലായ പല വിദ്യകൾക്കുമായി ഉപയോഗിച്ചു കാലക്രമേണ ഇപ്പോൾ ഉന്നതസ്ഥിതിയെ പ്രാപിച്ചിരിക്കുന്ന മററു സമുദായങ്ങളെക്കടന്നു ലോകത്തിൽ അദ്വിതീയന്മാരായിത്തീരുവാൻ പരിശ്രമിക്കേണ്ടതാണ്. ഞാൻ ഇവിടെ പ്രസ്താവിച്ചതായ സംഗതികൾ 'ഭിന്നരുചിർഹിലോകഃ' എന്നുള്ള ആപ്തവാക്യംകൊണ്ടു പക്ഷേ നമ്മുടെ സമുദായത്തെ പരിഹസിക്കാനാണെന്നു പലക്കും തോന്നുമായിരിക്കാം. എന്നാൽ ഞാൻ അപ്രകാരം ദുഷ്ടവിചാരത്തോടു കൂടി പറഞ്ഞതല്ലെന്നു തെളിയിക്കുന്നതിന്നു നിങ്ങളുടെ ജ്ഞാനദർപ്പണത്തിൽ വളരെ പുരാതനമായി പററി പിടിച്ചിട്ടുള്ള അന്ധവിശ്വാസപ്പൊടിപടലത്തെ കരുണാദ്രവംകൊണ്ടു കഴുകിക്കളഞ്ഞു വെടിപ്പു വരുത്തി, ഇപ്പോൾ അപ്രതിഹതമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന പടിഞ്ഞാറൻ സൂര്യന്റെ കിരണങ്ങളെ അതിൽ പ്രതിഫലിപ്പിച്ചു നോക്കുന്നതായിരുന്നാലല്ലാതെ വേറൊരു വിധത്തിലും സാധിക്കുന്നതല്ലെന്നു വിനയപുരസ്സരം പറഞ്ഞുകൊള്ളുന്നതിൽ എന്നെ കുററക്കാരനാക്കുകയില്ലെന്നു വിശ്വസിച്ചുംകൊണ്ടു തല്ക്കാലം മതിയാക്കുന്നു.

എടപ്പള്ളി നാരായണരാജാ.

# ൧. സഭയെപ്പററി ചില ചിന്തകൾ

കാലോചിതമായ ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽ അഭിരുചിയും, അതിങ്കലുള്ള പ്രതിപത്തിയും, പ്രവൃത്തിയും, തജ്ജന്യമായ യഥാത്ഥമനഃപരിഷ്കാരവും, വിവേചനാശക്തിയും പ്രതിനിമിഷം വദ്ധിച്ചുവരുന്ന ഇക്കാലത്തു സഭയെപ്പററി ഒരു വിമശനം ചെയ്യുവാൻ തുനിയുന്നതു ഉചിതമോ, ഉപകാരമോ ആയിത്തീരുവാൻ മാഗ്ഗമില്ലെന്നു പക്ഷെ അന്യന്മാർ വിചാരിച്ചേക്കാം. എന്നാൽ നമ്പൂതിരിസമുദായത്തിന്റെ താല്ക്കാലികസ്ഥിതിയെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ള ഏതൊരു സഹൃദയനും മേൽപ്രസ്താവിച്ചപ്രകാരം ഒരു വിചാരം നിശ്ചയമായും ഉണ്ടാകുന്നതല്ല. അത്രതന്നെയുമല്ല, ഏതത്സമുദായത്തെ ഒട്ടുക്കു ഇപ്പോൾ ബാധിച്ചു കിടക്കുന്ന അന്ധവിശ്വാസമെന്ന ആ ദുഷ്ടപിശാചികയുടെ ബാധ ഒഴിയണമെങ്കിൽ, ഈ വിഷയത്തെപ്പററിയും, ഇതുപോലെയുള്ള ഇതരവിഷയങ്ങളെപ്പററിയും, ഉപന്യസിക്കുവാൻ വേണ്ടി അനവധി മഹാന്മാരുടെ വിലയേറിയ സമയത്തെ ബലികഴിക്കേണ്ടതായി വരുമെന്നും മുൻപറഞ്ഞ സഹൃദയന്മാർ നിസ്തക്കം സമ്മതിക്കുന്നതാണ്

## സഭയും പ്രാചീനനമ്പൂതിരിമാരും

നമ്മുടെ പൂവ്വന്മാരായ നമ്പൂതിരിമാക്കും, സഭയ്ക്കും തമ്മിൽ അടുപ്പം എത്രകണ്ടു ഉണ്ടെന്നു നമുക്കു ആദ്യമായി ആലോചിക്കാം. കേരളത്തിന്റെ ആദ്യഭരണകത്താ

ക്കന്മാർ നമ്പൂതിരിമാരാണെന്നും, അന്ന് അവർ 'കേരള' ത്തെ ഭരിച്ചിരുന്നതു നാലു 'കഴക'മായി കൂട്ടാകെയുള്ള 'കേരള'ത്തെ വിഭാഗംചെയ്തു ആ 'കഴകങ്ങൾ' മുഖാന്തരമായിരുന്നു എന്നും, 'കേരളോല്പത്തി'യിൽ പ്രസ്താവിച്ചിരിക്കുന്നു. 'കഴക' ശബ്ദത്തിനു 'സഭ' എന്നാണ് അർത്ഥമെന്നും അതിൽത്തന്നെ വിളിച്ചു പറയുന്നു. ക്രിസ്ത്വാബ്ദം ൨൫൦-ാമാണ്ടുവരെ ബ്രാഹ്മണർതന്നെ മേൽപ്പറഞ്ഞ സഭമുഖേന കേരളരാജ്യം ഭരിച്ചുവന്നിരുന്നു എന്നു 'സ്റ്റോറു മാനവൽ' പറഞ്ഞിരിക്കുന്നു. ഇതുപോലെ ഒരു കാലത്തു നാം 'രാജ്യാധിപതി'കളായിരുന്നു എന്നും, അന്നെല്ലാം നാം രാജ്യം ശരിയായി ഭരിച്ചുവന്നിരുന്നു എന്നും, അതിനെല്ലാം മുഖ്യസഹായങ്ങളായിത്തീർന്നിരുന്നതു സഭകളാണെന്നും തെളിയിക്കുവാൻ വേണ്ടതിലധികം രേഖകൾ മാഞ്ഞുപോകാതെ ഇന്നും കിടപ്പുണ്ട്. ഇന്നു നമ്മുടെയിടയിൽ കണ്ടുവരുന്ന 'ശാസ്ത്രാംഗ'ക്കളിക്കാർ നാം എന്നു രാജ്യം ഭരിച്ചിരുന്നുവോ, അന്നത്തെ ഭടന്മാരായിരുന്നുവത്രേ! ഇതും കേരളോല്പത്തിയിൽ തന്നെ കാണുന്നുണ്ട്. ഇതിനുപുറമെ 'സഭാമഠം' എന്നുള്ള പേരോടുകൂടി എത്ര സ്ഥലങ്ങളാണ് നമ്മുടെ കൈവശംതന്നെ ഇന്നും ഇരിക്കുന്നത്! മേൽപ്പറഞ്ഞ മഠങ്ങൾ വകയായി എത്ര സ്വത്തുക്കളാണ് ശരിയായ കാര്യാന്വേഷണത്തിന്റെ അഭാവത്താൽ ഇന്നും നശിച്ചുപോകുന്നത്? അതിരിക്കട്ടെ; മേൽപ്പറയപ്പെട്ട സ്ഥലങ്ങളും, സ്വത്തുക്കളും പുരാതനകാലത്തെ 'നമ്പൂതിരിസഭ'കൾ കൂടുന്നതിനുള്ള സ

ഖ സൗകര്യങ്ങൾക്ക വേണ്ടി ഏൎപ്പെടുത്തിയതാണെന്നു വിചാരിപ്പാൻ പല ന്യായങ്ങളും കാണുന്നുണ്ട്.

ഈ അടുത്ത കാലത്തു തുടങ്ങിയിട്ടുള്ള 'നമ്പൂതിരി സഭ'കൾക്ക മുമ്പും നമ്പൂതിരിമാർ 'സഭ' നടത്തിയിരുന്നുവെന്നും, അവക്ക് അന്നു സഭമൂലം അളവററ ഗുണങ്ങൾ സിദ്ധിച്ചിരുന്നു എന്നും എന്റെ ഈ ചെറിയ വിവരണത്തിൽനിന്നു ഗ്രഹിച്ചിരിക്കുമല്ലൊ. പുരാതനകാലത്തെ 'നമ്പൂതിരിസഭ'കൾക്ക നാനാജാതിക്കാരും അധിവസിക്കുന്ന കേരളരാജ്യത്തെ മുഴുവൻ ഭരിക്കുവാൻ ത്രാണിയുണ്ടായിരുന്നുവെന്നും, ഇന്നത്തെ നമ്പൂതിരിസഭകൾക്ക ഓരോ വില്ലേജിലുള്ള നമ്പൂതിരിമാരെ മാത്രമെങ്കിലും ഇണക്കിക്കൊണ്ടുപോകുവാനും ഭരിക്കുവാനും മുൻകാലങ്ങളിലെപ്പോലെ ശക്തിയില്ലെന്നും വരുത്തുന്നതു വലിയ കഷ്ടമല്ലയോ? അങ്ങിനെ വാടുള്ളതല്ല! ഒത്തൊരുമിച്ചു പ്രവൃത്തിയെടുത്താൽ അപ്രകാരം വരുന്നതുമല്ല. നാം സ്ഥിരോത്സാഹത്തോടും, ഐകമത്യത്തോടും, സമുദായാഭ്യുദയകാംക്ഷയോടും കൂടി പ്രവൃത്തിയെടുത്താൽ ഇന്നല്ലെങ്കിൽ നാളെ നമ്മുടെ 'നമ്പൂതിരിയോഗക്ഷേമസഭ'യും തന്മൂലം നമുക്കും ഔന്നത്യം സിദ്ധിക്കുമെന്നതിൽ പക്ഷാന്തരമില്ല.

## സഭയും അതിന്റെ ഇന്നത്തെ പ്രചാരവും.

സഭക്കു മുൻകാലങ്ങളിൽ അത്ര വലിയ ഒരു പ്രചാരമുണ്ടായിരുന്നെങ്കിൽ ഇക്കാലത്തു അതിന്റെ സ്ഥിതി ഏതൊരു നിലയിലാണെന്നുകൂടി ഒന്നു പൎയ്യാലോചിക്കേ

ണ്ടതു അത്യാവശ്യമല്ലയോ? ഇതിനെപ്പററി ചിന്തിക്കു വാൻ നാം വലിയ ശ്രമം ഒന്നും ചെയ്യേണ്ടതില്ല. ഒന്നാമതായി നാം വൃത്താന്തപത്രങ്ങളെ ആശ്രയിച്ചാൽമതി. ഏതെങ്കിലും ഒരു പ്രതിവാരപത്രമൊ, ഒരു പ്രത്യർദ്ധവാരപത്രമൊ, അഥവാ ഒരു പ്രതിദിനപത്രമൊ, എടുത്തു നോക്കുന്നതായാൽ അവയുടെ മുക്കാൽ ഭാഗവും സഭകളുടെ റിപ്പോർട്ടുകളെക്കൊണ്ടു അലങ്കരിക്കപ്പെട്ടിരിക്കുന്നതായി നാം കാണുന്നു. മിക്ക പത്രങ്ങളുടേയും മുഖപ്രസംഗങ്ങൾ മിക്ക അവസരങ്ങളിലും മേൽ പറയപ്പെട്ട സഭകളെപ്പററിതന്നെയായിരിക്കും. ഇവയിൽ ഓരോന്നിൻെറ ഉദ്ദേശം ഓരോന്നായിരിക്കും. സാമുദായികമായും, രാജ്യകാര്യസംബന്ധമായും, വിദ്യാഭ്യാസസംബന്ധമായും, കച്ചവടസംബന്ധമായും, കൃഷിസംബന്ധമായും, സാഹിത്യസംബന്ധമായും, എന്നുവേണ്ട മററനേകവിധമായുള്ള സഭകൾ ഇന്നു അതാതു വിഷയങ്ങളിൽ നൈപുണ്യം സമ്പാദിച്ചിട്ടുള്ള യോഗ്യന്മാരാൽ നടത്തപ്പെട്ടുവരുന്നതായി, പത്രങ്ങൾ മുഖേനയും പല മാന്യന്മാർ മുഖേനയും നാം കണ്ടറിയുന്നുണ്ടല്ലൊ. ഇൻഡ്യാനിവാസികളായ മുപ്പത്തിമൂന്നുകോടി ജനങ്ങൾ എല്ലാം സഭയെ ഒന്നുപോലെ ആദരിച്ചുപോരുന്ന ഇക്കാലത്തു, മേൽപ്പറഞ്ഞ വലിയ സംഖ്യയുടെ എത്രയോ തുച്ഛമായ ഒരു ചെറിയ തുകയിൽ ഉൾപ്പെടുന്ന നാം മാത്രം (കേവലം നമ്പൂതിരിമാർ) ആ സഭാലക്ഷ്മിയെ വെറുക്കുന്നതു നമ്മുടെ മൂഢതയല്ലയൊ? അതുതന്നെ വലിയ കഷ്ടമല്ലയോ? ഇതിന്നു

ദൈവകോപംകൂടി ഉണ്ടാകയില്ലയോ? എന്തിനധികം പറയുന്നു; ഇതിനെല്ലാം മുഖ്യകാരണം നമ്മുടെ സമുദായത്തിന്റെ ദുർശാപവിപാകം ഒന്നുമാത്രമെന്നേ ഞാൻ കാണുന്നുള്ളൂ.

## സഭയും, വിദേശീയരാജ്യങ്ങളും

കേരളം പണ്ടു നമ്പൂതിരിമാർ സഭമുഖേനയാണ് ഭരിച്ചുവന്നിരുന്നത് എന്നു ഞാൻ ആദ്യം പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെ സഭമുഖേന രാജ്യം ഭരിക്കുന്ന സമ്പ്രദായം വിദേശീയരാജ്യങ്ങളിൽ ഇന്നും ഒട്ടും അപൂർവമല്ല. ആകൃതികൊണ്ടും, ജനസംഖ്യകൊണ്ടും യഥാർത്ഥപരിഷ്കാരത്തിന്റെ വർദ്ധന നിമിത്തം ഉണ്ടാകാവുന്ന സുഖസൌകര്യങ്ങളെക്കൊണ്ടും ഇൻഡ്യയേക്കാൾ ഔന്നത്യം സിദ്ധിച്ചിട്ടുള്ള എത്ര വിദേശീയരാജ്യങ്ങളാണ് ഇന്നു സഭയുടെ അധികാരത്തിൻകീഴിൽ ഭരിക്കപ്പെട്ടുവരുന്നത്? ഉദാഹരണമായി, അമേരിക്ക, ഫ്റാൻസ്, ചൈനാ തുടങ്ങിയുള്ള രാജ്യങ്ങളുടെ ഭരണസമ്പ്രദായത്തെ എടുക്കാം. അമേരിക്കാ, ഫ്റാൻസ്, ചൈനാ മുതലായ രാജ്യങ്ങളുടെ അധിപതികൾ എന്നും ഒരു കുടുംബത്തിലുള്ളവരായിരിക്കയില്ല. പാരമ്പര്യവഴിക്കു രാജ്യാധിപത്യം ലഭിക്കുന്ന പതിവു മേൽപ്പറയപ്പെട്ട രാജ്യങ്ങളിൽ തീരെയില്ല. അതാതു രാജ്യനിവാസികൾ യഥാകാലം സഭകൾ കൂടുകയും, ആ സഭകളിൽ വെച്ചു അടുത്ത നാലു കൊല്ലത്തെ (അധികം നന്നാലു കൊല്ലത്തേക്കാണു നിശ്ചയിക്കുക പതിവ്) ഭരണത്തിനു ഒരു യോഗ്യപുരുഷനെ തിരഞ്ഞെടുക്കയും ചെയ്യും.

അദ്ദേഹം ജനങ്ങൾക്കും രാജ്യത്തിനും, ക്ഷേമകാരിയല്ലെന്നു എന്നാണൊ അധികപക്ഷം ജനങ്ങൾക്കു ബോദ്ധ്യം വരുന്നത്, അന്നു അദ്ദേഹത്തെ സിംഹാസനഭ്രഷ്ടനാക്കുവാനും ആ മഹാസഭയ്ക്കു അധികാരമുണ്ട്. ഇതിൽനിന്നും നാം എന്തു ഗ്രഹിക്കുന്നു? സഭയ്ക്കു ഒരുവനെ രാജാവാക്കുവാനും അല്ലാതാക്കുവാനും അധികാരമുണ്ടെന്നല്ലയോ?

## സഭയും ഇൻഡ്യാഭരണവും

അലാവുദിൻ, തൈമൂർ, ഔറംഗസീബ്, ടിപ്പു തുടങ്ങിയുള്ള ക്രൂരമഹമ്മദീയനേതാക്കന്മാരുടെ ഭരണത്തിൻ കീഴിൽ ഇരുന്നിരുന്ന ആ പുരാതനകാലത്തു നമ്മുടെ മാതൃഭൂമിയായ ഈ ഇൻഡ്യ എത്ര പീഡിതയായിരുന്നു? 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്നായിരുന്നില്ലയൊ അന്നത്തെ നയം? തന്നിമിത്തം നമ്മുടെ എത്ര സഹോദരങ്ങൾക്കാണ് അകാലമൃതി സംഭവിച്ചിട്ടുള്ളത്? ഇവയെ എല്ലാം ഇല്ലായ്മ ചെയ്തതു ഏതൊരു ശക്തിയുടെ ശക്തിയാണെന്നാണു വിചാരിക്കുന്നത്? ആ ശക്തിക്കു എന്തെന്നില്ലാത്ത ഒരു മാഹാത്മ്യം ഉണ്ടെന്നൊ ഇല്ലെന്നൊ എന്താണ് തിച്ചപ്പെടുത്തുന്നത്? ആവട്ടെ; എന്നാൽ ആ ശക്തിയുടെ സ്വഭാവത്തെപ്പററിയും, മാഹാത്മ്യത്തെപ്പററിയും കുറഞ്ഞൊന്നു ഞാൻതന്നെ ഇവിടെ പറയാം.

എന്നാണ് ഇൻഡ്യക്കു സഭാലക്ഷ്മിയുടെ തേജസ്സു ഏല്ക്കുവാൻ സംഗതി വന്നത്, അന്നായിരുന്നു മേൽ പറയപ്പെട്ട ദുഷ്ടകൃത്യങ്ങൾ പൊടുന്നനവെ നിന്നുപോയത്. പാർല്ലിമെൻറുസഭയുടെ പ്രകാശം ഇൻഡ്യയിൽ തട്ടിയ

തോട്ടുകൂടി സമാധാനപരിപാലനത്തിലുള്ള ശ്രദ്ധ പൂർവ്വാധികം പതിഞ്ഞുതുടങ്ങി. ഇൻഡ്യാരാജ്യം 1857-ൽ പാർല്ലിമെൻറിൻെറ കീഴിൽ ഭരിക്കപ്പെട്ടു തുടങ്ങി. ഇതിൽനിന്നു 59 കൊല്ലമായി ഇൻഡ്യ പാർല്ലിമെൻറുസഭയുടെ കീഴിൽ ഭരണമേററു സുഖിക്കുന്നു എന്നു എല്ലാവരും ഗ്രഹിക്കാമല്ലൊ. 57 മുതല്ക്കു ഇൻഡ്യ പരിഷ്കാരഫലങ്ങളെ അനുഭവിച്ചു തുടങ്ങുകയും, തന്നിമിത്തം ഭരണത്തിനു എന്തെന്നില്ലാത്ത ഒരു മാററം സംഭവിക്കുകയും ചെയ്തു. ഇൻഡ്യയുടെ ഇന്നത്തെ ഭരണമെല്ലാം സഭകളെയല്ലയോ ആശ്രയിച്ചിരിക്കുന്നത്! ഗ്രാമപ്പഞ്ചായത്തു, മുൻസിപ്പാലിററി, താലൂക്കു ബോർഡ്, ഡിസ്ട്രിക്ടുബോർഡു, നിയമനിർമ്മാണസഭ, വൈസ്രോയിയുടെ ആലോചനാസഭ, എന്നു തുടങ്ങി പലേ നാമധേയങ്ങളിൽ ഇൻഡ്യയിലെല്ലാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു മുൻപറഞ്ഞ 'സഭാമാതാ' എന്ന ലോകപ്രസിദ്ധയായ പാർല്ലിമെൻറിൻെറ വിശിഷ്ട സന്താനങ്ങളല്ലയോ? ഈ സന്താനങ്ങളുടെ നയവിശേഷത്താലല്ലയൊ ഇൻഡ്യാനിവാസികളായ നാമെല്ലാം നമ്മുടെ സ്ഥാനങ്ങളിൽ ഇരുന്നു പൊറുക്കുന്നത്? സഭയുടെ ബഹുലത രാജ്യക്ഷേമത്തിന്നു ഒന്നാമത്തെ കാരണമാണെന്നു സാധിക്കുവാൻ എത്രയോ ന്യായങ്ങൾ ഇനിയും കിടക്കുന്നുണ്ട്. എത്രയും ചെറിയ രാജ്യമായ തിരുവിതാംകൂറിൽ പോലും പ്രജാസഭ, നിയമനിർമ്മാണസഭ മുതലായവ നടത്തപ്പെടുന്നു. എന്തിനധികം, തിരുവിതാംകൂറിനേക്കാൾ എത്രയോ ചെറിയ രാജ്യമായ കൊച്ചിയിൽ കൂടി ഇതാ ഒരു മഹാജനസഭയുടെ ബീജം നട്ടിരിക്കുന്നു.

## നമ്പൂതിരിയോഗക്ഷേമസഭ.

നമ്മുടെ നമ്പൂതിരിയോഗക്ഷേമസഭ ആരംഭിച്ചതു 1083-ാമാണ്ടു കുംഭമാസം 18-ാംനു-യാണെന്നു പറഞ്ഞാൽ നാം നമ്മുടെ ദീൎഘനിദ്രയിൽനിന്നു കുറച്ചൊന്നുണൎന്നു കണ്ണുമിഴിക്കുവാൻ തുടങ്ങീട്ടു കൊല്ലം എട്ടു മാത്രമേ ആയിട്ടുള്ളു എന്നു കാണുന്നുണ്ടല്ലോ. ഈ ചുരുങ്ങിയ എട്ടു കൊല്ലത്തിനകത്തു നമ്മുടെ സഭയും സമുദായവും എന്തെന്നില്ലാത്ത ഒരു അവസ്ഥാന്തരത്തെ പ്രാപിച്ചിട്ടുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. നമ്മുടെ സമുദായത്തിൽ പെട്ടവരിൽത്തന്നെ ചിലർ സഭയെ വെറുക്കുന്നുണ്ടെന്നും എനിക്കറിയാം. നാം ഇപ്പോൾ സഭ കൂടുന്നതും പ്രസംഗിക്കുന്നതും എല്ലാം നമ്മുടെ ഒരു മാതിരി ഉറക്കഭ്രാന്തിയാണെന്നു പക്ഷേ ഞാൻ സമ്മതിക്കാം. എന്നാൽ സഭയെ വെറുക്കുന്നവർ പറയുംപ്രകാരം ഇതെല്ലാം നമ്മുടെ മുഴുഭ്രാന്താണെന്നു ഞാൻ ഒരിക്കലും സമ്മതിക്കുന്നതല്ല. നമ്പൂതിരിയോഗക്ഷേമമഹാസഭകൊണ്ടു നമ്പൂതിരിമാൎക്കു ഗുണമോ ദോഷമോ ഏതാണുണ്ടാകുന്നതെന്നു പത്രങ്ങൾ വായിക്കുന്നവരോടും ഈ കഴിഞ്ഞ വാൎഷികയോഗത്തിൽ പങ്കു കൊണ്ടിട്ടുള്ള സമുദായസ്നേഹികളോടും ഇനി പ്രത്യേകിച്ചു പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇതു രണ്ടും ചെയ്യാത്തവരോടും വാസ്തവത്തിൽ ഒന്നും പറയേണ്ടതില്ല. എങ്കിലും നമ്പൂതിരിയോഗക്ഷേമസഭയുടെ ഉദ്ദേശവും സമ്പ്രദായവും പറഞ്ഞു മനസ്സിലാക്കേണ്ടതായ ചുമതല താൽപ്രവൎത്തകന്മാൎക്കുണ്ട്.

അതുകൊണ്ടു ഈ സഭയുടെ ഉദ്ദേശം ഇന്നതാണെന്നു അറിഞ്ഞുകൂടാത്തവർ വല്ലവരും ഉണ്ടെങ്കിൽ അവരുടെ ആവശ്യത്തിന്നായി അതിനെ ഇവിടെ സമഷ്ടിയായി ഒന്നു പറയാം. (1) നമ്പൂതിരിമാൎക്കു വിദ്യാഭ്യാസസംബന്ധമായും ധൎമ്മാചാരസംബന്ധമായും ഉള്ള അഭിവൃദ്ധി ഉണ്ടാക്കി കൊടുക്കുകയും, (2) ഈ ഉദ്ദേശം തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നീ മൂന്നു ഗവൎമ്മേണ്ടുകഠം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നീതിന്യായങ്ങളേയും രാജ്യതന്ത്രനിൎമ്മാണസ്ഥിതിയേയും അനുസരിച്ചു സാധിപ്പിച്ചു കൊടുക്കുകയും, (3) നമ്പൂതിരിമാർ അധികമായി അധിവസിച്ചുവരുന്ന ദിക്കുകളിൽ ഉപസഭകഠം സ്ഥാപിക്കുകയും അവകളുടെ അധികാരത്തിൻകീഴിൽ വിദ്യാലയങ്ങഠം സ്ഥാപിക്കുകയും മററു വേണ്ട സുഖസൌകൎയ്യങ്ങഠം എല്ലാം ഉണ്ടാക്കിക്കൊടുക്കയും ആകുന്നു. ഈ ഉദ്ദേശപ്രകാരം നമ്മുടെ മഹാസഭയും ഉപസഭയും എന്നാണോ പ്രവൎത്തിക്കുവാൻ സംഗതിവരുന്നത് അന്നാണ് നമ്മുടെ സഭയും സമുദായവും അഭ്യുദയത്തെ പ്രാപിക്കുക. അതിനാണു നാമെല്ലാം ഒത്തൊരുമിച്ചു സദാ പ്രയത്നിക്കേണ്ടതും. നമ്മുടെ പ്രയത്നത്തിൻെറ ഫലത്തെയാണു നാം എപ്പോഴും പ്രതീക്ഷിച്ചിരിക്കേണ്ടതും.

### മഹാസഭയും ഉപസഭകളും.

നമ്പൂതിരിയോഗക്ഷേമസഭയുടെ വ്യാപ്തിയെ ആലോചിച്ചു നോക്കുന്നതായാൽ പ്രസ്തുതസഭയ്ക്കു ഇപ്പോഠം ഉപസഭകഠം തീരെ ഇല്ലെന്നു തന്നെ പറയാം. കന്യാകു

മാരി മുതൽ കാഞ്ഞിരോട്ടു പുഴവരെയുള്ള ഒരു വലിയ ഭൂഭാഗത്തെ അധിവസിക്കുന്ന കട്ടു വളരെ മലയാളബ്രാഹ്മണരുടെ സമുദായോദ്ധരണത്തിന്നായി ആരംഭിച്ചിട്ടുള്ള നമ്പൂതിരിയോഗക്ഷേമമഹാസഭയ്ക്കു കുറഞ്ഞപക്ഷം ഒരായിരം ഉപസഭകളാകുന്ന സന്താനങ്ങളെങ്കിലും ഉണ്ടാകാതെ എങ്ങിനെയാണു സഭയുടെ ഉദ്ദേശം സാധിക്കുക? ഉപസഭകളുടെ ഉദ്ദേശം ഇന്നതായിരിക്കണമെന്ന് ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. മഹാസഭയുടെ ഉദ്ദേശങ്ങളെ നിറവേറ്റുവാൻ സർവ്വപ്രകാരേണയും ഉപസഭകൾ സർവ്വദാ സന്നദ്ധകളായിരിക്കണം. മഹാസഭയെ ഉച്ചസ്ഥിതിയിൽ എത്തിക്കേണ്ടതായ ചുമതല ഉപസഭകൾക്കു എന്നും ഇരിക്കുന്നതാണ്. കൂടാതെ, ഉപസഭകളെ മക്കളെയെന്നപോലെ വേണ്ട സദുപദേശങ്ങൾ കൊടുത്തു ഭരിച്ചുപോരേണ്ടതായ ഭാരം മഹാസഭയ്ക്കും ഇരിക്കുന്നുണ്ട്.

നമുക്കു മഹാസഭയെ ഒരു വലിയ പന്തലായും ഉപസഭകളെയെല്ലാം മഹാസഭയാകുന്ന പന്തലിന്റെ കാലുകളായും കല്പിക്കാം. എന്നാൽ പന്തലിനും, കാലുകൾക്കും തമ്മിൽ ഉള്ള ബന്ധവും ഐക്യവും എപ്രകാരമിരിക്കുന്നുവോ അപ്രകാരമുള്ള ബന്ധവും ഐക്യവും മഹാസഭയ്ക്കും ഉപസഭകൾക്കും തമ്മിൽ കൂടി ഉണ്ടായിരിക്കണമെന്നും സിദ്ധിച്ചുവല്ലോ. ഒരു വലിയ പന്തലിനെ താങ്ങുവാൻ അനവധി കാലുകൾ ആവശ്യപ്പെടുന്നു. അതുപോലെ തന്നെ ഒരു മഹാസഭയെ താങ്ങുവാൻ, അതായതു മഹാസഭയുടെ ഉദ്ദേശനിവൃത്തി വരുത്തുവാൻ, അനവ

ധി ഉപസഭകൾ ആവശ്യമാണ്. പന്തലു കാലുകളുടെ മുകളിൽ വെച്ചതുകൊണ്ടു മാത്രം അതുകൾക്കു തമ്മിൽ ഒരിക്കലും ബന്ധം ഉണ്ടാകുന്നില്ല. നേരെ മറിച്ച് എത്ര ഗംഭീരമായ ചണ്ഡമാരുതൻ തട്ടിയാലും അലഞ്ഞുലഞ്ഞു പോകാതിരിക്കത്തക്കവണ്ണം അത്ര ഉറപ്പിൽ കരുത്തുള്ള പാശങ്ങളെക്കൊണ്ടു അവ തമ്മിൽ ബലപ്പെടുത്തണം. അപ്രകാരം തന്നെ നമ്പൂതിരിയോഗക്ഷേമോപസഭ എന്നു പേർ പറയുന്നതുകൊണ്ടും മഹാസഭയ്ക്കു ഒരു വഷാന്തറിപ്പോർട്ട് അയച്ചുകൊടുക്കുന്നതുകൊണ്ടും മാത്രം ഈ നമ്പൂതിരിസഭകൾക്കു എല്ലാം തമ്മിൽ ഐക്യം സിദ്ധിച്ചു എന്നു വിചാരിച്ചു തൃപ്തിപ്പെടുവാൻ നമുക്കു ഒരിക്കലും പാടുള്ളതല്ല. പിന്നെ എന്തു വേണമെന്നാൽ ഏതൊരു കാപട്യമാകുന്ന ചണ്ഡവാതത്തിൽ പെട്ടാലും തങ്ങൾ തങ്ങൾക്കു കേടു തട്ടാത്ത വിധത്തിൽ അത്ര പിരിമുറുക്കമുള്ള ഒരു നിയമപാശത്താൽ ഈ സഭകൾ എല്ലാം ബന്ധിക്കപ്പെടണം. അതിനുശേഷം ആ നിയമപാശത്തെ അവലംബിച്ചു നടക്കുന്ന ഉപസഭകളെ മാത്രമേ നമ്പൂതിരിയോഗക്ഷേമമഹാസഭയുടെ യഥാർത്ഥോപസഭകൾ എന്നു പറവാൻ പാടുള്ളൂ. അക്കാലത്താണ് ഉപസഭകൾ വൎദ്ധിച്ചു വരേണ്ടതും വരുന്നതും. അങ്ങിനെയുള്ള ഒരു കാലം ഉണ്ടാകുവാൻ നമുക്കു ഇന്നുതന്നെ വൈകിയിരിക്കുന്നു. അതുകൊണ്ടു ഉപസഭകൾക്കും മഹാസഭയ്ക്കും തമ്മിലുള്ള അധികാരങ്ങളേയും ബന്ധത്തേയും ഉത്തരവാദിത്വത്തേയും ക്ലിപ്തപ്പെടുത്തുന്ന ഒരു നിയമം ഉണ്ടാക്കി താമസിയാ

തെ യോഗക്ഷേമപത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ മ ഹാസഭ ശ്രമിക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. പത്രത്തിൽ പ്രസിദ്ധപ്പെടുത്തേണമെന്നു പറഞ്ഞതിന്റെ താല്പൎയ്യം വല്ലവരെ ജനങ്ങളുടെ ദൃഷ്ടിയിൽ പെട്ടുകൊള്ളട്ടെ എന്നു മാത്രമേയുള്ളു. എന്തു സാധനവും കലക്കിത്തെളി യിച്ചാൽ അധികം നന്നായിരിക്കുമെന്നുള്ള തത്വം സുപ്ര സിദ്ധമാണല്ലോ. സഭയെപ്പററി ഇപ്രകാരം ഒരു നിരൂ പണം ഞാൻ ഇപ്പോൾ എഴുതി വായിച്ചതിൽനിന്നും എന്റെ പ്രിയപ്പെട്ട സഹോദരങ്ങൾക്കു വല്ലതും കാൎയ്യമെ ന്നു തോന്നുകയോ അതിനെ സ്വീകരിക്കുകയോ ചെ യ്താൽ എന്റെ ആ ശ്രമം സഫലമായി എന്നുമാത്രം പറ ഞ്ഞുകൊണ്ടും സഭ്യന്മാരായ നിങ്ങൾക്കു എല്ലാം ഹൃദയപൂ ൎവ്വം വന്ദനം പറഞ്ഞുകൊണ്ടും ഈ ഉപന്യാസത്തെ ഉ പസംഹരിച്ചുകൊള്ളുന്നു.

വി. എസ്സ്. നാരായണൻ നമ്പൂതിരി.

## ൬. വിദ്യാഭ്യാസം.

വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പററിയാണു രണ്ടു വാക്കു പറയേണമെന്നു ഞാൻ വിചാരിക്കുന്നതു്. ഇതിൽ വല്ല സംഗതിയും യുക്തിക്കു യോജിക്കാത്തവയാ യിട്ടോ, അനാവശ്യമെന്നു തോന്നുന്നവയായിട്ടോ ഉണ്ടെ ങ്കിൽ അതുകളെ ദൂരീകരിക്കുന്നതിനും, അംഗീകാരയോഗ്യ

മായുള്ളതിനെ സ്വീകരിക്കുന്നതിനും മഹാജനങ്ങളോട് ഭക്തിബഹുമാനപുരസ്സരം അപേക്ഷിച്ചുകൊള്ളുന്നു. നമ്മുടെ വാസഭൂമിയായ കേരളരാജ്യം ഏകദേശം ഒന്നരരണ്ടു നൂറ്റാണ്ടുകാലംക്കു മുമ്പുവരെ വിദ്വാന്മാരെക്കൊണ്ടു അലങ്കരിക്കപ്പെട്ടിരുന്നതും, തന്നിമിത്തം അന്യരാജ്യക്കാൎക്കു് അസൂയയെ ദിനംപ്രതി വൎദ്ധിപ്പിച്ചുകൊണ്ടിരുന്നതും ആയ ഒരു പുണ്യഭൂമി ആയിരുന്നു എന്നതിനു സംശയമില്ല. അക്കാലങ്ങളിൽ ഉണ്ടായിരുന്ന വിദ്വാന്മാർ മിക്കവരും നമ്മുടെ സമുദായത്തിൽ ഉൾപ്പെട്ടവർ ആയിരുന്നു എന്ന ഏകസംഗതി നമുക്കു എത്ര ഉത്സാഹത്തെയും അഭിമാനത്തെയും ആണു ഉണ്ടാക്കുന്നതു്! പക്ഷെ ആ വക അഭിമാനവും ഉത്സാഹവും അത്ര സാരമുള്ളതായി വിചാരിപ്പാനില്ലെന്നും, അന്യന്മാൎക്കു നമ്മെപ്പറ്റി ഒരു പരിഹാസത്തിനു കാരണമാക്കിത്തീൎക്കുവാൻ മാത്രമേ ഉപയോഗമുള്ളു എന്നുമാണു തോന്നുന്നതു്. എന്തെന്നാൽ കഴിഞ്ഞ കാൎയ്യത്തെപ്പറ്റി ആ സന്തോഷിക്കുന്നതും സന്തപിക്കുന്നതും ഒരു മാതിരി മൂഢലക്ഷണമാണെന്നാണു് ഇപ്പോഴത്തെ ബോധ്യം. നമ്മുടെ പൂൎവ്വികന്മാർ ഈ കേരളത്തിലേക്കു ഉണ്ടാക്കിത്തീൎത്തിട്ടുണ്ടായിരുന്ന യശസ്സിനെ പിൻതുടൎച്ചാവകാശവഴിക്കു നാം കൈവശംവെച്ചു സൂക്ഷിച്ചുപോന്നിരുന്നു എങ്കിൽ, നമുക്കു ന്യായമായി അഭിമാനിക്കുകയും സന്തോഷിക്കുകയും ചെയ്യാമായിരുന്നു. അപ്രകാരം ചെയ്യാതെ കേവലം അഭിമാനിക്കുന്നതു എന്തുപോലെ എന്നാൽ, അഗസ്ത്യൻ മുത്തച്ഛൻ ഏഴു സമുദ്രത്തെ

ധ്യം ഒന്നായി ഒരാചമനംകൊണ്ടു നിർജ്ജലപ്രായമാക്കി തീൎത്തു എന്നു ഒരു വിദ്വാൻ വളരെ അഭിമാനത്തോടുകൂടി പറഞ്ഞിട്ടുള്ളതായി നാം കേൾക്കുമ്പോൾ അയാളുടെ ആ വൃഥാപ്രലപനത്തെ എന്തുപോലെയാണു വിചാരിക്കുന്നത്, അതുപോലെയല്ലാതെ മററുള്ളവരും നമ്മെപ്പററി വിചാരിക്കുമോ? അതിനാൽ നാം ചെയ്യേണ്ടതു നമ്മുടെ പൂൎവ്വികന്മാർ അവരുടെ ഉത്സാഹശീലത്താൽ സമ്പാദിച്ചുവെച്ചിട്ടുണ്ടായിരുന്ന യശസ്സിനെ ഇല്ലായ്മ ചെയ്യാതെ എന്നന്നേക്കും നിലനിറുത്തത്തക്ക വിധത്തിൽ വേണ്ട ഏൎപ്പാടു ചെയ്യേണ്ടതാണെന്നും, അങ്ങിനെ ചെയ്യ എങ്കിലല്ലാതെ ഇരുനൂറു കൊല്ലങ്ങൾക്കു മുമ്പു നമ്മുടെ സമുദായത്തിന്റെ സ്ഥിതി വളരെ ഉൽകൃഷ്ടാവസ്ഥയിലായിരുന്നല്ലോ എന്നും മററും ഉള്ള വിചാരങ്ങളെക്കൊണ്ടു മനസ്സിനെ മലിനപ്പെടുത്താതെ കഴിക്കാൻ തരപ്പെടുകയില്ല എന്നും ഉള്ള സംഗതി നിൎവ്വിവാദമായിട്ടുള്ളതാകുന്നു.

ഇപ്രകാരം പറഞ്ഞതുകൊണ്ടു നമ്മുടെയിടയിൽ ഇപ്പോൾ വിദ്വാന്മാർ ഇല്ലെന്നു പറയുന്നു എന്നു നിങ്ങൾ വിചാരിച്ചുപോകരുത്. പുരാതനകാലത്തെ അപേക്ഷിച്ചു നോക്കുമ്പോൾ എണ്ണത്തിലും വൎണ്ണത്തിലും വളരെ കുറവാണെന്നും, എല്ലാവരേയും ഒന്നിച്ചു കണക്കാക്കുന്നതായാൽ തന്നെ നമ്മുടെ കൈവിരലുകൾ ധാരാളം മതിയാകുമെന്നും മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇങ്ങിനെ കുറെക്കാലവുംകൂടി നാം മടിയന്മാരായിരുന്നു എങ്കിൽ മല

യാളബ്രാഹ്മണരിൽ വിദ്വാൻ എന്ന സ്ഥാനത്തു ഒരുത്തന്നെ വെച്ചേക്കണ്ടിവരുമെന്നുള്ളതിനും സംശയമില്ല. നമ്മൾ പരമ്പരയായി അഭ്യസിച്ചുവരുന്ന വിദ്യ വേദമാണല്ലോ. അതു ബ്രാഹ്മണൎക്ക അത്യാവശ്യം വേണ്ടതുതന്നെയാണ്. പക്ഷെ നാം അതിൻെറ അൎത്ഥത്തെ ഗ്രഹിക്കാൻ ശ്രമിക്കേണ്ടതാണ്. എന്തെന്നാൽ സകലശാസ്ത്രങ്ങൾക്കും, എന്നുതന്നെയല്ലാ നാം കാണുന്നതായ സകല വസ്തുക്കൾക്കും ആധാരമായിട്ടുള്ളതു വേദമാകുന്നു.

വേദത്തിൽ പറയാത്തതായ യാതൊന്നും മുമ്പു നടന്നിട്ടും ഇനി നടക്കുന്നതായിട്ടും ഇല്ല. അതുകൊണ്ടു വേദത്തിൻെറ തത്വം തന്നെയാകുന്നു പരബ്രഹ്മം. ബ്രഹ്മബോധം ഉണ്ടാകേണമെങ്കിൽ വേദത്തിൻെറ സാരം ഗ്രഹിക്കാൻ വേണ്ട ശ്രമം ചെയ്യേണ്ടതാണ്. അത്ര ദീൎഘപ്രയത്നം ചെയ്തു വിദ്വത്വം സമ്പാദിച്ച വേദത്തിൻെറ സാരം ഗ്രഹിച്ചിട്ടു എന്താവശ്യമെന്നു വിചാരിച്ചിട്ടായിരിക്കാം അതിലേക്ക ശ്രദ്ധ വെയ്ക്കാത്തതെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

എന്നാൽ വേദസാരം ഗ്രഹിക്കാത്തതായ ഒരുവനേയും ശരിയായ വിദ്വാനെന്നു ഖണ്ഡിതമായി പറയുന്നതിലേക്ക തരമില്ല. അതിനാൽ നാമും ദീൎഘപ്രയത്നം ചെയ്തിട്ടെങ്കിലും നമ്മുടെ പൂൎവ്വികന്മാരെപ്പോലെ വിദ്വത്വം സമ്പാദിക്കേണ്ടതിലേക്ക ശ്രമിക്കേണ്ടതാണ്. വിദ്യയാണല്ലോ മനുഷ്യരുടെ യഥാൎത്ഥമായ കണ്ണുകൾ. എന്നു തന്നെയല്ലാ കാൎയ്യാകാൎയ്യവിവേചനാശക്തിയും വിദ്യ

യില്ലെങ്കിൽ എങ്ങിനെയുണ്ടാകും? ഈ ഒരു ശക്തിയില്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ ഭേദമെന്നുള്ളതു "വിദ്യാവിഹീനഃപശുഃ" എന്നുള്ള പ്രാചീനവാക്യം തന്നെ നമ്മെ മനസ്സിലാക്കുന്നുണ്ട്. ഒരു മനുഷ്യനു എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നാലും വിദ്യാഭ്യാസമില്ലെങ്കിൽ ആൎക്കും വാസ്തവമായ ബഹുമാനം ഉണ്ടാകുന്നതല്ലെന്നും നേരെ മറിച്ചു എത്ര ദരിദ്രനായിരുന്നാലും വിരൂപനായിരുന്നാലും വിദ്വത്വം ഉണ്ടെങ്കിൽ സകലജനങ്ങളും ആയാളെ പൂജിക്കാതിരിക്കയില്ലെന്നും ഞാൻ പ്രത്യേകം പറയേണമെന്നില്ലല്ലൊ. 'വിദ്വാൻ സൎവ്വത്ര പൂജ്യതെ' എന്നല്ലെ പ്രമാണം? അതുകൊണ്ടു മനുഷ്യരായി ജനിച്ചാൽ വിദ്യാസമ്പാദനത്തിൽതന്നെയാണ് ശ്രദ്ധാലുക്കളായിരിക്കേണ്ടതെന്നുള്ളതിനു സംശയമില്ല. പൂൎവ്വികന്മാരെപ്പോലെതന്നെ വിദ്യാസമ്പാദനത്തിനു നമ്മെക്കൊണ്ടു സാധിക്കുമൊ എന്നു സംശയിക്കുന്നു എങ്കിൽ അതും ആവശ്യമില്ലാത്തതാണ്. നാം നിരന്തരോത്സാഹികളായി ശ്രമിച്ചാൽ എന്തു കാൎയ്യമാണു നമുക്കു സാദ്ധ്യമല്ലാതെ വരുന്നതു?.

നാം പൂൎവ്വികന്മാരുടെ ശ്രമത്തെ ഒരു കാൎയ്യത്തിൽ മാത്രമല്ലാതെ പിൻതുടരുന്നതിനു ബദ്ധകങ്കണന്മാരായിരിക്കുന്നുണ്ടോ? ആയതു ധനസമ്പാദനത്തിൽതന്നെയല്ലേ? ഇങ്ങിനെ പറഞ്ഞതുകൊണ്ടു നമ്മുടെ പൂൎവ്വികന്മാർ നമ്മെപ്പോലെതന്നെ ധനേച്ഛുക്കളായിരുന്നു എന്നു ആരും തെറ്റിദ്ധരിച്ചു പോകരുത്. നാം സമ്പാദിക്കുന്ന ധന

വും അവർ സമ്പാദിച്ചിരുന്നതായ ധനവും തമ്മിൽ വളരെ അന്തരമുണ്ട്. അവർ ഉത്തമധനമായി വിചാരിച്ചുപോന്നിരുന്നതു വിദ്യയായിരുന്നു എന്നും, അതു നാം അതിക്ലേശം ചെയ്തു സമ്പാദിച്ചുവരുന്ന യഥാൎത്ഥമായ ധനത്തേക്കാൾ ഏററവും ശ്രേഷ്ഠതയുള്ളതും, സമ്പാദിക്കാൻ ശ്രമം ഉണ്ടെങ്കിലും അതിന്റെ പരിപാലനത്തിൽ വേണ്ടിവരുന്ന അദ്ധ്വാനത്തിന്നു വളരെ ലാഘവം ഉണ്ടാകുന്നതുമാണെന്നും താഴെ കാണിക്കുന്ന മഹാകവിപ്രയോഗം തന്നെ നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

നരാജഹാൎയ്യംനതുചോരഹാൎയ്യം
നഭ്രാതൃഭാജ്യംനകരോതിഭാരം
വ്യയേകൃതേവൎദ്ധതഏവനിത്യം
വിദ്യാധനംസൎവധനാൽപ്രധാനം്

ഇങ്ങിനെയുള്ളതുകൊണ്ടുതന്നെയായിരിക്കണം യഥാൎത്ഥധനത്തേക്കാൾ വിദ്യാധനസമ്പാദനത്തിൽ അവർ ജാഗരൂകന്മാരായിരുന്നതെന്നു നമുക്കൂഹിക്കാം.

വിദ്യാധനത്തിന്നു മുൻവിവരിച്ച വിശിഷ്ടഗുണങ്ങൾ കൂടാതെ വേറെയും ചില ഗുണങ്ങൾ കൂടിയുണ്ടെന്നു ഒരിംഗ്ലീഷുപണ്ഡിതൻ ദൃഷ്ടാന്തരൂപേണ താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ടു. അതായത് നാം വല്ല അപകടത്തിലും അകപ്പെടുവാൻ ഭാവിക്കുമ്പോൾ അതിൽനിന്നും നമ്മെ രക്ഷിക്കുന്നതിന്നു വേണ്ട സാരോപദേശം ചെയ്തു തരുന്നതിന്നും, സംഗതിവശാൽ നാം കോപിഷ്ഠന്മാരാകുന്നു എങ്കിലും സദുപദേശംകൊണ്ടു നമ്മെ സമാ

ശപസിപ്പിക്കുന്നതിനും വിദ്യയെക്കാൾ സാമൎത്ഥ്യം നാം സമ്പാദിച്ചിട്ടുള്ള ഉററബന്ധുക്കൾക്കും ദ്രവ്യത്തിനും ഇല്ലെന്നും, ബന്ധുക്കൾ ചില സമയങ്ങളിൽ നമ്മെ ഉപേക്ഷിച്ചേക്കാമെന്നും, എന്നാൽ വിദ്യ ഒരു സമയത്തും അപ്രകാരം ചെയ്യുന്നതല്ലെന്നും ആകുന്നു.

അതിനാൽ, അല്ലയോ മഹാജനങ്ങളേ, നിങ്ങൾ വിദ്യാസമ്പാദനത്തിൽ തന്നെ നിങ്ങളുടെ മനസ്സിനെ നിശ്ചഞ്ചലമായി ഉറപ്പിക്കുന്നതാണെന്നു ഞാൻ വീണ്ടും പറഞ്ഞുകൊള്ളുന്നു. എന്നാൽ നമ്മുടെ പ്രാചീനന്മാർ പരമ്പരയായി അഭ്യസിച്ചു വന്നിരുന്നതായ വിദ്യകളെ മാത്രം അഭ്യസിച്ചാൽ പോരാ; കാലാവസ്ഥകൊണ്ടു ഇംഗ്ലീഷിലും കൂടി പാണ്ഡിത്യം ഉണ്ടാക്കേണ്ടതായിട്ടും നമുക്കു വന്നുചേൎന്നിട്ടുണ്ട്. പ്രായേണ ജനങ്ങൾ നമ്മുടെ സകല ശാസ്ത്രങ്ങളേക്കാളും സാരമായിട്ടുള്ളത് ഇംഗ്ലീഷുശാസ്ത്രമാണെന്നു വിചാരിപ്പാൻ തുടങ്ങിയിരിക്കുന്നു. ആയതു നമ്മുടെ ഇപ്പോഴത്തെ രാജഭാഷയായിരിക്കുന്നതുകൊണ്ടു തന്നെയാണ്.

ഭോജരാജാവിൻെറ കാലത്തിലും മററും സംസ്കൃതഭാഷാപണ്ഡിതന്മാരെ വളരെ ബഹുമാനിച്ചിരുന്നത് അദ്ദേഹം ആ ഭാഷയിൽ അതിചതുരനായിരുന്നതുകൊണ്ടു തന്നെയാണ്. എന്തിനധികം വിസ്തരിക്കുന്നു.

എന്തു തന്നെ ആയിരുന്നാലും രാജാക്കന്മാർ ബഹുമാനിക്കുന്നതായാലല്ലാതെ ജനങ്ങൾ അതിനെക്കൊണ്ടുപ്ടുന്നതല്ലെന്നും രാജാക്കന്മാരുടെ ഇഷ്ടാനുസരണമല്ലാതെ ജനങ്ങൾക്കു നടക്കുവാൻ തരമില്ലെന്നും താഴെ കാണിക്കുന്ന പ്രമാണം തെളിയിക്കുന്നുണ്ടു.

രാജ്ഞി ധൎമ്മിണി ധൎമ്മിഷ്ഠാഃ
പാപേ പാപരതാസ്സദാ
രാജാനമനുവൎത്തന്തേ
യഥാ രാജാ തഥാ പ്രജാഃ

അതിനാൽ ഇപ്പോൾ നമ്മെ ഭരിച്ചു പോരുന്നത് ഇംഗ്ലീഷ് രാജാവാകയാൽ അദ്ദേഹത്തിന്റെ ഭാഷക്കു പ്രാബല്യം ഉണ്ടായതിനെപ്പററി അത്ഭുതപ്പെടുവാനുമില്ല. അതുകൊണ്ടു തന്നെയാണ് ഇംഗ്ലീഷ് ഭാഷ പഠിക്കുന്ന കാൎയ്യത്തിൽ നമ്മുടെ ശ്രദ്ധയും കൂടി പതിയേണമെന്നു ഞാൻ നിങ്ങളോടു ശുപാൎശ ചെയ്യുന്നത്.

വിശേഷിച്ച് ഇപ്പോഴത്തെപ്പോലെത്തന്നെ ഇംഗ്ലീഷുഭാഷാഭ്യാസത്തിൽ നമ്മൾ വൈമുഖ്യം കാണിക്കുന്നു എന്നു വരികിൽ നാം വെട്ടിത്തെളിയിക്കേണമെന്നു വിചാരിക്കാൻ ആലോചിക്കുന്നതായ നമ്മുടെ അഭ്യുദയമാൎഗ്ഗം കുറേക്കൂടി ദുൎഗ്ഗമമായിത്തന്നെ വരുവാനെ എടയുള്ളു.

അതിനു ദൃഷ്ടാന്തം എന്തെന്നാൽ നാം ഏതെങ്കിലും ഒരു സംഗതിക്കു ഗവൎമ്മേണ്ടിലേക്കു ഒരു ഹരജി കൊടുക്കേണ്ടതായി വരുന്നു എങ്കിൽ അത് ഇംഗ്ലീഷുഭാഷയിലായിരുന്നാലല്ലാതെ അധികൃതന്മാരുടെ ശ്രദ്ധക്കു വിഷയീഭവിക്കയില്ലെന്നായിത്തീൎന്നിരിക്കകൊണ്ടു നമുക്കു അന്യസഹായം ആവശ്യപ്പെടേണ്ടി വരുന്നതും അതിലേക്കു തക്ക ഒരു സംഖ്യ ഫീസ്സു കൊടുക്കേണ്ടി വരുന്നതായ ഒരു നഷ്ടത്തിനു പുറമെ നാം നമ്മുടെ സ്വഭാഷയിൽ പറഞ്ഞു കൊടുക്കുന്ന സംഗതികളെ വേറൊരു വിധത്തിൽ തെററി ധരി

ച്ചു ഒന്നിനൊന്നായി തയ്യാറാക്കുന്ന ഹരജി ശരിയായി രിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഒപ്പിട്ടയക്കാനിട വന്നേക്കാവുന്നതും തന്നിമിത്തം നമുക്കു അപരിമിതമായ നഷ്ടമായിരിക്കും ഫലമെന്നു വന്നേക്കാവുന്നതുമാണ്. ഇങ്ങിനെ ഓരോ സംഗതികളും വെളിവായി പറയുന്നതായാൽ അതുകൊണ്ടു തന്നെയൊരു ദീൎഘലേഖനമാവാൻ ധാരാളം സംഗതികൾ ഉണ്ട്. ചുരുക്കിപ്പറയുന്നതായാൽ ഇംഗ്ലീഷില്ലാതെ ഒരു കച്ചേരിസ്ഥലങ്ങളിലും മററു പബ്ളിക സ്ഥലങ്ങളിലും ഒരു കാൎയ്യവും സാധിക്കുന്നതിനു നിവൃത്തിയില്ലെന്ന് ആയിരിക്കുന്നു.

നാടോടുമ്പോൾ നടുവെ എന്നും കാലംപോലെകോലമെന്നും മററുമുള്ള പഴമൊഴികൾ അനുസരിച്ചു കാലാനുസരണം കൂടാതെ കഴികയില്ലെന്നു വന്നിട്ടുള്ളതായ ഇംഗ്ലീഷു ഭാഷ കൂടി അഭ്യസിക്കേണ്ടത് അത്യാവശ്യമായി പരണമിച്ചിരിക്കുന്നു.

ഇതുകൾക്കും പുറമെ ഓരോ ശാസ്ത്രസംബന്ധമായും ചരിത്രസംബന്ധമായും എത്ര ഗ്രന്ഥങ്ങളാണ് നമുക്കത്യാവശ്യം അറിയേണ്ടതായിട്ടു ഈ ഭാഷയിൽ ഉള്ളതെന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും കണക്കും കയ്യുമില്ലാ.

ഇനി ഒരു സംഗതികൂടി ഇവിടെ പറയാം. അതായത് ഓരോ വിശേഷസംഭവങ്ങൾ ഓരോ രാജ്യങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനെ നമുക്കറിയേണമെങ്കിൽ അതിനും ഇംഗ്ലീഷിൻെറ സഹായം വേണ്ടിയിരിക്കുന്നു. പക്ഷെ ആ സംഗതികൾ ഇംഗ്ലീഷു പഠിക്കാതെ തന്നെ നമ്മൾ ഇപ്പോൾ അറിയുന്നില്ലെ എന്നു ചോദിക്കയാണെ

കിൽ അതുകൾ രണ്ടോ, മൂന്നോ അതിലധികമോ മാസങ്ങൾ കഴിഞ്ഞതിന്റെ ശേഷം നൂററുക്കൊന്ന വീതം അറിയാനിട വന്നാൽ ഭാഗ്യം എന്നല്ലാതെ മുഴുവൻ സംഗതിയും അപ്പഴപ്പോൾ സവിസ്തരമായി അറിയുന്നുണ്ടെന്ന ഞാൻ വിചാരിക്കുന്നില്ല.

അല്ലയോ മാന്യന്മാരേ, ഒന്നുകൊണ്ടും ഇംഗ്ലീഷുഭാഷ പഠിച്ചിട്ടും അതിനെ മാനിച്ചിട്ടും അശേഷം ആവശ്യമില്ലാത്തതായ സ്വതന്ത്രരാജ്യങ്ങളിൽ പോലും ഇംഗ്ലീഷുവിദ്യാഭ്യാസം വളരെ നിഷ്കർഷയായി ചെയ്യിക്കുന്നുണ്ട്. അതിന്റെ പ്രധാനകാരണം മുൻ പ്രസ്താവിച്ച ആ ഭാഷയിലുള്ള ഗ്രന്ഥസുഭിക്ഷം തന്നെയാണ്. ആ വക ഗ്രന്ഥങ്ങളെയെല്ലാം അവരവരുടെ സ്വഭാഷയിൽ ആക്കിത്തീർക്കുന്നതിന്ന ഒരു പത്തു പുരുഷാന്തരക്കാലം യത്നിച്ചാലും സുസാദ്ധ്യമല്ലെന്ന അവക്ക നല്ല ബോദ്ധ്യമുള്ളതുകൊണ്ടും ആ ഭാഷ തന്നെ അഭ്യസിക്കുന്നതു എളുപ്പമെന്ന കണ്ടതുകൊണ്ടുമാണ്. അങ്ങിനെ സകല മഹാശക്തികൾ കൂടിയും ഇത്ര കൊണ്ടാടുന്ന ഒരു ഭാഷയെ ഈ ഭൂമിയിൽ ഒരു മൂലയുടെ അററത്തു വസിക്കുന്നവരും ഏററവും സംഖ്യ ചുരുങ്ങിയവരുമായ നാമാകുന്ന മലയാളബ്രാഹ്മണവർഗ്ഗക്കാർ മാത്രം നാം പിടിച്ച മുയലിന്ന കൊമ്പു രണ്ടെന്ന പറയുന്നതുപോലെ മർക്കടമുഷ്ടി പിടിച്ചുകൊണ്ടിരുന്നിട്ടു എന്താണു പ്രയോജനമുണ്ടാകുവാനുള്ളതെന്നും അതുകൊണ്ടു നമുക്കു ഗുണമോ ദോഷമോ എന്നുമുള്ള സംഗതികളെ നിങ്ങൾ തന്നെ സാവധാനത്തിൽ നല്ലപോലെ പര്യാലോചിച്ചു തീർച്ചപ്പെടുത്തുവിൻ!

ഇങ്ങിനെ പറഞ്ഞതുകൊണ്ടു സംസ്കൃതഭാഷ പഠിച്ചിട്ടു ആവശ്യമില്ലെന്നും ഇംഗ്ലീഷു മാത്രംപഠിച്ചാൽ മതിയെന്നും ഞാൻ പറയുന്നു എന്നു നിങ്ങൾ ഒരിക്കലും വിചാരിച്ചുപോകരുത്.

നാം നമ്മുടെ ജാതിധൎമ്മാചാരങ്ങൾ അനുസരിച്ചു വേണ്ടവയെല്ലാം പഠിക്കേണമെന്നും ആ കൂട്ടത്തിൽ ഇംഗ്ലീഷുഭാഷയും കൂടി അഭ്യസിക്കേണ്ടതാണെന്നും മാത്രമേ പറയുന്നുള്ളു. ഇതുകൾ എല്ലാം കൂടി പഠിക്കേണ്ടതിലേക്കു ഗവൎമ്മെണ്ടിൽ നിന്നും പരോപകാരാൎത്ഥമായി നടത്തിപ്പോരുന്ന പാഠശാലകൾകൊണ്ടു മതിയാകാത്തതും അങ്ങിനെയുണ്ടെങ്കിൽ തന്നെയും നമ്മുടെ വേദപാഠം കഴിഞ്ഞിട്ടു വേണ്ടിവരുന്നതുകൊണ്ടു സാധാരണ പാഠശാലകളിൽ ചെന്നു പഠിക്കുന്നതു വളരെ അസൌകൎയ്യമായി തീരുന്നതും ആകയാൽ നമ്മുടെ വൎഗ്ഗക്കാൎക്കു പ്രത്യേകമായി ഒരു പാഠശാല നാം തന്നെ ശ്രമിച്ചുണ്ടാക്കേണ്ടതും ആയിരിക്കുന്നു.

എടപ്പള്ളി ശങ്കരരാജാ.

39943